തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഇത് കേന്ദ്രഗവൺമെൻറിൻെറ കീഴിൽ നടക്കുന്ന എൻ.സി.ഇ. ആർ. ടിയുടെ നിർദ്ദേശാനുസരണം, അവരുടെ നിയന്ത്രണത്തിൽ നടക്കുന്ന ഒരു സ്ഥാപനമാണ്. അതിൻെറ അഡ്മിനിസ്ട്രേറീവ് കൺട്രോൾ മാത്രമാണ് ഗവൺമെൻറിനുള്ളത്. ഗവൺമെൻറ് അവിടത്തെ ട്രെയിനിംഗിൻെറ ഗുണനിലവാരം ഉയർത്തുക, വിദ്യാഭ്യാസം പരിഷ്കരിക്കുക, അവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുക ഇതൊക്കെയാണ് പ്രധാനമായും ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾക്ക് ഗവൺമെൻറിൽനിന്ന് യാതൊരു ധനസഹായവും നൽകുന്നില്ല. അവരുടെ അപ്പോയിൻറ്മെൻറ്, അവരുടെ ശമ്പളം എന്നീ കാര്യങ്ങളിൽ ഗവൺമെൻറിന് ഇടപെടാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ ഇടപെടാൻ ഗവൺമെൻറ് തീരുമാനിച്ചാൽ സഹകാര്യ വിദ്യാലയരംഗത്ത് ഇടപെടുകയും അവസാനം അവർക്ക് ഗവൺമെൻറ് ശമ്പളം കൊടുക്കുകയും ചെയ്യേണ്ട ഒരു സ്ഥിതിഗതി ഉണ്ടാകും. അത് ഗവൺമെൻറിൻെറ ഒരു സാമ്പത്തിക പ്രശ്നമാണ്. അതിന് തയ്യാറുണ്ടെങ്കിൽ ഈ നിർദ്ദേശങ്ങളെല്ലാം നല്ലതായിരിക്കും. അല്ലാത്ത പരിതസ്ഥിതിയിൽ ഇപ്പോഴത്തെ നിലവിലിരിക്കുന്ന നിയമത്തിന് അതീതമായി ഈ മേഖലയിൽ ഗവൺമെൻറ് ഇടപെടുന്നത് ഭംഗിയായിരിക്കുകയില്ല. എങ്കിലും മാനേജുമെൻറിൻെറ കോൺഫറൻസുകൾ കൂടക്കൂടെ വിളിച്ചുകൂട്ടി അവരുടെ സേവന വ്യവസ്ഥകളൊക്കെ ന്യായമായി നടത്തണമെന്ന് ഗവൺമെൻറ് പ്രേരണ ചെലുത്താറുണ്ട്.

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമത് റിപ്പോർട്ട് ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ടു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കമാൻഡ് ഏരിയാ വികസന ബിൽ

Law and Irrigation Minister (**Shri K. M. Mani**) : Sir, I move that the Kerala Command Areas Development Bill, 1986, as reported by the Subject Committee be taken into consideration.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. എം. മാണി : സർ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ചെയ്ത ബിൽ ഞങ്ങൾ മൂന്നു പ്രാവശ്യം സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നുകൊണ്ട് ബില്ലിലെ എല്ലാ വ്യവസ്ഥകളും വളരെ ഗൗരവമായി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുകയുണ്ടായി. അതിൽ ആവശ്യമില്ലെന്നു കണ്ട ചില വകുപ്പുകളും നീക്കം ചെയ്തിട്ടുണ്ട്. ആവശ്യമെന്നു തോന്നിയ ചില വ്യവസ്ഥകളും കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലെ ചർച്ചയിൽ രണ്ടു പ്രധാനപ്പെട്ട ആവശ്യങ്ങളും ഉന്നയിക്കപ്പെട്ടിരുന്നതിൽ—ഒന്നു ഈ ആയക്കെട്ടു എന്നു പറയുന്നതു നമ്മുടെ ഒറിജിനൽ ബില്ലിനകത്തു ജലസേചന പദ്ധതികളുടെ ആയക്കെട്ടുകളും എന്നാണു പറഞ്ഞിരുന്നതു. അപ്പോഴും ജലസേചന പദ്ധതികളുടെ ആയക്കെട്ടു എന്നു പറഞ്ഞതു വ്യക്തമല്ലെന്നും ചെറുകിട ജലസേചന പദ്ധതികളുടെ ആയക്കെട്ടു കൂടി ഈ കമാൻഡു ഏരിയായിലേക്കു കൂട്ടിച്ചേർക്കണമെന്നും പൊതുവേ ഒരു അഭിപ്രായം ഉന്നയിക്കുകയുണ്ടായി. സബ്ജക്ടു കമ്മിറ്റിയുടെ ചർച്ചാവേളയിൽ അതു പരിഗണിക്കാമെന്നു ഞാൻ പറയുകയുണ്ടായി.

അതുപോലെ തന്നെ രണ്ടാമത്തെ ഒരുദ്ദേശ്യം ഉയർന്നു വന്നതു മറ്റു സംസ്ഥാനങ്ങളിലെ ബില്ലുകളിൽ നിന്നു വ്യത്യസ്തമായി ഇവിടെ കർഷക പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടില്ല. ഇപ്പോഴും ആയക്കെട്ടിനെ സംബന്ധിച്ചിടത്തോളം പൈപ്പു ഔട്ടുലെറ്റിന്റെ പുറത്തുള്ള മേഖലയിൽ നീർച്ചാലുകളൊക്കെ നിർമ്മിക്കുകയും ഭൂമി വികസിപ്പിക്കുകയുമൊക്കെ ചെയ്യുന്ന പ്രക്രിയയിൽ കർഷക പങ്കാളിത്തമുണ്ടെങ്കിൽ വളരെ പ്രയോജനകരമായിരിക്കും. കർഷക സമിതികളും ഇവിടെ ഇല്ല എന്നു പറയുകയുണ്ടായി. അതും സബ്ജക്ടു കമ്മിറ്റിയുടെ ചർച്ചാവേളയിൽ പരിഗണിക്കാമെന്നു പറയുകയുണ്ടായി. അതു കഴിഞ്ഞു ഞങ്ങൾ സബ്ജക്ടു കമ്മിറ്റി കൂടിയപ്പോഴും ഈ രണ്ടു ആശയങ്ങളും ഈ ബില്ലിനകത്തു ഉൾപ്പെടുത്തണമെന്നു യൂനാനിമസ്സായിട്ടു ഒരഭിപ്രായമുണ്ടായി. അതനുസരിച്ചു ചെയ്തിരിക്കുന്ന രണ്ടു മാറ്റങ്ങളും എന്നു പറയുന്നതു; ആദ്യത്തെ ബില്ലിൽ ജലസേചന പദ്ധതികളും എന്നു പറഞ്ഞിട്ടുള്ളതു സ്വാഭാവികമായും ഉൾപ്പെടുമെങ്കിലും അതിനു ഒരു ക്ലാരിറ്റി വരുത്തുന്നതിനുവേണ്ടി ചെറുകിട ജലസേചന പദ്ധതികളെ കൂടി ജലസേചന പദ്ധതികളുടെ ആയക്കെട്ടിലുൾപ്പെടുത്താനുള്ള നിർദ്ദേശം വച്ചു. അതിനുവേണ്ടി രണ്ടു കാര്യങ്ങളും ചെയ്തു. രണ്ടാം വകുപ്പു 12-ാം ഉപവകുപ്പിൽ ജലസേചന പദ്ധതി എന്നു പറയുന്നതു വൻകിട ചെറുകിട കമ്മ്യൂണിറ്റി ഇറിഗേഷൻ എന്നീ ചെറുകിട ജലസേചന പദ്ധതികളും കൂടി ഉൾപ്പെടുന്നതാണു എന്നു കൂട്ടിച്ചേർക്കുകയും 16, 17, 19 എന്നീ ഉപവകുപ്പിരിവുകളിൽ അതിന്റെ ഡെഫനിഷൻസു കൊണ്ടു വരികയും ചെയ്തു; വൻകിട ജലസേചന പദ്ധതികളും എന്നു പറയുന്നതു 10,000 ഹെക്ടറിനു മുകളിലുള്ള പദ്ധതിയും ഇടത്തരം പദ്ധതി എന്നു പറയുന്നതു 2,000 മുതൽ 10,000 ഹെക്ടർ വരെയുള്ള പദ്ധതിയും ചെറുകിട പദ്ധതി എന്നു പറയുന്നതു ഇതു രണ്ടും അല്ലാത്ത പദ്ധതികളുമാണു. കമ്മ്യൂണിറ്റി ഇറിഗേഷൻ എന്നു പറയുന്നതു ക്ലാസു മൂന്നിലാണു ഉൾപ്പെടുത്തിയിരിക്കുന്നതു. 5 മുതൽ 50 ഹെക്ടർ വരെയുള്ള ജലസേചന പദ്ധതികളും കർഷക പങ്കാളിത്വത്തോടുകൂടി നടപ്പിലാക്കുന്നതുമാണു എന്ന നിർവ്വചനം ക്ലാരിഫൈ ചെയ്തുകൊണ്ടു നിയമസഭയിൽ അഭിപ്രായപ്പെട്ടതനുസരിച്ചുള്ള ക്ലാരിഫിക്കേഷൻ സബ്ജക്ടു കമ്മിറ്റിയുടെ ഒരു ചർച്ചാവേളയിൽ കൊണ്ടുവരികയുണ്ടായി. അതനുസരിച്ചുള്ള നിർദ്ദേശത്തോടുകൂടിയുള്ള വ്യവസ്ഥകളും ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ ബില്ലുകളിലുള്ളതുപോലെ കർഷകരുടെ പങ്കാളിത്തം വേണം. കർഷക സമിതികളും വേണം എന്നുള്ളതു ഇങ്ങോട്ടുകൂടി കൂട്ടിച്ചേർത്താലെന്തെന്നുള്ള ഒരു ചിന്ത കഴിഞ്ഞ നിയമസഭയിലെ ചർച്ചാവേളയിലുണ്ടായതിനും ഇവിടെ രൂപം നൽകുകയുണ്ടായിട്ടുണ്ട്. അതനുസരിച്ചു വിവിധങ്ങളായ കർഷകസമിതികളും വിവിധങ്ങളായ ഫോറങ്ങളിൽ രൂപീകരിക്കാനുള്ള നിർദ്ദേശമുണ്ടു. ഒന്നു, പൈപ്പു

LIBRARY ARCHIVES Kerala Legislative Assembly

ഔട്ട്ലെറ്റിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഒരു പൈപ്പ് ഔട്ട്ലെറ്റിന്റെ പുറത്തേക്ക് വെള്ളം ഒഴുകുന്നത് ഏതാണ്ട് 40 ഹെക്ടർ സ്ഥലം വരും. ആ ഏരിയായിലെ ഗുണഭോക്താക്കളായ കർഷകരുടെ അസോസിയേഷൻ രൂപീകരിക്കാനുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അതുപോലെതന്നെ ഇങ്ങനെ നിരവധി പൈപ്പ് ഔട്ട്ലെറ്റുകളും കൂടിച്ചേരുന്ന കനാലുകളുണ്ട്. ആ ഓരോ കനാലിനും ഓരോ കനാൽ കമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശമുണ്ട്. നിരവധി കനാലുകളും ചേർന്നതാണ് ഒരു പ്രോജക്ട്, അതിന് ഒരു പ്രോജക്ട് കമ്മിറ്റിയും ഒരു അഡ്വൈസറി കമ്മിറ്റിയും രൂപീകരിക്കാനുള്ള നിർദ്ദേശങ്ങളും ഇതിനകത്തുണ്ട്. ആ നിലയ്ക്ക് വൻകിട ഇടത്തരം ചെറുകിട കർഷക സമിതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

അതുപോലെതന്നെ സാമൂഹ്യ ജലസേചന പദ്ധതിയ്ക്ക് ചില ഗൈഡ് ലൈൻസുണ്ട്. സാമൂഹ്യ ജലസേചന പദ്ധതി, അതിന്റെ കൈവശം അല്ലെങ്കിൽ പ്രയോജനം കർഷക സമിതികളെ ഏൽപ്പിക്കുമ്പോൾ അവരവരുടെ ചുമതലകൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ തിരിച്ച് അത് ഗവൺമെന്റിലേക്ക് വരുന്നതായിരിക്കുമെന്ന്, ഒരു സേഫ്ഗാർഡു കൂടി ഇതിനകത്ത് എഴുതി ചേർക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഒരു രീതിയിൽ പറഞ്ഞാൽ നിയമസഭയിൽ നിന്നും ഉന്നയിക്കപ്പെട്ട പുതിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി ഈ രണ്ടാശയങ്ങളും യുക്തിനിമസായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ചെറുകിട ജലസേചന ആയക്കെട്ടുകളെ കമാൻഡ് ഏരിയ എന്ന് വിവക്ഷിക്കണമെന്നും കർഷക പങ്കാളിത്തം ഉറപ്പുവരുത്തണമെന്നുമുള്ള രണ്ട് നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം സബ്ജക്ട് കമ്മിറ്റിയിൽ ഭിന്നാഭിപ്രായമില്ല. അത് യുക്തനിമസായിട്ട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മറ്റു ചില കാര്യങ്ങളിൽ ഡിസെൻറിംഗ് നോട്ടുണ്ട്. ആ ഡിസെൻറിംഗ് നോട്ട് എന്നു പറയുന്നത് അതിന്റെ വിശദാംശങ്ങളാണ്. അതായത് അതോറിറ്റിയുടെ രൂപീകരണമാണ്. 24 അംഗങ്ങൾ ഈ അതോറിറ്റിയിലുണ്ട്. അതോറിറ്റിയിലെ 24 മെമ്പർമാരിൽ 10 പേർ കർഷകരുടെ പ്രതിനിധികളാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ അതോറിറ്റിക്ക് ഒരു ചെയർമാനുണ്ട്. ചെയർമാൻ ഇറിഗേഷന്റെ സെക്രട്ടറിയാണ്. അഡ്മിനിസ്ട്രേറ്ററാണ് ചീഫ് എക്സിക്യൂട്ടീവ്. വാട്ടർ മാനേജുമെന്റ് സ്പെഷ്യലിസ്റ്റാണ് അതിന്റെ സെക്രട്ടറി. 24 മെമ്പർമാരുണ്ട്. 2 എം. എൽ. എ. മാർ ഇതിനകത്തെ മെമ്പർമാരായിരിക്കും. അതുപോലെതന്നെ 10 കർഷക പ്രതിനിധികളുണ്ടായിരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ അതിനകത്തുള്ള ഡിസെൻറിംഗ് നോട്ട് എന്ന് പറയുന്നത് എം. എൽ. എ: മാരെ സംബന്ധിച്ചിടത്തോളം Nomination by Government എന്ന് പറയുന്നതിന് പകരം കർഷക പ്രതിനിധികളെ സംബന്ധിച്ചിടത്തോളം 10 പേരെ നോമിനേറ്റ് ചെയ്യുന്നതിനു പകരം ആയക്കെട്ട് ഏരിയായിലുള്ള കർഷക പ്രതിനിധികളിൽ നിന്നോ അസോസിയേഷനിൽ നിന്നോ തെരഞ്ഞെടുപ്പ് നടത്തണമെന്ന് ഒരു പ്രധാനപ്പെട്ട വിഷയം ഉന്നയിച്ചിട്ടുണ്ട്. അത് അപ്രായോഗികമാണ്. തെരഞ്ഞെടുപ്പിന് പകരം നമുക്ക് നോമിനേഷൻ മതിയാകുന്നതാണ്. അതുപോലെ തന്നെ എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളം ആയക്കെട്ട് ഏരിയായിലെ മുഴുവൻ എം. എൽ. എ. മാരും വേണമെന്ന് ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അത് അപ്രായോഗികമാണ്. വളരെ unwieldy യാകും ബോഡി. ചിലപ്പോൾ ഒരു ആയക്കെട്ടിനകത്ത് രണ്ടു-മൂന്നു ജില്ലകളിലെ മുഴുവൻ എം. എൽ. എ. മാരും കൂടെ വരുമ്പോൾ വളരെ unwieldy യാകുന്നതുകൊണ്ട് ആ ആയക്കെട്ടിനെ പ്രതിനിധീകരിച്ചുകൊണ്ട് രണ്ട് എം. എൽ. എ. മാർ എന്നാണ് ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത്. അപ്പോൾ ആ ഡിസെൻറിംഗ് നോട്ടും സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഔദ്യോഗിക അംഗങ്ങൾക്ക് ഈ അതോറിറ്റിക്കകത്ത് ഭൂരിപക്ഷമുണ്ട്. അനൗദ്യോഗിക അംഗങ്ങൾക്ക് ഭൂരിപക്ഷമില്ലെന്ന് ഒരു അഭിപ്രായം വന്നിട്ടുണ്ട്. അങ്ങനെയൊന്നുമില്ല. ഇതിനകത്ത് വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ഏകോപനത്തിൽ കൂടി ആ പ്രദേശത്തെ ഭൂമി വികസിപ്പിച്ച് എടുക്കുകയാണ്. ഗവൺമെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളെ ഏകോപിപ്പിക്കുകയാണ്. അപ്പോൾ ഈ ഡിപ്പാർട്ടുമെൻറിലെ മുഴുവൻ ഉദ്യോഗസ്ഥൻമാരും വരണമെന്നുള്ളത് ഏറ്റവും വലിയ ആവശ്യമാണ്. പക്ഷെ അതോടൊപ്പം തന്നെ തുല്യമായ ഒരു പ്രാതിനിധ്യം നോൺ-ഒഫിഷ്യൽസിനും ഇതിനകത്തുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. നിയമനങ്ങൾ പി. എസ്. സി. ക്ക് വിടണമെന്ന് ഇതിനകത്ത് ഒരു അഭിപ്രായം വന്നിട്ടുണ്ട്. വാസ്തവത്തിൽ സാധാരണ അതോറിറ്റിയിലുള്ളതുപോലെ ധാരാളം നിയമനങ്ങളൊന്നും ഇതിനകത്തില്ല. നാലോ അഞ്ചോ പേരാണ് ആവശ്യമായിട്ടുള്ളത്. ഒരു പ്യൂണോ അറ്റൻറോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മിനിമം സ്റ്റാഫാണ് വേണ്ടത്, അത് മുഖ്യമായും ഡെപ്യൂട്ടേഷനിലാണ് എടുക്കുന്നത്. അങ്ങനെയുള്ള രണ്ടോ മൂന്നോ നിയമനങ്ങൾ പി. എസ്. സി. ക്ക് വിടണമെന്ന് പറഞ്ഞാൽ ഇത് സാധാരണയുള്ള കോർപ്പറേഷനെപ്പോലെയോ ബോർഡിനെപ്പോലെയോ ഉള്ള ഒരു ബോർഡല്ല. അതുകൊണ്ട് ഈ നിയമനങ്ങൾ പി. എസ്. സി. ക്ക് വിടണമെന്ന് പറയുന്നതിൽ വലിയ പ്രസക്തിയില്ല.

അതുപോലെ തന്നെ ജലസേചന സംവിധാനത്തിന് കേടുപാടു വരുത്തുന്നവരെ കസ്റ്റഡിയിലെടുക്കാനുള്ള അധികാരം ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. കേടുപാടു വരുത്തുന്നവരെ കസ്റ്റഡിയിലെടുക്കുന്നതിനുള്ള അധികാരം നല്ലതാണ്. ആന്ധ്രയിലും മറ്റു സംസ്ഥാനങ്ങളിലുമുള്ള ബില്ല് ഇതിനേക്കാൾ വളരെ റിഗറസാണ്. അതുപോലെത്തന്നെ ഒരു നല്ല കാര്യം ചെയ്തിട്ടുണ്ട്. 43-ാമത്തെ വകുപ്പിൽ സാക്ഷികളെ വരുത്തി വിസ്തരിക്കുമ്പോൾ വിസ്തരിക്കാനും സമൻസ് ചെയ്യാനും സിവിൽ കോടതിയുടെ അധികാരം അവർക്കുണ്ടായിരിക്കുന്നതാണ് എന്ന് ഒറിജിനൽ ബില്ലിൽ വ്യവസ്ഥയുണ്ടായിരുന്നു. അത് സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ മാറ്റണമെന്ന് മെമ്പർമാർ പറഞ്ഞു. അത് ആദരിച്ചുകൊണ്ട് ഗവൺമെൻറ് തയ്യാറായി. സിവിൽ കോടതിയുടെ അധികാരമൊന്നുമല്ല സമൻ ചെയ്യാനും അവരെ വിസ്തരിക്കാനുമുള്ള അധികാരം കൊടുത്തിട്ടുണ്ട് എന്നുള്ളതല്ലാതെ സിവിൽ കോടതിയുടെ അധികാരമെന്ന് പറഞ്ഞ് എടുത്തുകളഞ്ഞിട്ടുണ്ടെങ്കിൽപോലും അതിനെ സംബന്ധിച്ച് ചില ഡിസെൻറിംഗ് നോട്ട് വന്നിട്ടുണ്ട്. ഇതിൻെറ ആശയപരമായ, പൊതുവായ അടിസ്ഥാനപരമായ കാര്യങ്ങളിൽ സബ്ജക്ട് കമ്മിറ്റിക്ക് അഭിപ്രായ വ്യത്യാസമില്ല. ഇത് യുനാനിമസായിട്ടുള്ള റിപ്പോർട്ടാണ്. വിശദാംശങ്ങളിലേക്ക് കടക്കുമ്പോൾ ചില വകുപ്പുകളെപ്പറ്റി ചില വ്യത്യാസങ്ങൾ സബ്ജക്ട് കമ്മിറ്റി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിലെ മിക്ക കാര്യത്തിലും ആംഗ്ലൈറ്റിയുടെ കാര്യമില്ല. അതുകൊണ്ട് ഇപ്പോൾ റിപ്പോർട്ട് ചെയ്ത രീതിയിൽ ഈ ബിൽ പാസാക്കിത്തരണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുന്നു.

ശ്രീ.ടി.കെ.ഹംസ: സർ, ബില്ലിൻെറ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ഭിന്നാഭിപ്രായമില്ല. ഇത്തരത്തിലുള്ള പല ബില്ലുകളും അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള അതോറിറ്റികളുടെ പ്രായോഗികമായ സമീപനത്തിലാണ് ചില അഭിപ്രായ വ്യത്യാസങ്ങളുള്ളത്. പ്രായോഗികമായ സമീപനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും ഈ ബില്ലിൻെറ അടിസ്ഥാനത്തിൽ വരുന്ന അതോറിറ്റിയിലും ഉണ്ടായേക്കാൻ ഇടയുള്ളതുകൊണ്ട് ചില അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ മാത്രമേ ഞങ്ങൾ ഭിന്നാഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തിയിട്ടുള്ളൂ. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ച നടന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ ഞങ്ങളും പറയാൻ ഉദ്ദേശിക്കുന്ന വസ്തുതകളും വളരെ ഗൗരവതരമായി പരിഗണിക്കേണ്ടതായിരുന്നു. ഈ അതോറിറ്റികളിൽ ഇന്ന് മന്ത്രിമാർ തമ്മിൽ മൽസരമാണ്. ഒരു ആട്ടോണമസ് ബോഡി എന്ന നിലയ്ക്ക് ഓരോ അതോറിറ്റിക്കും സാധന സാമഗ്രികളും വാങ്ങാനും അതിൽ ജോലിക്കാരെ നിയമിക്കാനുമുള്ള അധികാരവും കാശുകളും ഗവൺമെന്റിന്റെ മറവ് മെഷിനറികളെ അതിലംഘിച്ചുകൊണ്ട് കൈകാര്യം ചെയ്യാനുള്ള പൂർണ്ണമായ അധികാരം എടുക്കുന്നതിനുവേണ്ടിയാണ് മന്ത്രിമാർ തമ്മിൽ ഈ അതോറിറ്റി മൽസരം ഇവിടെ നടത്തുന്നത്. ഇപ്പോൾ എത്ര അതോറിറ്റികളാണ് ഇവിടെയുള്ളത്? ഓരോ മന്ത്രിമാർക്കും ഓരോ അതോറിറ്റി. വാട്ടർ അതോറിറ്റി, തൊഴിലാളി ക്ഷേമ ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമബോർഡ് വേറെ, മൽസ്യത്തൊഴിലാളി ക്ഷേമ ബോർഡ്, പ്രീഡിഗ്രിബോർഡ്, ഈ ബോർഡുകളുടെയൊക്കെ ഉദ്ദേശലക്ഷ്യങ്ങളിൽ എതിരഭിപ്രായമുള്ളതുകൊണ്ടല്ല. ഇതെല്ലാം അധികാര ദുർവിനിയോഗം നടത്താൻ ഉപയോഗിക്കുന്നു. ഈ ബോർഡുകളുടെ രൂപീകരണത്തെ സംബന്ധിച്ചുള്ള അപാകതകളും അഭിപ്രായവ്യത്യാസങ്ങളുമൊക്കെ കൂടുതലായി ഞാൻ ഇപ്പോൾ പറയുന്നില്ല. മറ്റു മെമ്പർമാർ പറയും.

സർ, ഈ ബോർഡിൽ ഇങ്ങനെ മന്ത്രിമാർ തമ്മിൽ മൽസരം നടത്തുന്നതിന് അടിസ്ഥാനപരമായ കാരണങ്ങളുണ്ട്. ബോർഡ് രൂപീകരിച്ചുകഴിഞ്ഞാൽ ഈ ബോർഡിന്റെ ആവശ്യത്തിന് സാധനസാമഗ്രികളും വാങ്ങാനുള്ള അധികാരം ഈ ബോർഡിന് മാത്രമായി സിദ്ധിക്കുന്നു. ആ ബോർഡിൽ ജോലിക്കാരെ നിയമിക്കാനുള്ള അധികാരം ആ ബോർഡിന് മാത്രമായി കിട്ടുന്നു. ഇതിന്റെ തിക്ത ഫലങ്ങളും പല ബോർഡുകളിൽ നിന്നും അനുഭവിക്കേണ്ടിവന്നിട്ടുള്ള വസ്തുതകളും ഉള്ളിൽവച്ചുകൊണ്ടാണ് ഈ ഭിന്നാഭിപ്രായക്കുറിപ്പ് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു പ്രധാന ബോർഡ് കഴിഞ്ഞപ്രാവശ്യം നമ്മളിവിടെ രൂപീകരിച്ചു. വെയ്സ്റ്റ്വാട്ടർ അതോറിറ്റിയായിട്ടാണ് തുടങ്ങിയത്. ജലസേചനവകുപ്പിന്റെ കീഴിൽ ഇപ്പോഴും അതു വെറും വാട്ടർ അതോറിറ്റിയായി നിൽക്കുന്നു. ആ വാട്ടർ അതോറിറ്റിയിൽ കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ള അപകടകരമായ സ്ഥിതിവിശേഷങ്ങളും വച്ചുനോക്കുമ്പോൾ ഈ അതോറിറ്റി അതിലും വലിയ അപകടങ്ങളും സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ടെന്നു ഞങ്ങൾക്ക് ബോദ്ധ്യമാകുകയാണ്. ഒന്നിലധികം അതോറിറ്റികളും രൂപീകരിക്കാനുള്ള അവകാശമാണ് ഈ ബില്ലുമൂലം ഗവൺമെന്റിന് കിട്ടുന്നത്. ഒരു വാട്ടർ അതോറിറ്റി കൊണ്ടുതന്നെ നമ്മൾ അനുഭവിക്കേണ്ടിവന്നിട്ടുള്ള പ്രയാസങ്ങളും നിരവധിയാണ്. അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള പൊതുജനാവലിയുടെ ചോർച്ച വളരെ വലുതാണ്. അപ്പോൾ നാലഞ്ച് അതോറിറ്റികളും കൂടിയുണ്ടായാൽ ഉണ്ടായേക്കാവുന്ന പ്രയാസമെന്താണ്? ഞാൻ ഒരു ഉദാഹരണം പറയാം, പൈപ്പ് കച്ചവടത്തിന്റെ കാര്യമൊന്നും ഒരു അഴിമതിയാരോപണമെന്ന നിലയ്ക്ക് ഞാൻ പറയുന്നില്ല. ഒരൊറ്റ ഉദാഹരണം പറയാം. 1982 മുതൽ 1984 വരെ സ്റ്റോർ പർച്ചെയ്സ് റൂൾ മറികടന്നുകൊണ്ട് 5828 സ്റ്റൂയിസ്വാൽവുകളാണ് ജലസേചനവകുപ്പു വാങ്ങിയത്. സ്പ്രേഞ്ചിംഗ് എഞ്ചിനീയറുടെ ടെണ്ടറിൻമേൽ ടോറ് കോൺട്രാക്റ്റുമൂലമാണ് ഇതു വാങ്ങിയിട്ടുള്ളത്. ഒരു സ്പ്രേഞ്ചിംഗ് എഞ്ചിനീയർക്ക് സ്റ്റോർ പർച്ചെയ്സ് റൂളനുസരിച്ച് പതിനായിരം ഉറുപ്പികയ്ക്ക് വരെയുള്ള സാധനസാമഗ്രികളും മാത്രമേ വാങ്ങാൻ നിയമപ്രകാരം അധികാരമുള്ളൂ. ഇവിടെ വാങ്ങിയിട്ടുള്ളത് 5828 സ്റ്റൂയിസ് വാൽവുകളാണ്. രണ്ടു കോടി അമ്പതു ലക്ഷം ഉറുപ്പിക. ഇത്രയും വിലയുള്ള സാധനങ്ങൾ വാങ്ങി ഈ 4 കൊല്ലം കൊണ്ട് എന്തുചെയ്തു? ഒന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഉപയോഗിച്ചത് എത്രയെണ്ണമാണെന്ന് ഈ സഭയിൽ പറയുന്നതിന് എനിക്ക് ചാരിതാർത്ഥ്യമുണ്ട്. 423 എണ്ണം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കിയുള്ളവ അനാവശ്യമായി കെട്ടിക്കിടക്കുകയാണ്. അതിന്റെ വില രണ്ടു കോടി മുപ്പതു ലക്ഷം ഉറുപ്പിക വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ആധികാരികമായ റിപ്പോർട്ടാണ്. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. ഇത്രയും വലിയ സംഖ്യ പൊതുഖജനാവിൽ നിന്നു മുടക്കിയത് 'എന്തിനുവേണ്ടിയാണ്? ഏത് ബോർഡിന് വേണ്ടിയാണ്? എന്തിനുവേണ്ടിയാണ് സ്ലൂയിസ്വാൽവ് ഉപയോഗിക്കുകയെന്ന് ഈ സഭയ്ക്കറിയാം. ഒരു പദ്ധതി കമ്മിഷൻ ചെയ്തു റിസർവോയറിൽ വെള്ളം നിറച്ചതിനുശേഷം അതിന്റെ മെയിൻകനാലിൽക്കൂടി വരുന്ന വെള്ളം ചെറിയ ഡിസ്ട്രിബ്യൂട്ടറുകളിലേക്ക് തിരിച്ചുവിടുമ്പോഴാണ് അത് അടയ്ക്കാനും തുറക്കാനുമുള്ള നിയന്ത്രണത്തിനാണ് സ്ലൂയിസ്വാൽവ് ഉപയോഗിക്കുന്നത്.

ശ്രീ. സിറിയക് ജോൺ: അയ്യായിരത്തിയെണ്ണൂറ്റി ചില്വാനം സ്ലൂയിസ് വാൽവ് വാങ്ങിയെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഈ വാങ്ങിയ വാൽവുകളെല്ലാം തന്നെ കേവലം പച്ചിരുമ്പുകൊണ്ടുണ്ടാക്കിയ വാൽവുകളാണെന്നും ഇത്തരത്തിലുള്ളതു ഇവിടെ ഉപയോഗിക്കാൻ പറ്റിയതല്ലെന്നും യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ട വാൽവുകളെല്ലാം ആയിരത്തിയഞ്ഞൂറോളം രൂപ വിലയ്ക്കുള്ളതാണെന്നും എന്നാൽ കോയമ്പത്തൂരുണ്ടാക്കിയ ഈ വാൽവുകൾക്ക് കേവലം 35 രൂപ വിലയുള്ളതിന് എണ്ണൂറിൽപ്പരം രൂപയുടെ ബില്ലാക്കിയിട്ട് അത്തരത്തിൽകൂടി ഒരു തട്ടിപ്പ് നടത്തിയതാണെന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ.ടി.കെ.ഹംസ: അത് എനിക്കറിയാം. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകേണ്ടെന്നേ വിചാരിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് പറയുകയാണ്. ഇത്രയും വാൽവ് സപ്ലൈ ചെയ്തിട്ടുള്ള കോയമ്പത്തൂരുള്ള കമ്പനി ഒരു കള്ളക്കമ്പനിയാണ്. അങ്ങനെയൊരു കമ്പനി യഥാർത്ഥത്തിൽ ഇല്ല. (അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ) ബഹുമാനപ്പെട്ട ഇന്ദിരാഗാന്ധിയുടെ പേരിൽ ഒരു ബോർഡ് വച്ച കറക്കുകമ്പനിയാണിത്. ഇത് മറ്റു സംസ്ഥാനങ്ങളിൽ വാൽവ് നിർമ്മിക്കുന്ന കമ്പനികളുടെ ഒരു ഏജൻസിയായി പ്രവർത്തിക്കുകയാണ്. മാത്രമല്ല രസകരമായ മറ്റൊരു കാര്യം, ഈ കറക്കു കമ്പനിയിൽനിന്ന് 5828 വാൽവ് വാങ്ങിയത് യഥാർത്ഥത്തിൽ ഇൻഡ്യയിലെ മുഴുവൻ കമ്പനികളിലും നിലവിലുള്ള മാർക്കറ്റ് റേറ്റിനേക്കാൾ ഒമ്പതിരട്ടി വിലയ്ക്കാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് മനസ്സിലാക്കണം. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. ഇത്ര മര്യാദകെട്ട നിലയ്ക്ക് ഇത്രയും ഭീമമായ സംഖ്യ അങ്ങയുടെ കയ്യിലുള്ള ഒരു അതോറിറ്റി കഴിഞ്ഞ രണ്ടര മൂന്നു കൊല്ലത്തിനിടയ്ക്ക് നശിപ്പിച്ചിട്ടുണ്ടെങ്കിൽ അങ്ങ് 5 അതോറിറ്റിയുണ്ടാക്കിയാൽ അതിന്റെ സ്ഥിതിയെന്തായിരിക്കും? വലിയകനാലിൽ നിന്നു ചെറിയ കനാലിലേക്ക് വെള്ളം തിരിച്ചുവിടുന്ന സ്ഥലത്ത് വെള്ളം നിയന്ത്രിക്കുന്നതിനായിട്ടുള്ള സാധനമാണ് ഈ സ്ലൂയിസ് വാൽവ്. റിസർവോയർ കമ്മിഷൻ ചെയ്തുകഴിഞ്ഞ് ജലം വിതരണം ചെയ്യുമ്പോഴാണ് ഈ സ്ലൂയിസ്വാൽവിന്റെ ഉപയോഗമുള്ളൂ. സ്ലൂയിസ് വാൽവുകളുടെ ഇത്രയും വലിയൊരു കൂമ്പാരം വാങ്ങിവച്ചത് ഏതു പദ്ധതിക്കാണ്? ഏതു പദ്ധതിയാണ് ഇപ്പോഴും ഇവിടെ കഴിഞ്ഞത്? കഴിയാത്ത പദ്ധതിക്ക് തറക്കല്ലുപോലുമിടാത്ത പദ്ധതിക്ക് മുൻകൂട്ടി ഇത്രയും വാൽവ് വാങ്ങിവച്ചത് എന്തിനാണ്? നമ്മുടെ രാജ്യത്ത് സാധനങ്ങളുടെ വില കൂടുകയാണ്. ഒരു പദ്ധതിയാവിഷ്കരിച്ചു പണി പൂർത്തിയാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഉൽഘാടനം കഴിയുമ്പോഴേക്കും 15 കൊല്ലം കഴിയും. ഈ 15 വർഷത്തിനിടയ്ക്ക് സ്റ്റൂയിസ്വാൽവിന്റെ വില വർദ്ധിച്ചുവരുന്നെങ്കിലോ എന്നു കരുതി ഈ രാജ്യത്തെ രക്ഷിക്കാൻവേണ്ടിയാണ് വാൽവ് വാങ്ങിയതെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഒരു കാര്യം പറയട്ടെ. നാമൊക്കെ മരിക്കുമെന്നു തീർച്ചയാണ്. മരിച്ചുകഴിഞ്ഞാൽ പൊതിഞ്ഞുകുഴിച്ചിടാനുള്ള തുണിക്ക് വില കൂടുമെന്നുള്ളതുകൊണ്ട് ഇപ്പോഴേത്തന്നെ അത് വാങ്ങിവച്ചു കൂടേ? ഇതു തുടങ്ങിയാൽ അഴിമതി നടക്കുന്ന സ്ഥിതിവിശേഷം ഈ നിയമത്തിൽ കാണുന്നുണ്ട്.

ശ്രീ. സിറിയക് ജോൺ: 21-ാം നൂറ്റാണ്ടിലേക്ക് നമ്മളെ അതിവേഗം കൂട്ടിക്കൊണ്ടുപോകുകയാണല്ലോ. 21-ാം നൂറ്റാണ്ടാകുമ്പോഴേക്കും വില വളരെ അധികം വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്നുള്ളതു മുൻകൂട്ടി കണ്ടുകൊണ്ട്, 21-ാം നൂറ്റാണ്ടിലേക്ക് നമ്മളെ കൈ പിടിച്ചുകൊണ്ടുപോകുന്ന പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ തന്നെ ഏറ്റവും ഉറ്റ അനുയായിയായിട്ടുള്ള ശ്രീ. ഗംഗാധരൻരാജ്യതാൽപ്പര്യം കണക്കിലെടുത്ത് മുൻകൂട്ടിത്തന്നെ വാൽവ് വാങ്ങിയത് ഒരു നല്ല നടപടിയായി ബഹുമാനപ്പെട്ട മെമ്പർ കാണേണ്ടതല്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഇത് ചോദ്യോത്തരവേളയാക്കി മാറ്റാൻ പാടില്ല.

ശ്രീ. ടി. കെ. ഹംസ: സർ, ഞാൻ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻഗാമി ഈ നിയമസഭയിൽ പറഞ്ഞ മറുപടിയാണ്. സാധനങ്ങൾക്ക് വില വർദ്ധിച്ചുവരികയാണ്. 15 കൊല്ലം കഴിഞ്ഞ് പദ്ധതി പൂർത്തിയാകുമ്പോഴേക്കും സ്റ്റൂയിസ്വാൽവിന് വില കൂടും. അപ്പോൾ പദ്ധതി തുടങ്ങുന്നതിന് മുമ്പുതന്നെ വാൽവ് വാങ്ങിച്ച് സൂക്ഷിച്ചാൽ ഇക്കാര്യത്തിൽ രക്ഷപ്പെടുമല്ലോ.

ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിക്ക് എല്ലാവർക്കും കിട്ടിയതുപോലെ നീളമുള്ള കാർ കിട്ടിയില്ല. നീളമുള്ള കാറിൽ നടക്കണമെന്ന് അദ്ദേഹത്തിനാഗ്രഹമുണ്ട്. അതിനുവേണ്ടി അദ്ദേഹം ബോർഡിന് ഒരു കാർ വാങ്ങിച്ചു. അദ്ദേഹം വിദേശയാത്ര നടത്തിയത് ഗവൺമെന്റ് ഖജനാവിൽനിന്ന് ടി. എ. വാങ്ങിക്കൊണ്ടല്ലെന്നാണ് പറഞ്ഞത്, പക്ഷേ ഇതു മുഴുവൻ എഴുതിയെടുത്തത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഫണ്ടിൽ നിന്നാണ്. ഒരു ബോർഡ് കൈയിലുണ്ടെങ്കിൽ ഇത്തരത്തിലുള്ള പല ആനുകൂല്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റാൻ സാധിക്കും. അതുകണ്ടപ്പോഴാണ് ശ്രീ. എം. പി. ഗംഗാധരന് വെയ്സ്റ്റ് വാട്ടർ അതോറിറ്റി വേണമെന്ന് തോന്നിയത്. ബഹുമാനപ്പെട്ട കെ. എം. മാണി മന്ത്രിയായതിനു ശേഷം കമാൻഡ് ഏരിയാ അതോറിറ്റി വേണമെന്ന് തോന്നി. ഇതുപോലെ തന്നെ തൊഴിലാളി ക്ഷേമനിധി ബോർഡും. അങ്ങനെ എല്ലാവർക്കും ബോർഡ് കിട്ടിയപ്പോൾ വിദ്യാഭ്യാസ മന്ത്രിക്കൊരാഗ്രഹം—ഒരു പ്രീഡിഗ്രി ബോർഡ് കിടക്കട്ടെ എന്ന്. അങ്ങനെ പ്രീഡിഗ്രി ബോർഡ് ഉണ്ടാക്കി, അതിനകത്തും ഇത്തരത്തിലുള്ള ഓർഡറുകളും നിയമനങ്ങളുമൊക്കെ സ്വന്തമായി നടത്താം. ഇതൊരു ശിഥിലീകരണ പ്രവർത്തനമാണ്. കൂട്ടുത്തരവാദിത്വമുള്ള ഒരു ജനാധിപത്യ മന്ത്രിസഭയുടെ സമീപനമല്ല. ഓരോരുത്തരും ബോർഡുണ്ടാക്കുകയാണ്. അങ്ങനെ ബോർഡുവീരൻമാർക്ക് ഓരോ വകുപ്പിലേയും തലവൻമാരായി വാഴ്ച നടത്തുന്നതിനുവേണ്ടിയാണ് ഈ ബോർഡ് രൂപീകരണമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ബോർഡിന്റെ ഘടനയിൽത്തന്നെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, വാൽവ് വാങ്ങി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അതിൽ വാങ്ങിക്കാൻ പറഞ്ഞ ആളെ ഒഴിവാക്കുകയും അതിന്റെ നിർദ്ദേശം അനുസരിച്ച പാവപ്പെട്ട കുറെ എഞ്ചിനീയർമാരെ ശിക്ഷിക്കുകയും യഥാർത്ഥ കുറ്റവാളി രക്ഷപ്പെടുകയും ചെയ്ത വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. ഹംസ : സർ, അത് ലോകത്തിന്റെ ഒരു സ്ഥിതിയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ദീർഘമായി സമയമെടുത്താൽ എല്ലാവർക്കും സംസാരിക്കാൻ സമയം കിട്ടുകയില്ല.

ശ്രീ. ടി. കെ. ഹംസ : സർ, കൃഷ്ണൻകുട്ടി ചോദിച്ച ചോദ്യം യഥാർത്ഥ കുറ്റവാളി രക്ഷപ്പെട്ടില്ലേ എന്നാണ്. അത് സർവ്വസാധാരണമാണ്. ലോകത്ത് പല സംഭവത്തിലും യഥാർത്ഥ കുറ്റവാളിയെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. അയാൾ രക്ഷപ്പെട്ടു സുഖമായി താടിക്ക് കൈയും കൊടുത്ത് സഭയിൽത്തന്നെ ഇരിക്കുന്നു. ആ യഥാർത്ഥ കുറ്റവാളിയെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. 'അദ്ദേഹം കഴിഞ്ഞപ്രാവശ്യം പറഞ്ഞല്ലോ എന്നെ നിങ്ങൾക്ക് പിടിക്കാൻ സാധ്യമല്ലെന്ന്. അത് ശരിയാണ്. ശരിയായ കള്ളൻമാർ ദേഹത്ത് എണ്ണ പുരട്ടിയാണ് കക്കാൻ പോകുന്നത്. കള്ളൻ പുറത്തുവരുമ്പോൾ വീട്ടുകാർ പിടിച്ചാൽ ഊരി ചാടി രക്ഷപ്പെട്ടു പോകും. അങ്ങനെയാണ്. താടിക്ക് കയ്യും കൊടുത്തിരിക്കുന്നത്. അപ്പോൾ യഥാർത്ഥ കുറ്റവാളിയെ പിടിക്കുക എന്നു പറഞ്ഞത് ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ വളരെ പ്രയാസമാണ്.

ശ്രീ. ബെന്നിബഹനാൻ : സർ, യഥാർത്ഥ കുറ്റവാളിയെ പിടിക്കാൻ പറ്റാത്തത് ഹംസ വക്കീലായിട്ടു വാദിക്കുന്ന കേസുകളിലാണ്. മറ്റു പല കേസുകളിലും യഥാർത്ഥ കുറ്റവാളികളെ പിടിച്ചതായി നമുക്കറിയാം.

ശ്രീ. ടി.കെ. ഹംസ : സർ, ഹംസ യഥാർത്ഥത്തിൽ കേസ് വാദിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ കോലത്തിൽ കോടതി മാറി മാറി നടക്കേണ്ടി വരികില്ലായിരുന്നു. എത്രാമത്തെ കോടതിയാണ് ഇപ്പോൾ മാറിയത് ? എത്ര കോടതി മാറിയാലും നിയമം നിയമമായിട്ടുതന്നെ നിൽക്കും. ഹംസ വാദിച്ചാൽ ഒരൊറ്റ കോടതികൊണ്ട് തീരും. ഇക്കാര്യത്തിൽ ബെന്നിക്ക് കുഴപ്പമുണ്ടാകാതിരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്.

ഞാൻ പറഞ്ഞു വരുന്നത്, ഈ അതോറിട്ടികളും നടത്തുന്ന അഴിമതി കണ്ട് സന്തോഷം പൂണ്ട മറ്റ് മന്ത്രിമാർ ഓരോരുത്തരും അതോറിട്ടി ഉണ്ടാക്കുന്നതിനെ പറ്റിയാണ്. ഈ പ്രവർത്തനം ശരിയല്ല. അതോറിട്ടിയുടെ അടിസ്ഥാനത്തിൽ സാധനസാമഗ്രികളും ടെൻഡർ കൊടുത്തും സ്റ്റോർ പർച്ചെയിസ് വ്യവസ്ഥകളും മറികടന്നും അവിഹിതമായി സാധനങ്ങൾ വാങ്ങി കൂമ്പാരം കൂട്ടാനും സൂപ്രണ്ടിംഗ്-എഞ്ചിനീയർ മുതൽ താഴോട്ടുള്ളവരെ കുറ്റം ചുമത്തി തടി രക്ഷപ്പെടുത്താനും ഭരണാധികാരികൾക്ക് സാധിക്കുന്നു. ഈ സ്ഥിതി വിശേഷം തടയുന്നതിനുള്ള ഒരു വകുപ്പെങ്കിലും ഇതിലുണ്ടാക്കണമെന്ന അഭിപ്രായമാണെനിക്കുള്ളത്. ഈ അതോറിട്ടിയിൽ നടക്കുന്ന നിയമനംബഹുമാനപ്പെട്ട മന്ത്രി ക്കറിയാമല്ലോ, വാട്ടർ അതോറിട്ടിയിൽ 8,000-ഓളം ആളുകളെ അവിഹിതമായി നിയമിച്ചിട്ടുണ്ട്. ഈ രാജ്യത്ത് അർഹതയുള്ള ഉദ്യോഗാർത്ഥികൾ തെണ്ടിത്തിരിഞ്ഞ് നടക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് എത്രകാലമായി നഷ്ടപ്പെട്ടു പോകുന്നു ? ആ സമയത്ത് ആട്ടോണമസ് ബോഡി ഉണ്ടാക്കി സ്വന്തം

LIBRARY ARCHIVES Kerala Legislative Assembly

പിണിയാളുകളെ അവിഹിതമായി, അനർഹമായി (കൈക്കൂലിയെന്ന് ഞാൻ പറയുന്നില്ല, അഴിമതി എന്നു ഞാൻ പറയുന്നില്ല) സാമ്പത്തിക ലാഭങ്ങളെപ്പോലും അടിസ്ഥാനപ്പെടുത്തി നിയമനം നടത്തുന്നു. വാട്ടർ അതോറിറ്റിയിൽ 8,000 ആളുകളെ നിയമിച്ചു. ചില ആളുകളെ മാണി ഒഴിവാക്കാൻ പോകുന്നുവെന്ന് കേട്ടു. ഗംഗാധരൻ നിയമിച്ച ആളെ മാണി ഒഴിവാക്കുന്നതെന്തിനാണ് ? ഗംഗാധരനോടുള്ള വിരോധം കൊണ്ടല്ല, അവരെ ഒഴിവാക്കിയാൽ മാണിയുടെ ആൾക്കാരെ അങ്ങോട്ടു കയറ്റാൻ വേണ്ടിയിട്ടാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇപ്പോൾ നിയമിക്കുന്നതിൽ കൂടുതലും പാലാക്കാരാണെന്നാണ് കേൾക്കുന്നത്. ശരിയാണോ ?

ശ്രീ. ടി. കെ. ഹംസ : അപ്പോൾ ആ 8,000 ആളുകളെ മാറ്റി മാണിയുടെ സ്വന്തക്കാരായ ആളുകളെ കയറ്റണമെന്നാണ് ഉദ്ദേശം. അതുകൊണ്ട് ഈ നിയമനം P. S. C. ക്ക് വിടണം. ഈ നിയമനത്തിന്റെ കാര്യത്തിൽ 'authority may appoint' എന്നു പറഞ്ഞാൽ ഇതിന് ചട്ടങ്ങളുണ്ടാക്കി അതോറിട്ടിയും, അതോറിട്ടിയുടെ ചെയർമാനും ചെയർമാനെ നിയമിക്കുന്ന മന്ത്രിക്കും സുഖമായി നിയമിക്കാം, ഇതാണ് വാട്ടർ അതോറിട്ടിയിൽ നടക്കുന്നത്. ഇതുതന്നെയാണ് ബഹുമാനപ്പെട്ട ശിവദാസൻ മന്ത്രിയുടെ തൊഴിലാളി-ക്ഷേമനിധി ബോർഡിലും ഉണ്ടായത്. ബഹുമാനപ്പെട്ട ശിവദാസൻ മന്ത്രി തൊഴിലാളി ക്ഷേമനിധി ബോർഡുണ്ടാക്കി. നമുക്ക് കേട്ടാൽ തോന്നും തൊഴിലാളികൾ ക്ഷേമനിധി ബോർഡിലൂടെ ആകാശത്തിലേക്ക് പോകുകയാണെന്ന്. തൊഴിലാളികളുടെ ഊരയ്ക്ക് കുത്തുന്ന പണിയാണ് ചെയ്യുന്നത്. തൊഴിലാളി ക്ഷേമനിധി ബോർഡ് ഉണ്ടാക്കി ആ ബോർഡിലൂടെ 350-ഓളം ആളുകളെ നിയമിച്ചു. ആ കാര്യം അവകാശ ലംഘന കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ട് വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഒരു കാര്യം ഞാൻ പറയാം, തൊഴിലാളി ക്ഷേമനിധി ബില്ലിൽ ഗവൺമെന്റ് മേ അപ്പോയിന്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ് ? ഗവൺമെന്റിന്റെ അപ്പോയിന്റ്മെന്റ് ഏജൻസി പി. എസ്. സി. യാണ് ആ പി. എസ്. സി. ക്ക് വിട്ടുകൊടുത്തിട്ടില്ല. തൊഴിലാളിക്ഷേമനിധി ബില്ലിൽ റൂൾസ് ഉണ്ടാക്കിയിട്ടില്ല. പിന്നെയെന്ത് നിയമപ്രകാരമാണ് നിയമനം? ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം തൊഴിലാളി-ക്ഷേമനിധി ബോർഡിൽ ഉണ്ടായ അനുഭവം. അതിന് റൂൾസ് ഉണ്ടാക്കുകയോ, പബ്ലിക് സർവ്വീസ് കമ്മീഷന് വിടുകയോ ചെയ്തിട്ടില്ല. അത്ര വലിയ അഴിമതിയാണ് നടന്നത്. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി റിപ്പോർട്ട് തെറ്റാണെന്ന് പറഞ്ഞതിന് ഒരു അവകാശലംഘന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കമ്മിറ്റിയുടെ മുമ്പിൽ പരിഗണനയ്ക്കിരിക്കുകയാണ്. ഞാൻ അതിനെപ്പറ്റിയൊന്നും പറയുന്നില്ല. അപ്പോൾ മനസ്സിലായില്ലേ ഈ അതോറിട്ടിയുടെ ഗുണം ? വാട്ടർ അതോറിട്ടി ഗംഗാധരനെ, തൊഴിലാളിക്ഷേമനിധി ബോർഡ് ശിവദാസനെ, കമാൻഡ് ഏരിയാ അതോറിട്ടി മാണിക്ക്, അപ്പോഴാണ് നമുക്കും വേണം ഒരു അതോറിട്ടിയെന്ന് വിദ്യാഭ്യാസമന്ത്രിക്ക് തോന്നിയത്. ആയിരക്കണക്കിനാളുകൾ നിയമനത്തിനുവേണ്ടി തെണ്ടിത്തിരിഞ്ഞ് നടക്കുകയാണ്, 8,000 ആളുകളെ അവിഹിതമായിട്ട് വാട്ടർ അതോറിട്ടിയിലും 350 പേരെ തൊഴിലാളി-ക്ഷേമനിധി ബോർഡിലും നിയമനം നടത്താനുള്ള അവകാശം കിട്ടിയെന്നുള്ളതാണ് വാസ്തവം. ഇവിടെ ഏത് അതോറിട്ടി ഉണ്ടാക്കിയാലും, വിരോധമില്ല, ഇവിടെ മന്ത്രി ഭരിച്ചാലും ശരി, അതോറിട്ടിയുടെ നിയന്ത്രണാധികാരമുള്ള ചെയർമാൻ ഭരിച്ചാലും ശരി ഞങ്ങൾക്ക് ഒന്നു പറയാനുണ്ട്—നിയമത്തെ മറികടക്കരുതേ, നിലവിലുള്ള ചട്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മാറിക്കാക്കരുതേ . എന്ന്. ഇവിടെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിയമനം നടത്താനുള്ള അധികാരം കാലാകാലങ്ങളായി ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പബ്ലിക്ക് സർവ്വീസ് കമ്മീഷനു കൊടുത്തിട്ടുണ്ട്. അതിനെ മറി കടക്കാൻ അതോറിട്ടികൾ ഉണ്ടാക്കി സ്വയം രാജകീയമായ പദവിയിലിരുന്ന് നിയമനം നേരിട്ട് അവിഹിതമായി നടത്തി അഴിമതി കാണിക്കാൻ സൗകര്യമുണ്ടാക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. ഈ വകുപ്പ് മാറണം, Government may appoint എന്നാക്കണം. മറെറാരുകാര്യം കൂടി ഞാൻ പറയാം. കുറെകൃത്യം ചെയ്യുന്നതുകണ്ടാൽ വാറണ്ട് കൂടാതെ ഒരു ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്യാൻ അധികാരം കൊടുക്കണമെന്നാണ് മാണിയുടെ ബില്ല്. ഈ അതോറിട്ടിയുടെ ഒരു പ്യൂണിനെയോ ഓഫീസറേയോ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാം. ഇത് ഏത് രാജ്യത്തേക്കാണ് നമ്മുടെ പോക്ക്? ഇവിടത്തെ ലെജീസ്ലേച്ചറിനെ തെറിദ്ധരിപ്പിച്ച് നിയമം പാസ്സാക്കിയെടുക്കാം. നിങ്ങളുടെ മൃഗീയ ഭൂരിപക്ഷംകൊണ്ട് നിയമം പാസ്സാക്കാം. ലെജിസ്ലേച്ചറിനുള്ള അധികാരം വളരെ ഗൗരവത്തോടെ പരിഗണിച്ചേ തീരുമാനമെടുക്കാവൂ. ലെജിസ്ലേച്ചറിന്റെ അധികാരം എക്സിക്യൂട്ടീവ് ദുരുപയോഗപ്പെടുത്തുന്നു. കോടതിയുടെ അധികാരങ്ങളും എക്സിക്യൂട്ടീവ് ദുരുപയോഗപ്പെടുത്തുന്നു. കോടതിയുടെ മുമ്പിൽ എക്സിക്യൂട്ടീവ് അധികാരികൾ പറയേണ്ട കാര്യങ്ങൾ ഗവൺമെന്റിന്റെ വക്കീൽ മുഖാന്തിരം പറയാതിരിക്കുക, കേസ് പ്രതികൂലമായി വരിക ഇങ്ങനെയൊക്കെയുള്ള സാഹചര്യത്തിൽ കോടതിക്കെതിരായി ഇവിടെ പരാമർശംപോലും വരുന്നു. അതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത് —എക്സിക്യൂട്ടീവ് ലെജിസ്ലേച്ചറിനെയും ജുഡീഷ്യറിയേയും മറികടക്കാൻ ശ്രമിക്കുന്നു ഒന്നിലല്ല പല കാര്യങ്ങളിലും. ഏത് ബിൽ ഇവിടെ അവതരിപ്പിച്ചാലും പറയും, കോടതി ഇടപെടാൻ പാടില്ല എന്ന്. ഇതിൽ അറസ്റ്റ് ചെയ്യാനും ശിക്ഷിക്കാനുമുള്ള അധികാരം ഓഫീസർമാർക്കുണ്ട്. ഒരാളിന്റെ തെറ്റു കണ്ടു പിടിച്ചാൽ കോടതിയിൽ റിപ്പോർട്ട് കൊടുക്കണം, പോലീസിൽ അന്യായം കൊടുക്കണം, പോലീസിനെ കൊണ്ടു നടപടിയെടുപ്പിക്കണം, അയാളെ കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്ത് 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്നാണ് പറയുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സർ, ഒരു കാര്യം അങ്ങേക്കറിയാമല്ലോ, പൊൻകുന്നത്ത് പോലീസ് വെടി വച്ചപ്പോൾ പോലീസ് കോൺസ്റ്റബിളിന് വെടി വയ്ക്കാൻ അധികാരമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പിറേറന്ന് അയാൾ തങ്കമണിയിൽ 4 വെടി വച്ചു. ആ തങ്കമണി ഇന്ന് വളരെ സങ്കടത്തിലാണ്. ഞാനൊരു ഉദാഹരണം പറയുകയാണ്. തങ്കമണി വളരെ സങ്കടപ്പെട്ടു കരഞ്ഞു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊൻകുന്നത്ത് വെടി വച്ചതിനെ ന്യായീകരിച്ചതാണ് തങ്കമണിക്ക് വെടി കൊള്ളാൻ ഇടയായത്. കാമാക്ഷിക്കും വെടി കിട്ടി. ഇന്ന് എന്താണ് തങ്കമണിയുടെ സ്ഥിതി? ഒരു പോലീസുകാരൻ വെടി വച്ചപ്പോൾ, അയാൾക്ക് വെടി വയ്ക്കാൻ അധികാരമുണ്ടെന്ന് നിയമത്തിന്റെ ബാലപാഠംപോലും പരിശോധിക്കാതെ മുഖ്യമന്ത്രി പറഞ്ഞത് സങ്കടമായിപ്പോയി. പിറേറന്ന് തങ്കമണിക്കും കാമാക്ഷിക്കും ഒരുമിച്ചാണു വെടി. ഇത് ഒരു ഉദാഹരണമായിട്ടാണ് പറയുന്നത്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി മാണിയോട് ചോദിക്കുകയാണ്. പൊൻകുന്നത്ത് വെടിവച്ചതും തങ്കമണിയിൽ വെടിവച്ചതും ജനങ്ങളിൽനിന്നും പ്രകോപനമുണ്ടായിട്ടാണെന്ന ന്യായീകരണമാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആലുവായിൽ കണ്ണുപൊട്ടിയ കുട്ടികളെ എന്തു പ്രകോപനമുണ്ടാക്കി? ആ കുട്ടികളും പ്രകോപനമുണ്ടാക്കിയോ? പോലീസിനെ കല്ലെറിഞ്ഞിട്ടാണോ കണ്ണുപൊട്ടിയ കുട്ടികളെ അടിച്ചത്? അങ്ങനെ പറയുവാൻ പാടുമോ? ഇവിടെ ബന്ധപ്പെട്ട കാര്യം പറയാതെ മനസിലാക്കുമോ? ഉദാഹരണം പറഞ്ഞാൽഞ്ഞനെ മനസിലാക്കാത്ത ആളുകളാണ് അപ്പുറത്തുള്ളത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അദ്ദേഹം പറയുന്നത് എന്താണെന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല. ഇതുമായി ബന്ധപ്പെടാത്ത തങ്കമണി കാമാക്ഷി എന്നൊക്കെ പറഞ്ഞു പോകുകയാണ്.

ശ്രീ. ടി. കെ. ഹംസ: സർ, അദ്ദേഹത്തിന് മനസിലാവുകയില്ല. മനുഷ്യന്റെ വികാരം മനസിലാക്കാനുള്ള ബുദ്ധി മരവിച്ചു പോയിട്ടുണ്ട്. തങ്കമണിയിലും കാമാക്ഷിയിലും സ്ത്രീകളെ അനുഭവിക്കുന്ന പീഡനങ്ങളും, വേദനകളും മനസിലായിട്ടില്ലെന്നാണ് ഇപ്പോഴും പറയുന്നത്. അവിടത്തെ വികാരി അച്ചന്റെ നേതൃത്വത്തിലുള്ള സമരം വരുന്നുണ്ട്; അപ്പോൾ മനസിലാകും. ഞാൻ പറഞ്ഞുവരുന്നത് കണ്ണുപൊട്ടിയ കുട്ടികളെ അടിക്കാൻ എന്തു പ്രകോപനമുണ്ടായി എന്നാണ്. അവർ പോലീസിനെ കല്ലെറിഞ്ഞോ? കണ്ണില്ലാത്ത ആ കുട്ടികളും കിഴക്കോട്ട് കല്ലെറിഞ്ഞാൽ പടിഞ്ഞാറോട്ടല്ലേ കല്ലു പോകൂ? പോലീസ് എവിടെ നിന്നാണ് വരുന്നത് എന്നുപോലും അറിയാത്ത ആ കുട്ടികളെ നിർദ്ദാക്ഷിണ്യം മർദ്ദിച്ച പോലീസ് അധികാരിയെ ന്യായീകരിച്ച മന്ത്രി അധികാരത്തിലിരിക്കുമ്പോൾ ഒരു കൂലി ആഫീസർക്ക് അറസ്റ്റ് ചെയ്യാനുള്ള അധികാരം ഈ അതോറിറ്റി കൊടുത്താൽ എന്താണ് സ്ഥിതിയെന്ന് ബഹുമാനപ്പെട്ട മന്ത്രി മാണി മനസിലാക്കിയിട്ടുണ്ടോ? ഒരു പോലീസുകാരനെ വെടിവയ്ക്കാൻ അധികാരമുണ്ടെന്നേ പറഞ്ഞുള്ളൂ വെടി വച്ചു.

ശ്രീ. ടി. എസ്. ജോൺ: ഒരു പോയിന്റ് ഓഫ് ഓർഡർ—റൂൾ 80 അനുസരിച്ച്. ഇത് ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത സബ്ജക്ടാണ്.

The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill. ഇവർ ഡിസൻറിംഗ് നോട്ടിൽ രണ്ടു മൂന്നു കാര്യങ്ങളും പറയുന്നുണ്ട്.

ആ ഡിസൻറിംഗ് നോട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാതെയാണ് ഇവിടെ സംസാരിക്കുന്നത്. ഇതെല്ലാം ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ്. ഇത് റേഞ്ചിലുണ്ടാകാതിരിക്കുക—അപ്പോൾ ഈ രീതിയിലുള്ള സംസാരം നിൽക്കും.

മി. ഡെ. സ്പീക്കർ: വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെപ്പറ്റി മാത്രമേ സംസാരിക്കാൻ പാടുള്ളൂ. ഒരു മിനിട്ടുകൊണ്ട് ചർച്ച തീർക്കണം.

ശ്രീ. ടി. എസ്. ജോൺ: കമാൻറ് ഏരിയാ ഡെവലപ്പുമെൻറ് ബില്ലിന് ഡിസൻറിംഗ് നോട്ടു കൊടുത്ത അദ്ദേഹം പറഞ്ഞത്, ഡിസൻറിംഗ് നോട്ടുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ്, അത് ഒന്നാമത്തെകാര്യം. രണ്ടാമത്, ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്. അതുംശരിയല്ല. മൂന്നാമത്തെ കാര്യം ഈ ഡിസൻറിംഗ് നോട്ടു കൊടുത്തിട്ടുള്ള ഒരാളിനെ മാത്രമേ വിളിക്കാവൂ, എല്ലാവരെയും

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കുന്നത്. ഒരു പോയിന്റിനെക്കുറിച്ചാണ് എല്ലാവരും ഡിസന്റിംഗ് നോട്ടു കൊടുത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഒരാളെ മാത്രമേ വിളിക്കാവൂ എന്നുള്ള കാര്യം റൂൾ ചെയ്യേണ്ടതായിട്ടുണ്ട്. അമൻറുമെൻറ് കൊടുത്ത പ്രത്യേക അംഗങ്ങളെ ക്ഷണിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലുമായി യാതൊരു ബന്ധവുമല്ലാതെ സംസാരിച്ചിട്ടുള്ള കാര്യങ്ങൾ രേഖയിലുണ്ടായിരിക്കാൻ പാടില്ല എന്ന് ഓർഡർ ചെയ്യുകയും ഇതുപോലുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള അനുമതി റൂൾ 80 അനുസരിച്ച് കൊടുക്കാതിരിക്കുകയും ചെയ്യണം.

മി. ഡെ. സ്പീക്കർ: വിയോജനക്കുറിപ്പിലെ ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് മാത്രമേ സംസാരിക്കാൻ പാടുള്ളൂ എന്ന്, രണ്ട്, മറ്റു നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം കാര്യോപദേശകസമിതിയാണ് ചർച്ച ചെയ്തു തീരുമാനമെടുത്തിട്ടുള്ളത്. അതിൽ ഇടപെടാനുള്ള യാതൊരു അധികാരവും ചെയറിനില്ല.

പോയിന്റ് ഓഫ് ഓർഡറിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇപ്പോൾ സംസാരിച്ചത് ഒന്നും രേഖയിലുണ്ടായിരിക്കുകയില്ല.

ശ്രീ. ടി.കെ. ഹംസ: ഞാൻ പറഞ്ഞുവന്നതും, മുൻമന്ത്രിയും മുൻ സ്പീക്കറുമായ ജോൺ സാറിന് മനസിലാകാത്തതിന് ഞാൻ എന്തുചെയ്യാനാണ്? സർ, ഡിസന്റിംഗ് നോട്ട് അനുസരിച്ച് അല്ലാതെ പറയാൻ പാടില്ലെന്ന് അങ്ങ് റൂളിംഗ് നൽകി. ഈ ബില്ലിലെ 37-ാം വകുപ്പ് പ്രകാരം ഒരാളെ കസ്റ്റഡിയിലെടുക്കുന്നതിന് ഒരു ഉദ്യോഗസ്ഥന് അധികാരം നൽകിയിട്ടുണ്ട്. അത് വിട്ടുകളയേണ്ടതാണ്. അങ്ങനെയുള്ള നടപടിയെടുക്കുന്നതിനായി ആ ഉദ്യോഗസ്ഥൻ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിച്ചാൽ മതിയാകുന്നതാണ്. ഒരു ഉദ്യോഗസ്ഥന് ഇങ്ങനെ അധികാരം കൊടുത്താൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഒരു പോലീസുകാരന് വെടിവയ്ക്കാൻ അധികാരമുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞതിന്റെ അനന്തരഫലമാണ് തങ്കമണിയിലും കാമാക്ഷിയിലും നടന്നത്. മാത്രമല്ല, കണ്ണില്ലാത്ത കുട്ടികളെ അടിക്കാൻ കുരങ്ങുമതിരിയാണ് പോലീസുകാർ പോയത്, സാധാരണ കുരങ്ങിന് ഇഞ്ചി കടിച്ചാൽ ഊക്കു കൂടുമെന്നാണു പറയുക. അതുപോലെ ഒരു പോലീസുകാരന് വെടിവയ്ക്കാനും അടിക്കാനും അധികാരമുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞപ്പോഴാണ് കണ്ണില്ലാത്ത കുട്ടികളെ പോയി തല്ലിയത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കുറെ കൃത്യങ്ങൾക്ക് പോലീസിനു നേരിട്ടുപോയി കേസ് എടുക്കാവുന്നതാണെന്ന് ഇതിൽ എഴുതി വച്ചിട്ടുണ്ട്.

മി. ഡെ. സ്പീക്കർ: അതാണ് ബഹുമാനപ്പെട്ട മെംബർ പറഞ്ഞത്. ശ്രീ. വർക്കല രാധാകൃഷ്ണനും കൂടി പറഞ്ഞാൽ ശരിയാവുകയില്ല. അറസ്റ്റ് ചെയ്യാമെന്നും കസ്റ്റഡിയിലെടുക്കാമെന്നും പറഞ്ഞിട്ടുണ്ട്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, സയേടെ ക്രമീകരണത്തിനുവേണ്ടി പറയുകയാണ്. അങ്ങ് സമയത്തെ സംബന്ധിച്ച് എന്തെങ്കിലും ഒരു ഗൈഡ്ലൈൻ പറഞ്ഞിരുന്നെങ്കിൽ നല്ലതായിരുന്നു. അല്ലെങ്കിൽ ഇതു നമുക്ക് ഒന്നര മണിക്കു തീർക്കാൻ

സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽനിന്ന് ന ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പറയുകയില്ല. ബിസിനസ് അഡ്വൈസറി കമ്മറ്റി പാസാക്കി, സഭ അഡോപ്റ്റ് ചെയ്തത് ഒന്നര മണിക്കൂർ കൊണ്ട് ചർച്ച നടത്തണമെന്നാണ്. ആ ഒന്നര മണിക്കൂറും ശ്രീ. ഹംസ എടുത്താൽ മതിയോ അതോ മറ്റു മെംബർമാർക്കു കൂടി സംസാരിക്കാൻ സമയം വേണമോ എങ്ങനെ വേണമെന്ന് ഒരു ഗൈഡ്ലൈൻ അങ്ങു പറഞ്ഞാൽ മതി.

ശ്രീ. ടി.കെ. ഹംസ: സർ, ഈ ആക്ഷേപമൊക്കെ എനിക്കു മനസിലാകുന്നുണ്ട്. സംഗതികളെ പറയുമ്പോൾ അത് പരിഹരിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് തിടുക്കം. ഒരു കാര്യം പറയട്ടെ, നിയമനാധികാരം ഞാൻ വിടുകയാണ്. കോംപൗണ്ട് ചെയ്യാനുള്ള അധികാരം ഒരു ഉദ്യോഗസ്ഥനു കൊടുത്തിരിക്കുന്നു. ഞാൻ ഇൻഡ്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസീഡിയർകോഡും വായിച്ചു നോക്കിയിട്ടുണ്ട്. ഒരുപാട് കോംപൗണ്ടിംഗ് സെക്ഷൻസ് സി.ആർ.പി.സി 320-ാം വകുപ്പിലുണ്ട്. Complaint can compound and complaint may compound with the permission of the court. ഇത് അങ്ങനെയൊന്നുമല്ല. ഏതു വലിയ കുറ്റത്തിനും എവിടെ വച്ചും കാംപൗണ്ടിംഗ് നടത്താം. മാണിസാറേ, നിങ്ങൾ ഉദ്ദേശിക്കുന്ന ആളെ ഏതു കുറ്റത്തിൽനിന്നും രക്ഷപ്പെടുത്താൻ ഓഫീസറെ വിളിച്ചുപറഞ്ഞാൽ 25 രൂപ പിഴയിട്ട് കോംപൗണ്ടിംഗ് നടത്തി പിരിച്ചുവിടാം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ക്രിമിനൽ പ്രൊസീഡ്യുർ കോഡിൽ മാത്രമേ കോമ്പൗണ്ടിംഗ് ഉള്ളൂവെന്ന് പറഞ്ഞപ്പോഴത്തന്നെ ആ കഴിവിന്റെ പരപ്പും ആഴവും ഒക്കെ മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ട് അതൊന്നും പറയണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടാളുകളും അവരവരുടെ നിയമ പാണ്ഡിത്യം പ്രകടിപ്പിക്കാൻ ശ്രമിച്ചാൽ ഇത് നിയന്ത്രിച്ചുകൊണ്ടു പോകാൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. ഹംസ: പല നിയമങ്ങളിലും കോമ്പൗണ്ടിംഗ് പ്രൊവിഷനുണ്ട്. ഒന്ന് പറയുമ്പോൾ തന്നെ മറേത് പറഞ്ഞിട്ടില്ലെന്ന് പറഞ്ഞ് മന്ത്രി ചാടിയാലോ? പുസ്തകം ഒന്ന് വായിച്ചു കൂടേ? ഏതെങ്കിലും ഒഴിവുണ്ടാകുമ്പോൾ ലാൻഡ് ട്രൈബ്യൂണലിൽ എങ്കിലും ഹാജരായിക്കൂടെ? അതുകൊണ്ട് പാണ്ഡിത്യം നമ്മൾ പരീക്ഷിക്കണ്ട. അത് ബുദ്ധിമുട്ടായി പോകും. പരീക്ഷിച്ചവരൊക്കെ അപകടത്തിൽപ്പെട്ടിട്ടുമുണ്ട്. ഞാൻ പറഞ്ഞു വരുന്നത് പല നിയമങ്ങളിലും കോമ്പൗണ്ടിംഗ് പ്രൊവിഷനുണ്ടെന്നാണ്. അതിന്റെ അപാകതകൾ ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് പറയുന്നത്. ഒരു ഉദ്യോഗസ്ഥന് വെടിവയ്ക്കാനുള്ള അധികാരത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ഒരു ഉദ്യോഗസ്ഥന് കോമ്പൗണ്ട് ചെയ്യാനുള്ള അധികാരം കൂടി കിട്ടിയാൽ ഏതു കുറ്റത്തിനും 25 രൂപ ഫൈൻ ഇട്ട് നമ്മളുടെ ആളുകളെ പുറത്താക്കാം. ഏത് ചെറിയ കുറ്റത്തിനും ആയിരക്കണക്കിന് രൂപ ഫൈൻ ഇട്ട് അല്ലാത്ത ആളുകളെ കൂട്ടിലാക്കുകയും ചെയ്യാം. ഈ പക്ഷപാതപരമായ വിവേചനം അവസാനിപ്പിക്കണം. അത് ഈ വകുപ്പിൽ പാടില്ല. കോമ്പൗണ്ട് ചെയ്യാൻ അഗ്രീവ്ഡ് പാർട്ടി കോടതിയിൽ വന്ന് കോടതിയുടെ പെർമിഷനോടുകൂടിയേ പാടുള്ളൂ. കോടതിയുടെ സമ്മതമില്ലാതെ കോമ്പൗണ്ട് ചെയ്താലുള്ള ബുദ്ധിമുട്ടിനെപ്പറ്റി എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട സീതിഹാജിക്കറിയാം. ബഹുമാനപ്പെട്ട സീതിഹാജിയുടെ ഒരു കേസ് കോമ്പൗണ്ട് ചെയ്യാൻ ഗവൺമെന്റ് സാങ്ഷൻ കൊടുത്തു. എന്നാൽ കോമ്പൗണ്ടിംഗ് പെറ്റീഷൻ കൊടുത്ത് സെഷൻസ് കോടതി തള്ളിക്കളഞ്ഞു. ഹൈക്കോടതിയിൽ പോയി ഹൈക്കോടതിയും തള്ളിക്കളഞ്ഞിട്ട് കേസ് എടുക്കാൻ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ആ കോമ്പൗണ്ടിംഗ് രാജിയാണ്. ഇത് കോമ്പൗണ്ടിംഗ് ശിക്ഷയാണ്.

ശ്രീ. ടി. കെ. ഹംസ : ഏതായാലും നിങ്ങളുടെ ആളുകളും ഒന്നുതന്നെയാണല്ലോ. ഇത് നടപ്പാക്കുന്ന ആളുകളെപ്പറ്റിയാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട സീതിഹാജിയുടെ കേസ് സിനെറ വിശദാംശങ്ങളും എനിക്ക് പറയാൻ വയ്യ. അത് പറയുന്നതുതന്നെ മോശമാണ്. ഞാനും സീതിഹാജിയുമായിട്ടുള്ള ബന്ധം കൊണ്ട് ഞാൻ പറയുകയില്ല. അങ്ങനെയുള്ള ഒരു കേസ്സാണ്. എന്നാൽ സെഷൻസ് കോടതിയുടെ സമ്മതത്തോടുകൂടി പിൻവലിക്കണമെന്ന് ഗവൺമെൻറ് ഓർഡർ പാസ്സാക്കി. കോടതി I am not giving the permission എന്ന് പറഞ്ഞ് അത് തള്ളിക്കളഞ്ഞു. അടുത്തതായി ഹൈക്കോടതിയിൽ വന്നപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു ഈ കേസ് വിചാരണ ചെയ്യണമെന്ന്. അങ്ങനെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വിചാരണ തുടങ്ങാൻ പോകുകയാണ്. ഇവരുടെ കോമ്പൗണ്ടിംഗിനെറ ഒരു ഉദാഹരണമാണ് ഞാൻ ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട സീതിഹാജിയുടെ അത്രയും കേസ് പോലും വിത്ഡ്രാ ചെയ്യാൻ ഉത്തരവിട്ട നിങ്ങളുടെ ഗവൺമെൻറ് ഏതിനാണ് ഉത്തരവിടാത്തത് ? ഏത് കേസാണ് നിങ്ങളും പിൻവലിക്കാത്തത് ? അതുകൊണ്ട് അത്തരത്തിലുള്ള അനീതികളും പ്രവർത്തിക്കാതിരിക്കാൻവേണ്ടി കോമ്പൗണ്ട് ചെയ്യാനുള്ള അധികാരം കോടതിക്ക് വിട്ടുകൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. കോടതിയിൽ മാത്രമാണ് ഇപ്പോഴും ഏതാണ്ട് രക്ഷയുള്ളത്. അങ്ങനെ കോടതിയിൽ ഹർജി ബോധിപ്പിക്കാനുള്ള സൗകര്യങ്ങളും പോലും ഇല്ലാതാക്കുകയാണ്. അന്ധരായ കുട്ടികളും ഇന്നലെ കോടതിയിൽ പോയിട്ടുണ്ട്. കണ്ണില്ലാത്ത കുട്ടികളെ അടിച്ചതിന് കേസ് എടുക്കണമെന്നാണ് പറയുന്നത്. എന്നാൽ അവർ കേസ് എടുക്കുകയില്ല. കുട്ടികളെ അടിച്ചിട്ടില്ലെന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ അടികൊണ്ട കുട്ടികളും ആശുപത്രിയിലും! ഈ പിഞ്ചുകുട്ടികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി ഹർജി കൊടുത്തിട്ടുണ്ട്. നിങ്ങളുടെ ആക്രമത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു വൈക്കോൽ തുരുമ്പ് കൊണ്ടാൻ വളളത്തിൽ പിടിക്കാൻ കിട്ടുന്നത് ഈ കോടതിയാണ്. അതുകൂടി നഷ്ടപ്പെടുത്തി അധികാരം നിങ്ങളുടെ ആഫീസർക്ക് കൊടുത്തിട്ട് ഈ വകുപ്രദ്രോഹം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഈ ബില്ലിൽ ഉൾപ്പെടുത്തരുതെന്നാണ് എൻെറ വിനീതമായ അപേക്ഷ. ഒന്നാമതായി നിയമനം, രണ്ടാമതായി അഴിമതി നടത്താനുള്ള സൗകര്യം, മൂന്നാമതായി കസ്റ്റഡിയിലെടുക്കാനുള്ള അധികാരം, നാലാമതായി കോമ്പൗണ്ട് ചെയ്യാനുള്ള അധികാരം ഇത് നാലെണ്ണം മാത്രമേ ഞാൻ പറയുന്നുള്ളൂ. അതിൽ സമഗ്രമായ അടിസ്ഥാനപരമായ സോഷ്യലിസ്റ്റ് ജനാധിപത്യ വ്യവസ്ഥക്ക് അനുകൂലമായ ഒരു പരിവർത്തനമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ കമാൻഡ് ഏരിയാ വികസന അതോറിറ്റി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വന്നപ്പോൾ ചില നിർദ്ദേശങ്ങൾ മന്ത്രി സ്വീകരിക്കുകയും സബ്ജക്ട് കമ്മിറ്റി പുതുക്കിയ ഒരു ബില്ലായി സഭയുടെ മുൻപാകെ അവതരിപ്പിക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : ഡിസൻറിംഗ് നോട്ട് തന്നിരിക്കുന്നതിൽ ഒരേ ഒരു കാര്യം മാത്രമാണ് ഇവിടെ സബ്മിറ്റ് ചെയ്തത്. ബഹുമാനപ്പെട്ട സ്പീക്കർ അതിന് റൂൾ ചെയ്യുകയും ചെയ്തു. ഓരോ സബ്മിറ്റ് ചെയ്തതിനുശേഷം ബാക്കിയുള്ള ആളുകൾ.....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയറിന് കിട്ടിയിട്ടുള്ള നിർദ്ദേശം വിയോജനക്കുറിപ്പ് എഴുതിയിട്ടുള്ള എല്ലാവർക്കും സംസാരിക്കാമെന്നുള്ളതാണ്. അത് കഴിഞ്ഞ് മറ്റെല്ലാവർക്കും സംസാരിക്കാമെന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇവിടെ ഈ വിയോജനക്കുറിപ്പ് എഴുതാൻ ഞങ്ങളെ പ്രേരിപ്പിച്ച ചില പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് മാത്രമേ ഞാൻ ഇപ്പോൾ സംസാരിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ അതോറിറ്റിയുടെ ഘടനതന്നെ വിമർശനത്തിന് വിധേയമായിട്ടുള്ളതാണ്. ഇതിനകത്ത് 24 അംഗങ്ങളുള്ള ഒരു അതോറിറ്റിയെയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ അതോറിറ്റി പൂർണ്ണമായും ഉദ്യോഗസ്ഥൻമാരുടെ മേധാവിത്വമുള്ള ഒരു അതോറിറ്റിയാണ്. കർഷക പ്രതിനിധികളായ 10 പേർ—ആ 10 പേരും ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നവരാണ്. എം. എൽ. എ. മാരുടെ കൂട്ടത്തിൽ നിന്നുള്ള രണ്ടുപേരും ഗവൺമെന്റ് നോമിനേറ്റ് ചെയ്യപ്പെടുന്നവരാണ്. അങ്ങനെ ഗവൺമെന്റിന് വിധേയമായി നിൽക്കുന്ന 24 ആളുകൾ ഉൾക്കൊള്ളുന്ന ഒരു അതോറിറ്റിയാണ് കമാൻഡ് ഏരിയാ വികസനത്തെ സംബന്ധിച്ചുണ്ടാക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ഒരു അതോറിറ്റി രൂപം കൊണ്ടാൽ, ഈ അതോറിറ്റി കൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ നേടിയെടുക്കാൻ സാധിക്കുകയില്ലെന്നുള്ള കാരണത്താലാണ് ഞങ്ങൾ ഇങ്ങനെ ഒരു വിയോജനക്കുറിപ്പ് കൊണ്ടുവരാൻ ഇടയായിട്ടുള്ളത്. സർ, ഇവിടെ 'കർഷകത്തൊഴിലാളി' എന്ന നിർവ്വചനത്തിൽ ആദ്യത്തെ ബില്ലു ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇപ്പോൾ ആ നിർവ്വചനം തന്നെ എടുത്തു

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്]

മാറ്റിയിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്ക് യാതൊരു പങ്കുമില്ലാത്ത തരത്തിലാണ് ഇപ്പോൾ ഈ ബില്ല് റീ ഡ്രാഫ്റ്റ് ചെയ്തിട്ടുള്ളത്. കർഷകർക്ക് മാത്രമല്ല, കർഷകത്തൊഴിലാളികൾക്കുകൂടി ഈ ബോർഡിനകത്ത് പ്രാതിനിധ്യമുണ്ടാക്കണം. കർഷകത്തൊഴിലാളികളുടെ കൂട്ടത്തിൽ നിന്ന് ഒരു പ്രതിനിധിയെക്കൂടി ഈ കമാൻഡ് ഏരിയാ വികസന അതോറിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് വിയോജനക്കുറിപ്പിൽ ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സർ, കർഷകത്തൊഴിലാളികളുടെ നിർവ്വചനവും ഇവിടെ എഴുതിച്ചേർക്കേണ്ടതാണ്. അതുപോലെതന്നെ കർഷകപ്രതിനിധികളും കർഷകരുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പത്ത് പേരായിരിക്കണം ഈ അതോറിറ്റിയിൽ ഉൾപ്പെടുത്തേണ്ടത്. നോമിനേഷൻ അനുവദിച്ചു കൊടുത്താൽ ഇന്ന് പല സ്ഥാപനങ്ങളിലും നടക്കുന്ന രീതിയിലുള്ള നോമിനേഷൻ തന്നെ ഇതിനകത്തും വരും. യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് ഈ അതോറിറ്റിയിൽ പ്രാതിനിധ്യവും കിട്ടുകയില്ല. സർ, മൽസ്യത്തൊഴിലാളി ഗ്രാമ സംഘത്തിൽ മൽസ്യത്തൊഴിലാളികളല്ലാത്തവരായ ഭൂരിപക്ഷം ആളുകളെയാണ് നോമിനേറ്റ് ചെയ്തിട്ടുള്ളത്. അതുപോലെ കമാൻഡ് ഏരിയാവികസന അതോറിറ്റിയിലും കർഷകർ അല്ലാത്തവരെ, മന്ത്രിക്ക് തോന്നുന്നവരെ തെരഞ്ഞെടുക്കപ്പെടുന്ന അവസ്ഥ വന്നുചേരാനിടയാകും. അതുകൊണ്ടാണ് കർഷകപ്രതിനിധികളായ പത്ത് പേരെ തെരഞ്ഞെടുക്കണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചത്.

ശ്രീ. തോമസ് കല്ലംപള്ളി : ഇപ്പോൾ കൃഷിക്കാരുടെ പത്ത് പ്രതിനിധികളെന്നാണ് പറഞ്ഞത്. അപ്പോൾ കർഷകത്തൊഴിലാളികളുടെയും പത്ത് തന്നെ വേണ്ടേ ? എങ്കിലല്ലേ ശരിയാകുകയുള്ളൂ ?

ശ്രീ. കെ. എം. മാണി : കർഷകത്തൊഴിലാളിതന്നെയാണ് കർഷകനെന്നുള്ളത് അങ്ങേയ്ക്കറിയാമോ ? കർഷകത്തൊഴിലാളികളെപ്പോലെ 10 സെന്റ് ഭൂമിയുള്ള കുടികിടപ്പുകാരനായാലും, അയാളുടെ ഭൂമിയും ആയ കെട്ടിനകത്ത് വരുന്നുവെങ്കിൽ ഇതിൽ ഉൾക്കൊള്ളിക്കണം. അതും കർഷകനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കർഷകനാരാണ്. കർഷകത്തൊഴിലാളി ആരാണ് എന്ന് നിർവ്വചനത്തിൽ വരണം. മാണിക്കും..... കർഷകത്തൊഴിലാളിയെക്കുറിച്ച്.....

ശ്രീ. സി. കെ. തങ്കപ്പൻ : ഈ പറഞ്ഞ മന്ത്രിതന്നെ കർഷകത്തൊഴിലാളിക്ക് സൂര്യനു കീഴിൽ ഒരു സെൻറ് പോലും ഭൂമി പാടില്ലെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതിപ്പോഴും ഈ ബില്ലിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. ഈ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വന്നപ്പോഴും ആ നിർവ്വചനം തന്നെ എടുത്തു മാറ്റി. കർഷകത്തൊഴിലാളികളെന്നുള്ളത് സംബന്ധിച്ച് നിർവ്വചിക്കപ്പെടുന്നത് കൃഷിക്കാരന്റെ ഭൂമിയിൽ പോയി ദേഹണ്ഡം ചെയ്യുന്ന, കൂലിപ്പണിയെടുത്തു ജീവിക്കുന്നവരാണെന്നാണ്. ആ കർഷകത്തൊഴിലാളികൾക്ക് യാതൊരു പ്രാതിനിധ്യവുമില്ലാത്ത തരത്തിലാണ് ഈ കമാൻഡ് ഏരിയാ വികസനംകൊണ്ട് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അതിനു ഒരു മാറ്റമുണ്ടാക്കാൻ വേണ്ടിയാണ് കർഷകത്തൊഴിലാളികളുടെ പ്രതിനിധിയെക്കൂടി ഈ കമാൻഡ് ഏരിയാ വികസന അതോറിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെതന്നെ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം കർഷക പ്രതിനിധികൾ. ഇവിടെ തെരഞ്ഞെടുപ്പു വച്ചാൽ, എന്തെങ്കിലും അബദ്ധമുണ്ടാകുമോ എന്ന് എനിക്കറിയില്ല. എല്ലാ രംഗത്തും ഇപ്പോൾ നോമിനേഷനാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ നോമിനേഷൻ സമ്പ്രദായം തന്നെ അപകടത്തിലേക്ക് നയിക്കുമെന്ന് ഓരോ ദിവസം കഴിയുന്തോറും നമുക്ക് ബോദ്ധ്യപ്പെട്ടുവരികയാണ്. നമ്മുടെ ഗവൺമെൻറിന് നോമിനേഷനെക്കുറിച്ച് മാത്രമേ ചിന്തിക്കാൻ സാധിക്കുകയുള്ളൂ. കൃഷിക്കാരുടെ അടുത്തു പോകാൻ പറ്റുകയില്ല, കർഷകത്തൊഴിലാളികളുടെ അടുത്ത് പോകാൻ പറ്റുകയില്ല, വിദ്യാർത്ഥികളുടെ അടുത്ത് പോകാൻ പറ്റുകയില്ല. ഇങ്ങനെ എല്ലാ തരത്തിലും ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടതുകൊണ്ടാണ് എല്ലാ രംഗത്തും ഇപ്പോൾ നോമിനേഷൽ കൊണ്ടുവരാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. കൃഷിക്കാരുടെ ഇടയിൽ നിന്ന് പത്തുപേരെ തെരഞ്ഞെടുക്കാൻ നിന്നാൽ ഗവൺമെൻറിനെ അനുകൂലിക്കുന്ന ഒറ്റ കൃഷിക്കാരനും ഈ അതോറിറ്റിയിൽ വരികയില്ല. അതുകൊണ്ടാണ് കൃഷിക്കാരെ നോമിനേറ്റു ചെയ്യണമെന്ന് ബില്ലിനകത്ത് ഉൾക്കൊള്ളിക്കാൻ ഇടയായിട്ടുള്ളത്. നോമിനേഷനുള്ള സ്ഥലങ്ങളിൽ മാത്രമേ ഇന്ന് ഗവൺമെൻറ് പക്ഷപാതികളുള്ളൂവെന്നാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പ് വന്നപ്പോൾ അവിടെ കെ എസ്.യു.വിനെ തൂത്തുമാറ്റിയിട്ട് എസ്.എഫ്.ഐ. വൻഭൂരിപക്ഷത്തോടെ വന്നു. അതും ഇപ്പോൾ നോമിനേഷൻ ആക്കിയാൽ എന്താണെന്ന് ഗവൺമെൻറ് ആലോചിക്കുന്നുണ്ടാവും. എല്ലാ തരത്തിലും നോമിനേഷൻ ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ ഗവൺമെൻറിന് രക്ഷയുള്ളൂ. അതുകൊണ്ട് കർഷകത്തൊഴിലാളികളായ പത്ത് ആളുകളെയും എടുക്കുന്നത് നോമിനേഷൻ വഴിയാണെന്നാണ് ഈ ബില്ലിനകത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എം. എൽ. എ. മാരിൽ രണ്ട് ആളുകളെ എടുക്കുന്നതുപോലും നോമിനേഷൻ വഴിയാണ്. എം. എൽ. എ. മാരിൽ രണ്ട് ആളുകളെ എടുക്കുന്നതെങ്കിലും നിയമസഭയിൽ നിന്ന് തെരഞ്ഞെടുത്തുകൂടെ ? അതിന് വല്ല സാങ്കേതികമായ തടസ്സവുമുണ്ടോ ? ഇവിടെ യൂണിവേഴ്സിറ്റിയിലേക്ക് എം. എൽ. എ. മാരെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി : ഈ ഗവൺമെൻറിനെയും നോമിനേറ് ചെയ്തതാണെന്നുള്ള അഭിപ്രായമുണ്ടോ ? അതോ ജനങ്ങളം തെരഞ്ഞെടുത്തതോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ രീതിയിൽ പോയാൽ ഗവൺമെൻറ് തന്നെ കുറച്ച് കഴിഞ്ഞാൽ തെരഞ്ഞെടുക്കുന്ന രീതി മാറി നോമിനേഷൻ നിലേക്ക് എത്തും. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്കറിയാമോ പോണ്ടിച്ചേരി നിയമസഭയിൽ എം.എൽ.എ. മാർക്കുപോലും നോമിനേഷൻ എന്ന രീതിയിലേക്കാണ് സംഗതികളം നീങ്ങിയിരിക്കുന്നത്. പോണ്ടിച്ചേരി നിയമസഭയിൽ 60 അംഗങ്ങളുള്ള ഒരു നിയമസഭയാണ്. ആ സഭയിൽ 15 ആളുകളെ മാത്രം കോൺഗ്രസ് ഐ-യിൽ വന്നപ്പോൾ അവിടത്തെ മറ്റാളുകളെ തോൽപ്പിക്കാൻ വേണ്ടി രണ്ടാളുകളെ എം.എൽ.എ. മാരായി നോമിനേറു ചെയ്തു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്ക് അത് അറിയാമോ ? ജമ്മുകാശ്മീരിൽ ഗവൺമെൻറിനെത്തന്നെ ഇപ്പോൾ നോമിനേറ് ചെയ്തിരിക്കുകയാണ്. അത്തരത്തിൽ ഗവൺമെൻറിനെയും നോമിനേറു ചെയ്യുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങളം കൊണ്ടെത്തിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ രണ്ട് എം.എൽ.എ. മാരെപ്പോലും തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയില്ലാത്ത വിധത്തിലാണ് ഈ ബിൽ ഇപ്പോൾ റീഡ്രാഫ്റ് ചെയ്ത് നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. നിയമനം പി. എസ്. 11 a.m. സി. ക്ക് വിടണമെന്നുള്ളതിനെ സംബന്ധിച്ചെല്ലാം ഇവിടെ ശ്രീ. ഹംസ പറഞ്ഞു. അതിൻെറ വിശദാംശങ്ങളെക്കുറിച്ച് പ്രതിപാദിച്ചതു കൊണ്ട് ഞാൻ അതിലേക്കൊന്നും പോകാൻ ഉദ്ദേശിക്കുന്നില്ല. ഇങ്ങനെയൊരു അതോറിറ്റി രൂപം കൊള്ളുമ്പോൾ പ്രധാനമായിട്ടും ഇവിടെ നടക്കാൻ പോകുന്നത് കച്ചവടമാണ്. സാമൂഹ്യ ജലസേചന പദ്ധതിയെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തെ ഈ ബില്ലിൻെറ ചർച്ച . ഈ സഭയിൽ വന്നപ്പോൾ ചില നിർദ്ദേശങ്ങളൊക്കെ വന്നിരുന്നു. ആ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി സാമൂഹ്യ ജലസേചന പദ്ധതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ. മാണി ഏതു പദ്ധതി കൊണ്ടുവന്നാലും വമ്പിച്ച പ്രചരണത്തോടുകൂടി കൊണ്ടുവരുമെന്നുള്ളതാണ് പ്രത്യേകത. അവസാനം ഒന്നും ഉണ്ടാകുകയില്ല. ശ്രീ. മാണി വളരെ പ്രസിദ്ധമായി കൊണ്ടുവന്നതാണല്ലോ വെളിച്ച വിപ്ലവം. അത് അവസാനം പുളിച്ചവിപ്ലവമായിട്ടാണ് കലാശിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ് ഏറ്റവും കൂടുതൽ കണക്ഷൻ കൊടുത്തത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ആ പുളിയിൽക്കൂടി രണ്ടെണ്ണം നേടിയെടുത്തില്ലേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആ പുളിച്ച വിപ്ലവത്തിൻെറ പേരിൽ ഒരു ചെറിയ കണക്ഷൻപോലും എൻെറ മണ്ഡലത്തിൽ കിട്ടിയിട്ടില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള പോലും പറഞ്ഞു അത് പുളിച്ചവിപ്ലവമാണെന്ന്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്താണ് ഏറ്റവും കൂടുതൽ കണക്ഷൻസ് കൊടുത്തത്. എന്നിട്ട് പ്രചരണാത്മകമായി വെളിച്ച വിപ്ലവമെന്ന് കൊട്ടിഘോഷിച്ചു. അതുപോലെതന്നെ സാമൂഹ്യ ജലസേചന പദ്ധതി ഇപ്പോൾ വലിയ രീതിയിൽ കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുകയാണ്. അതിൻെറ ഗതിയും എന്താകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. അതിനൊരു പരിരക്ഷ കൊടുക്കാൻ കമാൻഡ് ഏരിയായുടെ കൂട്ടത്തിൽ ജലസേചനപദ്ധതികളുടെ കൂട്ടത്തിൽ അതും നിർവചിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പേരുപറഞ്ഞ് കൊട്ടിഘോഷിച്ചതുകൊണ്ടുമാത്രം ഇത് രക്ഷപ്പെടാൻ പോകുന്നില്ല. ഉദ്യോഗസ്ഥൻമാർക്ക് മാത്രം ഭൂരിപക്ഷമുള്ള ഒരു ബോർഡ് വന്നാൽ ഒരു അതോറിറ്റി വന്നാൽ എന്താകുമെന്നുള്ളതിനു നമ്മുടെ ഉദാഹരണങ്ങൾ കണ്ടതാണ്. വാട്ടർ അതോറിറ്റി ഇപ്പോൾ മാണിയുടെ കൈയിലായി. പാവം ഗംഗാധരന്റെ കൈയിൽ നിന്ന് മാണിയുടെ കൈയിലായി. ഇപ്പോൾ മാണിക്ക് രണ്ട് അതോറിറ്റി ആയി. ഗംഗാധരന് ഒരു അതോറിറ്റി മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ മാണിക്ക് രണ്ട് അതോറിറ്റി ആയി. ഇത്തരത്തിൽ ഉദ്യോഗസ്ഥൻമാർക്കുമാത്രം ഭൂരിപക്ഷമുള്ള ഒരു അതോറിറ്റി വന്നാൽ പർച്ചേയ്സ് നടത്തും. പർച്ചേയ്സിലാണ് എല്ലാ കൃത്രിമങ്ങളും നടക്കുന്നത്. അതിനെപ്പറ്റിയൊക്കെ നേരത്തെ ശ്രീ. ഹംസ ഇവിടെപ്പറഞ്ഞു. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല ഒരു എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്ന് സ്പ്ലൂയിസ് വാൽവ് വാങ്ങുന്ന കാര്യം പറഞ്ഞു. ഇന്ദിരാ എഞ്ചിനീയറിംഗ് കമ്പനിയെന്നാണ് ആ കമ്പനിയുടെ പേര്. എല്ലാ തട്ടിപ്പുകളും നടക്കുന്നത് ഇന്ദിരാഗാന്ധിയുടെ പേരിലാണ്. പാലക്കാട് വിക്ടോറിയ കോളേജിൽ ഇന്ദിരാഗാന്ധിയുടെ ചിത്രം പ്രദർശിപ്പിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ചിത്രം പ്രദർശിച്ചപ്പോൾ നീലചിത്രമാണ് അവസാനം അവിടെ കണ്ടത്. ഇന്ദിരാഗാന്ധിയുടെ പേരിൽപ്പോലും നീലച്ചിത്രമാണ് പ്രദർശിപ്പിച്ചത്. ഇന്ദിരാഗാന്ധിയുടെ പേരിൽ തട്ടിപ്പ് നടത്തണമോ ?

ശ്രീ. വി.സി. കബീർ : അവസാനം നീലച്ചിത്രമാക്കി മാറിയതിനു അറസ്റ്റ് ചെയ്തത് കെ.എസ്.യു. (ഐ) ക്കാരെയാണെന്നുള്ളത് അറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെ.എസ്.യു. (ഐ) ക്കാർക്കും കോൺഗ്രസ്സുകാർക്കും തന്നെയാണല്ലോ ഈ തട്ടിപ്പ്. ആന്റുലെ സിമന്റ് കുംഭകോണവും ഇന്ദിരാഗാന്ധിയുടെ പേരിൽത്തന്നെയല്ലേ നടത്തിയത് ? എല്ലാവരും ഇപ്പോൾ രക്ഷപ്പെടുന്നത് ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും പേരുപറഞ്ഞു കൊണ്ടല്ലേ ? എല്ലാ തട്ടിപ്പിനും ഒരു മറ ഉണ്ടാകണം. അങ്ങനെ ഒരു മറയുണ്ടാക്കാൻ വേണ്ടി ഇവിടെ ഒരു ബോർഡുണ്ടാക്കിയിരിക്കുന്നു. വാട്ടർ അതോറിറ്റി നടത്തിയതുപോലെയുള്ള ആഴിമതിയും വെട്ടിപ്പും നടത്താൻ വേണ്ടി ഒരു കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് അതോറിറ്റിയും രൂപംകൊള്ളുന്നുവെന്നുള്ളതാണ് ഇവിടെ വരാൻ പോകുന്ന ആപത്ത്. ഇതിന്റെ ഘടനയിൽ കാര്യമായ മാറ്റമുണ്ടാകുന്നില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് വാട്ടർ അതോറിറ്റി പോലെയുള്ള മറ്റൊരു തട്ടിപ്പ് സ്ഥാപനം വളർന്നു വരാൻ ഇടയാകും. കൃഷിക്കാരെ രക്ഷിക്കാൻ തയ്യാറാകണം. കമാൻഡ് ഏരിയാപ്രദേശത്തുള്ള കൃഷിക്കാർക്ക് ജലസേചന സൗകര്യം ഉപയോഗപ്പെടുത്താൻ സാധിക്കുന്നവിധത്തിൽ ഈ വികസന അതോറിറ്റി രൂപം പ്രാപിക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിനു സഹായമായവിധത്തിലുള്ള ഒരു ബോർഡല്ല, ഒരു അതോറിറ്റിയല്ല ഈ ബിൽകൊണ്ട് രൂപംകൊള്ളാൻ പോകുന്നത്. അതുകൊണ്ടാണ് ഈ വിയോജനക്കുറിപ്പ്. എഴുതാൻ ഞങ്ങൾ നിർബന്ധിക്കപ്പെട്ടത്. ഈ വിയോജനക്കുറിപ്പിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ബില്ല് അംഗീകരിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഈ വിയോജനക്കുറിപ്പ് എഴുതുന്നതിനു എന്നെ പ്രേരിപ്പിച്ച ചില കാര്യങ്ങൾ മാത്രം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ നിയമത്തെക്കുറിച്ച് നിയമസഭയിൽ ആദ്യം ചർച്ച ചെയ്തപ്പോഴും പിന്നീട് വകുപ്പുകളായി ചർച്ച ചെയ്തപ്പോഴും വളരെയേറെ ആവശ്യമെന്നു തോന്നിയ, നിയമത്തിന്റെ ഉള്ളടക്കത്തിൽ ആവശ്യമെന്നു

LIBRARY ARCHIVES Kerala Legislative Assembly

തോന്നിയ ചില കാര്യങ്ങൾ മാത്രമാണ് ഈ വിയോജനക്കുറിപ്പിൽ ചൂണ്ടി കാണിച്ചിട്ടുള്ളത്. അതുകൊണ്ട് വിയോജനക്കുറിപ്പിൽ എഴുതിയ കാര്യങ്ങൾ മാത്രമേയുള്ളൂവെന്നല്ല. അതിൽ കൂടുതൽ കാര്യങ്ങൾ ഉണ്ട്. വളരെ പ്രസക്തമായ ചില കാര്യങ്ങൾ മാത്രമാണിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ നിയമത്തിന്റെ നിർവ്വചനത്തിൽ കർഷകത്തൊഴിലാളി ആരാണെന്ന് നേരത്തേ നിർവ്വചിച്ചിരുന്നു. ആ നിർവ്വചനത്തോട് യോജിക്കുവാൻ സാധിക്കുകയില്ലെങ്കിലും കർഷകത്തൊഴിലാളി എന്ന നിർവ്വചനം ഉൾപ്പെടെ കൃഷിക്കാരനെന്നുള്ള നിർവ്വചനം തന്നെ ഇതിൽ ഇല്ല. പിന്നീട് പലപ്പോഴും കൃഷിക്കാരൻ എന്നുപയോഗിക്കുന്നുണ്ടെങ്കിലും കൃഷിക്കാരൻ ആരാണെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ നിർവ്വചനം ഒന്നും നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു കർഷകത്തൊഴിലാളിയും ഇപ്പോൾ കൃഷിക്കാരനാണെന്ന്. അദ്ധ്വാനവർഗം എന്നുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ അതാണെങ്കിലും നിലവിലുള്ള നിയമത്തിൽ കർഷകത്തൊഴിലാളിയും കൃഷിക്കാരനും രണ്ടും രണ്ടാണ്. അദ്ദേഹം ഈയൊരു സിദ്ധാന്തം ഈ നാട്ടിൽ അവതരിപ്പിക്കുകയും എല്ലായിടത്തും പ്രചരിപ്പിക്കുകയുമൊക്കെ ചെയ്തപ്പോൾ കൃഷിക്കാരനും കർഷകത്തൊഴിലാളിയും ഒന്നാണെന്നും അദ്ധ്വാനവർഗമാണെന്നും പറഞ്ഞു. പക്ഷെ നിയമത്തിൽ ഇതുവരെ അത് അംഗീകരിച്ചിട്ടില്ല. ആരാണ് കർഷകത്തൊഴിലാളിയെന്ന് നിർവ്വചിക്കേണ്ടതാണ്. കർഷകത്തൊഴിലാളി നിയമം ഈ സഭയിൽ പാസാക്കിയപ്പോൾ എന്താണോ കർഷകത്തൊഴിലാളിക്ക് കൊടുത്ത നിർവ്വചനം ആ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ കർഷകത്തൊഴിലാളിയുടെ നിർവ്വചനവും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെതന്നെയാണ് കൃഷിക്കാരന്റെ നിർവ്വചനം. എന്താണ് കൃഷിക്കാരന്റെ നിർവ്വചനമെന്നുള്ളതിനെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടില്ല. സ്മാൾ ഫാർമർ, മാർജിനൽ ഫാർമർ എന്നൊക്കെ പല ഘട്ടങ്ങളിലായി പറയുന്നുണ്ട്. നാമമാത്ര കൃഷിക്കാർ, പരിമിത കൃഷിക്കാർ അതല്ലെങ്കിൽ ഇടത്തരംകൃഷിക്കാർ, ധനികകൃഷിക്കാർ എന്നെല്ലാം ധാരാളം വാക്കുകൾ ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കുന്നുണ്ട്. അതിൽ ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നത് ഏതെല്ലാം കൃഷിക്കാർക്കാണ്? അപ്പോൾ കൃഷിക്കാർ എന്നുള്ളതിന് നിർവ്വചനം എന്താണെന്ന് ഇതിനകത്ത് പറഞ്ഞിട്ടില്ല. സർ, എന്നു മാത്രമല്ല, 10-ാം വകുപ്പിൽ (ജെ) അതോറിറ്റിയുടെ കർത്തവ്യങ്ങൾ എന്നു പറയുന്നിടത്ത് കർഷകർക്കും കൈത്തൊഴിലുകാർക്കും വേണ്ടി വായ്പ സൗകര്യങ്ങൾ നൽകുകയെന്നതാണ്. ഇതാണ് അതോറിറ്റിയുടെ കർത്തവ്യങ്ങളിലൊന്നായിട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കൃഷിക്കാർക്കും കൈത്തൊഴിലുകാർക്കും സഹായങ്ങൾ, വായ്പസൗകര്യങ്ങൾ എന്നിവ നൽകുക എന്നു പറയുമ്പോൾ പാടത്ത് പണിയെടുക്കുകയും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന കർഷകത്തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും അവർക്ക് ഈ ബില്ലിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് കർഷകത്തൊഴിലാളി എന്ന നിർവ്വചനം ഇതിൽ ഉൾപ്പെടുത്തണം എന്നു പറഞ്ഞിട്ടുള്ളത്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ട് പ്രകാരം പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾ എന്ന് നിർവ്വചനത്തിൽ കൊടുത്തിട്ടുണ്ട്. 1964-ലെ ആക്ട് അനുസരിച്ച് പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വയ്ക്കാൻ പാടില്ല എന്നാണ് പറയുന്നത്. ആ ആക്ടിലെ 82-ാം വകുപ്പനുസരിച്ച് എക്സസ് ലാൻഡ് ഉള്ള ആളുകൾ 85 (എ) വച്ച് സ്റേറ്റ് മെൻറ് ഫയൽ ചെയ്യണമെന്നും 86-ാം വകുപ്പനുസരിച്ച് ആ ഭൂമി ഗവൺമെൻറിൽ വെസ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് പറയുന്നത്. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് കർഷകത്തൊഴിലാളി എന്ന നിർവ്വചനം ഇതിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞത്. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് കർഷകത്തൊഴിലാളി എന്ന നിർവ്വചനം ഇതിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞത്. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് കർഷകത്തൊഴിലാളി എന്ന നിർവ്വചനം ഇതിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നു എന്നുമാണ് പറയുന്നത്. അങ്ങനെവെസ്റ്റ് ചെയ്തിട്ടില്ല എങ്കിൽ, അതിനുള്ള സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടില്ല എങ്കിൽ അവർ ശിക്ഷയ്ക്ക് അർഹരാണ്. ഭൂപരിഷ്ക്കരണ നിയമം അനുസരിച്ച് ശിക്ഷയ്ക്ക് അർഹരായിട്ടുള്ള ആളുകളും — അവർ അർഹരല്ലെന്നാണ് പറഞ്ഞിരിക്കുന്നത് എങ്കിലും, ആ നിയമം അനുസരിച്ച് ഭൂമി കൈവശം വച്ചു കൂടാൻ പാടില്ലാത്ത ആളുകളും, നിയമപരമായി അത് ചെയ്യാൻ അധികാരമില്ലാത്ത ആളുകളും അയോഗ്യരാണെന്ന് വേറൊരു നിയമത്തിൽ എഴുതിവയ്ക്കുന്നതിന്റെ സാംഗത്യം എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. 1 –ാം വകുപ്പിൽ ഈ അതോറിട്ടിയുടെ കർത്തവ്യങ്ങളെക്കുറിച്ച് പറയുമ്പോൾ കമാൻഡ് ഏരിയാക്കുവേണ്ടി നീതിപൂർവ്വകമായ ജലവിതരണ നയം ആവിഷ്ക്കരിക്കുകയും ജലസേചന സംവിധാനത്തിന് ശരിയായ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക എന്നു പറയുന്നുണ്ട്. ഒരു നയം ആവിഷ്ക്കരിക്കാനുള്ള അവകാശം കമാൻഡ് ഏരിയാക്ക് മാത്രം കൊടുക്കുന്നത് ശരിയല്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തെ മൊത്തമായി കണ്ടുകൊണ്ട് ഒരു വാട്ടർ പോളിസി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സെൻട്രൽ വാട്ടർ പോളിസി പോലെ തന്നെ നമ്മുടെ സംസ്ഥാനത്തെ ജലവിതരണം പദ്ധതി കൊണ്ടും അല്ലാതേയും ജലസമ്പത്ത് എങ്ങനെ ഉപയോഗിക്കണമെന്നുള്ളതിനെക്കുറിച്ച് തീരുമാനം എടുക്കുന്നതിനും അതിന് ആവശ്യമായ ഭേദഗതികളും നടപടികളും സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. അതേസമയം ഇവിടെ പറയുന്നത് കമാൻഡ് ഏരിയാക്ക് ജലവിതരണം സംബന്ധിച്ച നയം രൂപീകരിക്കാനും അത് നടപ്പിലാക്കാനുമുള്ള അധികാരം ഉണ്ട് എന്നാണ്. അതിനോടു ഒരു കാരണവശാലും യോജിക്കാൻ പാടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഒരു അധികാരം ഗവൺമെന്റ് വളരെ നീതിപൂർവ്വകമായി ചെയ്യേണ്ട കാര്യം ഏതെങ്കിലും ഒരു അതോറിട്ടിയുടെ പരിഗണനയ്ക്ക് വിടുന്നത് ശരിയല്ലായെന്നുള്ളതാണ് മറ്റൊരു കാര്യം.

അതുപോലെത്തന്നെ നിയമനങ്ങളെ സംബന്ധിച്ച് ഇതിൽ പറയുന്നുണ്ട്. നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടണം. ഏതെങ്കിലും ഒരു അതോറിട്ടിയോ വെൽഫയർ ഫണ്ടോ രൂപീകരിക്കുന്ന സമയത്ത് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടണമെന്നു പറയുമ്പോൾ പൊതുവേ പറഞ്ഞുവരുന്ന ഒരു പല്ലവി, ഇവിടെ നിയമനത്തിന് വലിയ സ്ക്കോപ്പ് ഇല്ല എന്നാണ്. ഇവിടെ നിയമനങ്ങൾ അധികം നടക്കുകയില്ല. പി. എച്ച്. ഇ.ഡി. മാറി വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിട്ടി വന്നപ്പോൾ ഈ നിയമസഭയിൽ തന്നെ അതിന്റെ റൂൾസിനെ സംബന്ധിച്ച ഭേദഗതികൾ ഞാൻ ഉന്നയിച്ച അവസരത്തിൽ അന്നത്തെ മന്ത്രി പറയുകയുണ്ടായി ഇവിടെ നിയമനങ്ങളെ സംബന്ധിച്ച് യാതൊരു സ്ക്കോപ്പും ഇല്ല എന്ന്. പി.എച്ച്.ഇ.ഡി.യിൽ നിന്നും വരുന്ന ആളുകളേയും അത്യാവശ്യം ഡെപ്യൂട്ടേഷനിൽ വരുന്ന ആളുകളേയും ഉപയോഗിച്ചുകൊണ്ടാണ് ഈ ബോർഡ് നടത്താൻപോകുന്നത് എന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പിന്നീടുള്ള സംവേങ്ങൾ ചൂണ്ടിക്കാണിക്കുന്നത് വളരെ കൂടുതൽ നിയമനങ്ങൾ അവിടെ നടന്നു എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് രണ്ട് പ്യൂണിനേയും രണ്ട് ടൈപ്പിസ്റ്റുമാരേയും മാത്രം നിയമിച്ചാൽ മതി ബാക്കിയുള്ളവർ ഡെപ്യൂട്ടേഷനിൽ വരുകയാണ്; അതുകൊണ്ട് പി.എസ്.സി. ക്ക് കൊടുക്കേണ്ടതില്ല എന്നാണ്. ഇതുപോലുള്ള സ്ഥാപനങ്ങളിലുണ്ടാകുന്ന ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി യോഗ്യരായിട്ടുള്ള ആളുകളെ നിയമിക്കാനുമുള്ള സൗകര്യം നിയമനിർമ്മാണം ഉണ്ടാക്കുന്ന സമയത്ത് നമ്മൾ ആലോചിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ഇതിൽ നിയമം ലംഘിക്കുന്ന ആളിന് വാറൻറ് ഇല്ലാതെ പിടിക്കാനും കോടതിയിൽ ഹാജരാക്കാനുമുള്ള അധികാരമുണ്ട്. അത് വളരെ തെറാണെന്ന് സബ്ജക്ട് കമ്മിറിയിൽ ചൂണ്ടിക്കാണിച്ചതാണ്. വാറൻറ് ഇല്ലാതെ പിടിച്ചു, തെറുചെയ്യുന്ന, നിയമം ലംഘിക്കുന്ന ആളിനെ വീട്ടിൽ നിന്നോ, പുരയിടത്തിൽ നിന്നോ കസ്റഡിയിലെടുക്കുന്നു. കസ്റഡിയിലെടുത്ത ആളിനെ അദ്ദേഹം കൈകാര്യം ചെയ്തശേഷം പോലീസ് സ്റേഷനിലെത്തിക്കണം. പോലീസ് സ്റേഷനിൽ അത്യാവശ്യം കൈകാര്യം ചെയ്തശേഷം 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കണമെന്നാണ് പറയുന്നത്. പോലീസിൻെറ കയ്യിൽ കിട്ടിയാൽ കൈകാര്യം ചെയ്യുമെന്ന കാര്യം അങ്ങേക്കും അറിയാമല്ലോ. തങ്കമണിയിൽ അടുത്തദിവസം പോയില്ലേ?

മീനച്ചിൽ റിവർവാലി പദ്ധതി വരാൻ പോകയാണ്. ജോർജ് പുരയിടത്തിൽ നിൽക്കുമ്പോഴും ഓവ്ചാല് മുറിച്ചുവിടാനാണ് നിൽക്കുന്നത് എന്നു പറഞ്ഞ്, ഉടൻ തന്നെ ഉദ്യോഗസ്ഥനെ കസ്റഡിയിലെടുക്കാനും ഈരാറ്റുപേട്ട പോലീസ് സ്റേഷനിൽ എത്തിക്കാനുമുള്ള വകുപ്പ് ഇതിലുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, അത് കാനം രാജേന്ദ്രൻെറ തോന്നലാണ് എന്നെ ആരും പിടിക്കുകയില്ല.

ശ്രീ. കാനം രാജേന്ദ്രൻ : അദ്ദേഹം പിടികിട്ടാപ്പുള്ളിയാണെന്ന കാര്യം എനിക്ക് അറിയുകയില്ലായിരുന്നു. എന്തായാലും ഇങ്ങനെ അധികാരം ദുർവിനിയോഗം ചെയ്യാനുള്ള സൗകര്യം ഇതുകൊണ്ട് ഉണ്ടാകുന്നുണ്ട്. നിയമം ഉണ്ടാക്കുമ്പോഴും അതിനുള്ള സൗകര്യം ഉണ്ടാകാൻ പാടില്ല.

ശ്രീ. പി. സി. ജോർജ് : ഈ നിയമം അനുസരിച്ച് പോലീസ് ഇല്ലാതെ ഉദ്യോഗസ്ഥനെ ആളിനെ പിടിച്ചുകൊണ്ടുപോകാം. അങ്ങനെ ഒരു ഉദ്യോഗസ്ഥനെ പിടിക്കാൻ പറ്റുമോ? പോലീസുകാരൻ നോക്കിയാൽ പിടിക്കാൻ പറ്റുകയില്ലാത്ത കാലത്ത് ഒരു ഉദ്യോഗസ്ഥൻ എങ്ങനെയാണ് കുറക്കാരനെ പിടിക്കുന്നത്?

ശ്രീ. കാനം രാജേന്ദ്രൻ : പോലീസുകാരൻ വിചാരിച്ചാൽ പിടികിട്ടുന്നില്ല എന്നുപറഞ്ഞത് പൂഞ്ഞാർ ഭാഗത്തെ സംബന്ധിച്ച് ശരിയാണ്. പക്ഷെ കേരളത്തിൽ മൊത്തം അങ്ങനെയല്ല. ഉദ്യോഗസ്ഥൻമാർക്ക് അവരെ കസ്റഡിയിലെടുക്കാനും വാറൻറില്ലാതെ കൈകാര്യം ചെയ്യാനുമുള്ള സൗകര്യമുണ്ട്.

ശ്രീ. തോമസ് കല്ലംപള്ളി : കസ്റഡിയിലെടുക്കാനുള്ള അധികാരം ഡിപ്പാർട്ടുമെൻറിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും കൊടുക്കുന്നത് വളരെ അപകടകരമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കാനം രാജേന്ദ്രൻ: അതുതന്നെയാണ് ഞാനും പറഞ്ഞത്. വെള്ളം മോഷ്ടിക്കുകയോ അനധികൃതമായി ഉപയോഗിക്കുകയോ ചെയ്യുന്ന ആളിനെ കണ്ടുപിടിക്കാൻ ഡിപ്പാർട്ടുമെൻറിന് കഴിഞ്ഞിട്ടില്ല. ഡിപ്പാർട്ടുമെൻറിൻെറ അന്വേഷണത്തിൻ കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു മാസത്തിനുള്ളിൽ ആ പ്രദേശത്തുള്ള ജലമുപയോഗിക്കുന്ന മുഴുവൻ ആളുകൾക്കും നോട്ടീസ് കൊടുത്തിട്ട് അവരുടെ പരാതികൾ കേട്ടതിനുശേഷം കൂട്ടപ്പിഴ ഈടാക്കാനാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ കൂട്ടപ്പിഴ ഈടാക്കുന്നതിനുള്ള ഒരു വകുപ്പ് ഇതിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. ടി. കെ. ഹംസ കേസുകൾ രാജിവയ്ക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. 200 രൂപയിൽ താഴെയുള്ള ശിക്ഷ കൊടുത്താൽ ആർക്കും എപ്പോഴും വേണമെങ്കിലും കേസ് രാജി വയ്ക്കാം. കോമ്പൗണ്ട് ചെയ്യാനുള്ള സൗകര്യം സെയിൽസ് ടാക്സിലും എക്സൈസിലും മറ്റ് പല വകുപ്പിലുമുണ്ട്. അതിന്റെ ഗുണ ദോഷങ്ങൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആ സ്ഥിതിക്ക് ഇനി വീണ്ടും നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തിൽ ഇതേ വകുപ്പ് ഉണ്ടാക്കണം എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ് ? കോടതിയുടെ അധികാരത്തോടുകൂടി ഇത് രാജിയാക്കുന്നതിനുള്ള സൗകര്യം ഉണ്ടാകുമല്ലോ. ഈ നിയമത്തിൽ കാതലായ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ടല്ലാതെ കൃഷിക്കാരനു ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയില്ല എന്നുള്ളതുകൊണ്ട് ആണ് ഞാൻ ഭിന്നാഭിപ്രായക്കുറിപ്പ് എഴുതിയിട്ടുള്ളത്.

ശ്രീ. വി. സി. കബീർ: സർ, ഈ ബില്ലിന് ഞങ്ങൾ വിയോജനക്കുറിപ്പ് എഴുതി. ഇത് ഇവിടെ രണ്ടുമൂന്നുപ്രാവശ്യം വിശദമായ ചർച്ചയ്ക്ക് വന്നു, പല നിർദ്ദേശങ്ങളും ഞങ്ങൾ വച്ചു. മന്ത്രി ഞങ്ങളോടു സൗമനസ്യം കാണിക്കുന്നതായിട്ട് തോന്നി. എന്നിട്ടും ഞങ്ങൾക്ക് പൂർണ്ണമായി തൃപ്തിയാകാത്തതുകൊണ്ടാണ് ഭിന്നാഭിപ്രായക്കുറിപ്പ് എഴുതിയത്. ഇത് വാട്ടർ അതോറിട്ടിയെപ്പോലെ ആകാതിരിക്കട്ടെ. അവിടത്തെ നിയമനങ്ങളും അഴിമതിയും കയ്യിട്ടുവാരലും നമ്മൾ കണ്ടതാണല്ലോ. അതുപോലെ ഇതിനും സംഭവിക്കാതിരിക്കട്ടെ. ഈ ബില്ല് തയ്യാറാക്കിയത് കർണ്ണാടക ഗവൺമെന്റ് തയ്യാറാക്കിയ ബില്ലിന്റെ അസ്ഥികൂത്തിന്റെ പുറത്ത് മാംസളമാക്കി ഇപ്പോൾ ഇതിനെ പ്രദർശിപ്പിച്ചിരിക്കുകയാണ്. ഈ ബില്ലിൽ ഒരു കാര്യം പറയുന്നു, ഗുണഭോക്താക്കളുടെ സന്നദ്ധ സംഘടനകളിൽ നിന്നോ രജിസ്റ്റർ ചെയ്യപ്പെട്ട മേഖലകളിൽ നിന്നോ ആളുകളെ തെരഞ്ഞെടുക്കണം - എന്നു പറയുന്നുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി യൂത്ത് ക്ലബ്ബുകളുടെ പ്രവാചകനാണല്ലോ. കഴിഞ്ഞപ്രാവശ്യം യൂത്ത് ക്ലബ്ബുകൾ ഉണ്ടാക്കി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. അടിയോടടിയാണ് അവിടെ നടക്കുന്നത്. അവസാനം പല സ്ഥലങ്ങളിലും യൂത്ത് ക്ലബ്ബുകൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല. കമാൻഡ് ഏരിയായുടെ കീഴിൽ അസോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമയത്ത് അടിയുടെ പൂരമായിരിക്കും. അതിന് എന്താണ് പോംവഴിയെന്ന് മന്ത്രി സൂചിപ്പിച്ചിട്ടില്ല. നിയമനങ്ങളെ സംബന്ധിച്ച് പോലും ഞങ്ങൾക്ക് വലിയ സംശയം നിലനിൽക്കുകയാണ്. വാട്ടർ അതോറിട്ടിയിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ആളുകളെ തിരുകികയറ്റുന്നുണ്ട്. പല മന്ത്രിമാരും ഇവിടെ നിന്ന് ചീട്ടെഴുതിക്കൊടുത്ത് ആളുകളെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലും അതുപോലുള്ള അഴിമതി ഉണ്ടാകാതിരിക്കുവാൻ നിയമനം പി.എസ്.സി.ക്ക് വിടണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: Sir, I move that the Kerala Command Areas Development Bill, 1986 as reported by the Subject Committee be recommitted to the same Subject Committee.

സർ, വൻകിട, ഇടത്തരം, ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുമ്പോൾ തീർച്ചയായും നമ്മുടെ ജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ആരായുന്നതിന് അവസരം കൊടുക്കണമെന്നുള്ളത് വളരെ ആവശ്യമുള്ള ഒരു കാര്യമാണ്. വൻകിട പദ്ധതികൾക്ക് വേണ്ടി കോടിക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപ ലോകബാങ്ക് തുടങ്ങി പല ഏജൻസികളിൽനിന്ന് കടമായി മേടിച്ച് ചെലവഴിക്കുന്നു. അവയൊക്കെ യഥാർത്ഥത്തിൽ വർഷങ്ങളായി വെറും പദ്ധതികളെന്നുള്ള പേരിൽ നിൽക്കുന്നതല്ലാതെ ആ പദ്ധതികളുടെ പ്രയോജനം ഇന്ന് ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇത് ജനങ്ങൾക്കുവേണ്ടിയുണ്ടാക്കിയതാണെന്ന സങ്കൽപ്പംതന്നെ മാറിയിരിക്കുന്നു. ഇപ്പോൾ ജലസേചന പദ്ധതികൾ മാത്രമല്ല, നമ്മുടെ മറ്റ് ഏത് പദ്ധതികളെടുത്തു പരിശോധിച്ചാലും അത് യഥാർത്ഥത്തിൽ നാടിനോ, ജനങ്ങൾക്കോ പ്രയോജനപ്രദമല്ലെന്നുള്ള കാര്യം കാണാൻ സാധിക്കും. ആ രീതിയിലുള്ള ആരോപണങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല, അതേക്കുറിച്ച് ഈ സഭയിൽ ധാരാളം പറഞ്ഞിട്ടുള്ളതാണ്.

ഇവിടെ നമ്മുടെ വൻകിടജലസേചനപദ്ധതികളുടേയും ഇടത്തരം ജലസേചനപദ്ധതികളുടേയും ആയക്കെട്ട് പ്രദേശങ്ങളുടെ സമഗ്രമായ വികസനമെന്നുപറയുമ്പോൾ, അവിടെ അധിവസിക്കുന്ന ജനങ്ങൾക്ക് ഈ ബില്ലിൽ അനുസരിച്ചുള്ളപരിപാടികൾ നടപ്പിലാക്കുന്നതിലുള്ള അഭിപ്രായമെന്താണെന്ന് കേൾക്കുന്നതിനുള്ള ഒരു സംവിധാനമില്ല. ഇവിടെ നോമിനേഷനെ കുറിച്ച് ധാരാളം പറഞ്ഞു. നോമിനേഷനിലൂടെ കാര്യങ്ങളെല്ലാം തീരുമാനിക്കുക, അതിന്റെ നിയന്ത്രണം തന്നെ എല്ലാ അർത്ഥത്തിലും ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ നിലനിർത്തുക എന്നുപറയുമ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കേണ്ട കൃഷിക്കാർക്ക്, അല്ലെങ്കിൽ ആ ഭൂമിയുടെ ഉടമകൾക്ക് സ്വതന്ത്രമായി, ജനാധിപത്യപരമായി അതിന്റെ വികസനത്തെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒന്നും മുന്നോട്ടു വയ്ക്കുന്നതിന് കാര്യമായ സ്ഥാനം ഈ ബില്ലിൽ ഇല്ല. ഇനി ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോയി വരുമ്പോഴും സ്ഥിതി ഇതാണ്. അതുപോലെ അധികാരങ്ങൾ ഉദ്യോഗസ്ഥൻമാരിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ബോർഡാണ് ഉദ്ദേശിക്കുന്നത്. ഇതിൽ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, യഥാർത്ഥത്തിൽ സർക്കാരിന്റെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷൻവഴിയാണ് നടത്തേണ്ടത്. ഈ ബോർഡിന് നിയമനാധികാരമുള്ളപ്പോൾ മിക്കവാറും എന്തായിരിക്കും നടക്കുക എന്ന് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. ഇവിടെ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ കാര്യം പറഞ്ഞു. താരതമ്യേന നീതിപൂർവ്വകമെന്നു ജനങ്ങളുടെ സങ്കൽപ്പത്തിലുള്ളത് മറികടക്കുന്നതിന്റെ ഫലമായി എന്തൊക്കെയാണ് സംഭവിക്കുന്നത്? ഡി.സി.സി. ഓഫീസിൽനിന്ന് കൊടുത്ത നിയമനലിസ്റ്റിൽ ഉള്ള ഒരാളിന് നിയമനം കൊടുക്കാത്തതിനെപ്പറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ചോദിക്കുകയും, അവസാനം അയാളെ കർശനമായി നിയമിക്കുകയുംചെയ്യണമെന്ന് പറഞ്ഞപ്പോൾ അയാൾക്ക് എന്ത് നിയമനമാണ് കൊടുത്തത് എന്ന് നമ്മൾ കണ്ടതല്ലേ! അയാൾക്ക് ടെലിഫോൺ അറൻറുടെ നിയമനം കൊടുത്ത ചരിത്രം ഇവിടില്ലേ? ചെവി പൊട്ടന് ടെലിഫോൺ അറൻഡറുടെ നിയമനം കൊടുത്ത സംഭവം ഈ ഗവൺമെൻറിന്റെ കാലത്തുള്ളതാണ്. ഏത് പോസ്റ്റിനായാലും പറയുന്നവന് നിയമനം കൊടുക്കുകയെന്നു പറയുന്ന നീതിപൂർവ്വകമല്ലാത്ത നിയമനം നടത്തുന്നു. അതുകൊണ്ടാണ് ഇവിടെ നിയമനങ്ങൾ പി.എസ്.സി. വഴി നടക്കാനുള്ള സംവിധാനത്തിന് വേണ്ട പ്രൊവിഷൻ ഈ നിയമത്തിൽ ഉണ്ടാകണമെന്ന് പറയുന്നത്. അത് ഭിന്നാഭിപ്രായക്കുറിപ്പിൽ മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

ആയക്കെട്ടുപ്രദേശത്തിന്റെ സമഗ്രമായ വികസനംവഴി കേരളത്തിൽ വളരെ വികസനസാദ്ധ്യതയുള്ള ഒന്നാണ് ടൂറിസം. നമ്മുടെ വൻകിട ജലസേചന പദ്ധതിപ്രദേശങ്ങളിൽ ടൂറിസം വികസിപ്പിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ നമ്മുടെ ഏസ്റ്റിമേറ്റ്സ് കമ്മിറ്റിതന്നെ മുന്നോട്ട് വച്ചിട്ടും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വൻകിടജലസേചനപദ്ധതികളും ഉള്ള പ്രദേശങ്ങളിൽ അവ യഥോചിതം നടപ്പാക്കാൻ തയ്യാറാകുന്നില്ല. തീർച്ചയായും ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുമ്പോൾ കൃഷിക്കാരായ ജനങ്ങളുടെ അഭിപ്രായങ്ങളാരായുന്നതിനുള്ള അവസരം ഉണ്ടാകണമെന്നുള്ള ഭേഗതികൂടി ഞാൻ അവതരിപ്പിക്കുന്നു.

Shri K. Krishnankutty : Sir, I move that the Kerala Command Areas Development Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

സർ, ഞാൻ കൃഷിക്കാരുടെ ബുദ്ധിമുട്ടുകളും മാത്രമേ പറയുന്നുള്ളു. വകുപ്പ് 16 അനുസരിച്ച് ആയക്കെട്ട് പ്രദേശത്ത് 50 സെൻറ് ഭൂമിയുണ്ടെങ്കിൽ അതിൽ ഞാൻ ഒരു വീട് വയ്ക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഈ നിയമം പ്രാബല്യത്തിൽ വന്നാൽ ഈ അതോറിറ്റി തന്നെ നമ്മുടെ സമ്മതമില്ലാതെ കൃഷി നിരപ്പാക്കിയതിന്റെ സംഖ്യവരെ നമ്മിൽനിന്നും വസൂലാക്കുന്നു അത് ശരിയല്ല. കൃഷിക്കാരന് താല്പര്യമുള്ള രീതിയിൽ അത് വികസിപ്പിക്കാനും അതിൽ കൃഷി ചെയ്യാനുമുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. ഇങ്ങനെവന്നാൽ ഒരു കൃഷിക്കാരന്റെ ഭൂമിയിൽ എന്ത്ചെയ്യണം, എങ്ങനെ നടപ്പാക്കണമെന്നുള്ളത് തീരുമാനിക്കാൻ ഈ അതോറിറ്റിക്ക് പവ്വർ കൊടുക്കുന്നത് ഒരിക്കലും ശരിയല്ല. ആ കൃഷിക്കാരന്റെ താൽപ്പര്യത്തിന് അനുസരിച്ചേ ചെയ്യാൻ പാടുള്ളു. ഇപ്പോഴും കൃഷിക്കാരോട് കാണിക്കുന്നത് വലിയ ദ്രോഹമാണ്. ബഹുമാനപ്പെട്ട മന്ത്രി കൃഷിക്കാരുടെ ആളാണ്. ഇവിടെ ഇങ്ങനെ കൃഷിക്കാരെ ദ്രോഹിക്കുന്ന തെറ്റായ ഒരു നടപടി എടുത്തത് തെറ്റായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്.

വകുപ്പ് 24-ൽ കൃഷിഭൂമിയിൽ ഏത് കൃഷി ചെയ്യണമെന്ന് നിർദ്ദേശിക്കാനുള്ള അധികാരം ഈ അതോറിറ്റിക്കാണ്. എനിക്ക് നാലേക്കർ സ്ഥലമുണ്ടെങ്കിൽ സാധാരണനിലയ്ക്ക് ഞാൻ അതിൽ കുറച്ച് നെൽകൃഷി ചെയ്യും, കുറച്ച് കരിമ്പ് കൃഷിചെയ്യും, ബാക്കി കുറച്ചുഭാഗത്ത് മറ്റേതെങ്കിലും കൃഷി ചെയ്യും. അങ്ങനെ ചെയ്യാതിരുന്നാൽ കൃഷിക്കാരന് നിലനിൽപ്പില്ല. ഏതു സമയത്താണ് കൃഷിവിളയ്ക്ക് വിലയിടിവ് ഉണ്ടാകുകയെന്നുള്ളതറിയില്ല. എല്ലാ കൃഷികളും ചെയ്താൽ ഏതെങ്കിലും മുന്നിൽനിന്നെങ്കിലും ലാഭം കിട്ടുമെന്നുള്ള ഉദ്ദേശത്തിലാണ് കൃഷി ചെയ്യുക. ഈ നിയമം വന്നാലുള്ള ഒരു തകരാറ് ഈ അതോറിറ്റി നിശ്ചയിക്കുന്ന കൃഷിയേ ചെയ്യാൻപാടുള്ളൂ എന്നതാണ്; അങ്ങനെ പറയുന്നത് ശരിയല്ല. അതുകൊണ്ട് അങ്ങനെയുള്ള ഒരു നിർബന്ധം ഈ അതോറിറ്റിക്ക് കൊടുക്കുന്നത് ശരിയല്ല. അതുപോലെ അതോറിറ്റി പറയുന്ന വിത്തു തന്നെ നടണമെന്നു പറയുന്നതും ഒരിക്കലും ശരിയല്ല. നെൽകൃഷി പല രീതിയിലാണ്; പ്രത്യേകിച്ച് പാലക്കാട്ടുള്ള ആളുകളും പല വിധത്തിലുള്ള വിത്തുകളാണ് ഉപയോഗിക്കുന്നത്. മൂപ്പ് കുറഞ്ഞതുണ്ട്. മൂപ്പ് കൂടിയവയുമുണ്ട്. ഏതാണ് ലാഭം, ആ കൃഷി ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. അതല്ലെങ്കിൽ ഈ നിയമംകൊണ്ട് കൃഷിക്കാർക്ക് വലിയ ദ്രോഹമായിരിക്കും ചെയ്യുന്നത്. വാസ്തവത്തിൽ കൃഷിക്കാരെ ഉദ്ദേശിച്ച് ആണ് ഇത് ചെയ്യുന്നതെങ്കിലും അത് അവരെ സംബന്ധിച്ചിടത്തോളം വലിയൊരു ദ്രോഹമായിരിക്കും.

അതുപോലെ അതോറിറ്റിയുടെ ഫണ്ട് കമേഴ്സ്യൽ ബാങ്കിലാണ് ഇടുംക്കൊള്ളിച്ചിരിക്കുന്നത്, അത് ഒരിക്കലും ശരിയല്ല. സഹകരണസംഘങ്ങൾക്കുകൂടി ആ അവകാശം കൊടുക്കണം. എന്നാലേ കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാൻ സാധിക്കൂ. അതുപോലെതന്നെ അനധികൃതമായി ജലം ഉപയോഗിക്കുന്ന ആളുകളെ കണ്ടുപിടിക്കണം. ഒരു ഫീൽഡ് കനാലിന്റെ കീഴിൽ നാൽപതോ അൻപതോ ഏക്കർ കൃഷിഭൂമി കാണും. അവിടെ കൂട്ടപ്പിഴ ചുമത്തുന്ന ഏർപ്പാടാണ് ഈ നിയമത്തിലുള്ളത്. ചിലപ്പോൾ ഏതെങ്കിലും ഒരു ചെറിയ കുട്ടിയോ മറ്റോ ആയിരിക്കും വെള്ളം തുറന്നു വിട്ടത്, എന്നാൽ യഥാർത്ഥത്തിൽ അങ്ങനെ തുറന്നു വിട്ട ആളെ കണ്ടുപിടിക്കാൻ പറ്റിയില്ലെങ്കിൽ കൂട്ടപ്പിഴ ചുമത്തുന്ന ഒരേർപ്പാടുണ്ട്. ആരെങ്കിലും ചെയ്യുന്ന കുറ്റത്തിന് അവിടെയുള്ള മുഴുവൻ കൃഷിക്കാരുടെമേലും കൂട്ടപ്പിഴ ചുമത്തുന്ന രീതി ശരിയല്ല. അതുകൊണ്ട് വകുപ്പ് 33 ഭേദഗതി ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നിയമത്തിൽ ആദ്യത്തെ ഓർഡിനൻസ് പ്രകാരം സാമൂഹ്യജലക്ഷേമം ഇല്ല. ഇപ്പോൾ സബ്ജക്ട് കമ്മിറ്റി പരിശോധിച്ചപ്പോൾ അതിൽ ഇക്കാര്യം അഡീഷണലായി ചേർത്തിട്ടുണ്ട്. അതിന്റെ ഉദ്ദേശം എന്താണ്? ആയക്കെട്ട് പ്രദേശത്തിനാണ് ഈ നിയമം വന്നത്. പക്ഷേ നിർഭാഗ്യവശാൽ സർവ്വഭൂമിയും ശ്രീ. മാണിയുടെ കൈകളിലൊതുക്കുകയെന്നുള്ള ഒരു തന്ത്രം കൂടി ഇതിലുണ്ട്. കൂടാതെ പോലീസുകാർ നേരിട്ട് കേസ് സെടുക്കുന്ന ഒരേർപ്പാടുമുണ്ട്. അതും അവസാനിപ്പിക്കണം. അത് അവസാനിപ്പിച്ചില്ലെങ്കിൽ ഏത് കൃഷിക്കാരന്റെ പേരിലും, രാത്രിയും പകലും വ്യത്യാസമില്ലാതെ പോലീസുകാർ കടന്നു കയറാനുള്ള ഒരു അവസരമുണ്ടാക്കിക്കൊടുക്കുകയായിരിക്കും ചെയ്യുന്നത്. എൻജിനീയർമാർ റിപ്പോർട്ട് ചെയ്യട്ടെ, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണമെങ്കിൽ പോലീസിന് കേസ് സെടുക്കാമെന്നാക്കണം. ഇപ്പോഴുള്ള ഇറിഗേഷൻ നിയമപ്രകാരംതന്നെ എൻജിനീയർമാരോ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോ റിപ്പോർട്ട് ചെയ്താൽ അതിന്റെ അടിസ്ഥാനത്തിലേ കേസ്സ് എടുക്കുന്നുള്ളൂ. എന്നാൽ ഇപ്പോൾ പോലീസിനുതന്നെ നേരിട്ട് കേസ്സ് എടുക്കാം. കനാലിലെ വെള്ളം അനാവശ്യമായി ഉപയോഗിച്ചോ എന്ന് പോലീസ് എങ്ങനെയാണ് അറിയുക? അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ വിഷയങ്ങളിലെ കാതലായ കാര്യങ്ങളും അക്സെപ്റ്റ് ചെയ്യുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല. ന്യായമായ കാര്യങ്ങളും ഓരോ വകുപ്പിന്റെയും ചർച്ചയുടെ സമയത്ത് കൂടുതലായി പരിശോധിക്കാം. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു ഡെഫനിഷൻ വേണമെന്ന ഒരു അഭിപ്രായം വന്നു. കർഷകത്തൊഴിലാളി' എന്ന ഡെഫനിഷന്റെ ആവശ്യമില്ല. ഒന്ന് കർഷകത്തൊഴിലാളിയുടെ ഏതെങ്കിലും ഒരു അവകാശസംബന്ധമായ നിയമമല്ല ഇത്. കമാൻഡ് ഏരിയ ഡെവലപ്പ്മെന്റിനകത്ത് പറയുന്നത് ഒരു ജലസേചനപദ്ധതികൊണ്ട് പ്രയോജനം സിദ്ധിക്കുന്ന ഭൂപ്രദേശങ്ങളിലെ ആയക്കെട്ടെന്നാണ്. ആ ഭൂപ്രദേശങ്ങളിലെ വ്യക്തികളെ, അത് 5 സെന്റുകാരാകട്ടെ, 10 സെന്റുകാരാകട്ടെ, ലാൻഡ്ഹോൾഡേഴ്സിനെ സംബന്ധിച്ചിടത്തോളം ഉടമസ്ഥരോ പാട്ടക്കാരോ ഒറ്റിക്കാരോ ആരുതന്നെ ആകട്ടെ ഇവിടത്തെ പ്രസക്തമായ വിഷയം ഭൂപ്രദേശമെന്നാൽ ആ ഭൂപ്രദേശത്തിനകത്ത് താമസിക്കുന്ന കർഷകർഎന്നാണ്. എന്നുപറയുമ്പോൾ 5 സെന്റുകാരനും 10 സെന്റുകാരനുമൊക്കെ വരും. അതുകൊണ്ട് കർഷകത്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ നിർവചനം വേണുമെന്നു പറയുന്നതിൽ വലിയ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം പറയാനുള്ളത്, ഇതിൽ 37-ാം മത്തെ വകുപ്പിൽ തടസ്സമുണ്ടാക്കുന്നയാളുകളെ നീക്കം ചെയ്യുവാനുള്ള ഒരു പ്രോവിഷനുണ്ട്. അതു വളരെ ജനാധിപത്യവിരുദ്ധമായിപ്പോയി, സോഷ്യലിസ്റ്റ് ഫാഷിസ്റ്റ് ഭരണമാണ് എന്നൊക്കെയുള്ള വിമർശനങ്ങളുണ്ടായി അതൊരു ഉദ്ധരണം മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി കർണ്ണാടക നിയമം മെമ്പർമാർക്കെല്ലാം സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. കേരള കമാൻഡ് ഏരിയ ഡെവലപ്മെന്റ് ബില്ലിന്റെ ബാക്ക് ഗ്രൗണ്ട് നോട്ട് എല്ലാ മെമ്പർമാർക്കും സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. കർണ്ണാടക ബില്ലിന്റെ 72-ാം പേജിൽ പറഞ്ഞിട്ടുണ്ട്——————Power to remove and take into custody any person obstructing :—Any officer or authority in-charge of or employed on any irrigation system under a pipe-outlet may remove from the land or any building thereon or may take into custody without warrant and forthwith handover to a police officer-in-charge of the nearest police station, any person who with in his view, etc., അപ്പോൾ ഈ നിയമത്തിലെ 37-ാം വകുപ്പ് കർണ്ണാടകനിയമത്തിന്റെ അനോലഗസ് ആയിട്ടുള്ള പ്രൊവിഷനാണ്. ഞാൻ ഈ ക്ലാസ് കൂടി വായിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ടായ ആംഗ്സൈറ്റി മുഴുവൻ റിമൂവ് ചെയ്യപ്പെടും. ഇന്നു നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമം ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്ട്, 1956 ആണ്. ആ നിയമത്തിൽ 34-ാ മത്തെ വകുപ്പിൽ.....

ശ്രീ. തോമസ് കല്ലമ്പള്ളി : ഒരു അറിയപ്പെടുന്ന വക്കീൽ കൂടിയായ അങ്ങ് 37-ാം വകുപ്പിൽ ഉദ്യോഗസ്ഥൻമാർക്ക് ആളുകളെ കസ്റ്റഡിയിലെടുക്കാൻ അധികാരം കൊടുത്തത് ശരിയാണോ ?

ശ്രീ. കെ. എം. മാണി : ഇതുകൂടി വായിച്ചുകഴിയുമ്പോൾ കല്ലമ്പള്ളിക്ക് അതു മനസ്സിലാകും. ഇന്ന് നിലവിലുള്ള കേരളത്തിലെ ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്റ്റിലെ 34-ാം വകുപ്പു ഞാൻ വായിക്കാം.

Power to arrest without warrant :—Any person in charge of an irrigation work or of the distribution of water from such work may take into custody without a warrant and take forthwith before a Magistrate or to the nearest police station to be dealt with according to Law, any person, who, with in this view, commits any of the following offences :—

നിലവിലുള്ള നിയമത്തിലെ ഈ വകുപ്പനുസരിച്ചാണ് അതു കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള നിയമത്തിലെ 34-ാം വകുപ്പിൽ ഈ പ്രൊവിഷനുണ്ടെങ്കിൽ, കർണ്ണാടക നിയമത്തിലെ 31-ാം വകുപ്പിൽ ഈ പ്രൊവിഷനുണ്ടെങ്കിൽ നമ്മുടെ നിയമത്തിലും അനോലഗസ് ആയിട്ടുള്ള ഒരു പ്രൊവിഷൻ എഴുതിച്ചേർത്തതിൽ യാതൊരു കുഴപ്പവുമില്ല. അതിനകത്തു ഇങ്ങനെയൊരു ആംഗ്സൈറ്റിക്കും കാര്യമില്ല. നിലവിലുള്ള നിയമപ്രകാരം ഇതുമാത്രമേ എനിക്ക് ഇക്കാര്യം സംബന്ധിച്ച് പറയുവാനുള്ളൂ.

സാക്ഷികളെ വിളിച്ചുവരുത്താനും വിസ്തരിക്കാനുമുള്ള അധികാരത്തിന് ഓർജിനൽ ബില്ലിൽ നിന്നും വളരെയധികം മാറ്റം വരുത്തിയിട്ടുണ്ട്. ഓർജിനൽ ബില്ലിലുണ്ടായിരുന്ന 43-ാ മത്തെ ക്ലാസ് ഞാൻ വായിക്കാം. ഓർജിനൽ ബില്ലിൽ 43-ാമത്തെ ക്ലാസിൽ പറഞ്ഞിരിക്കുന്നത് സാക്ഷികളെ വിളിച്ചുവരുത്താനും വിസ്തരിക്കാനുമുള്ള അധികാരം ഈ ആക്റ്റിന്റെകീഴിൽ ഏതെങ്കിലും അന്വേഷണവിചാരണ നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഉദ്യോഗസ്ഥനു് സിവിൽ നടപടി നിയമസംഹിത 1908 പ്രകാരം സാക്ഷികളെ വിളിച്ചുവരുത്താവുന്നതും വിസ്തരിക്കാവുന്നതും പ്രമാണങ്ങൾ ഹാജരാക്കാവുന്നതും ബന്ധപ്പെട്ട ഒരു സിവിൽ കോടതിക്കു് നൽകപ്പെട്ടിരിക്കുന്നതുപോലെയുള്ള അധികാരങ്ങൾ പ്രയോഗിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണവിചാരണ ഒരു ജൂഡീഷ്യൽ നടപടിയായി കരുതപ്പെടാവുന്നതുമാണു് എന്നാണു്. ഇതിനെപ്പറ്റി വളരെയധികം ചർച്ച സബ്ജക്റ്റ് കമ്മിറ്റിയിൽ നടന്നു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻമാർ കാനവും ഹംസയുമെല്ലാം കൂടി വളരെ ചർച്ച നടത്തിയപ്പോൾ ജനാധിപത്യമര്യാദയോടുകൂടി, അതിനകത്തു് കാതലായ ഒരു കാര്യമുണ്ടെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അതു സ്വീകരിക്കുകയാണു് ചെയ്തതു്. ആ അഭിപ്രായങ്ങൾ സ്വീകരിച്ചുകൊണ്ടു് ഒരു പുതിയ അമൻഡ്മെന്റ് ഫോമിലാണു് സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു് ചെയ്ത ബില്ലിലുള്ള അമ്പതാമത്തെ ക്ലാസ്. ഈ ക്ലാസ്സിൽ, ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും അന്വേഷണവിചാരണ നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനു് സാക്ഷികളെ വിളിച്ചുവരുത്താനും വിസ്തരിക്കാനും ആവശ്യമെന്നുകരുതുന്ന പ്രമാണങ്ങൾ ഹാജരാക്കുന്നതിനു് ആവശ്യപ്പെടാവുന്നതുമാണു്. അതിന്റെയർത്ഥം സിവിൽ കോടതിക്കുള്ള മുഴുവൻ അധികാരങ്ങളും എടുത്തുകളഞ്ഞു. ജൂഡീഷ്യൽ പ്രൊസീഡിംഗ്സായിരിക്കും എന്നു പറയുന്നതു് മുഴുവൻ എടുത്തുകളഞ്ഞു. ആരെയെങ്കിലും വിളിച്ചു് വോളന്ററിയായിട്ടു് വരണമെന്നു പറയാനോ വിളിച്ചുവരുത്താനോ പ്രമാണങ്ങൾ ചോദിക്കാനോ വെരിഫൈ ചെയ്യുവാനോ സ്വാഭാവികമായ സാധാരണഗതിയിലുള്ള ഒരു അധികാരം മാത്രമേ ഇപ്പോൾ നിക്ഷിപ്തമാക്കിയിട്ടുള്ളു. സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ചയ്ക്കു് വന്ന സമയത്തുതന്നെ സംശയമുണ്ടായിരുന്ന വകുപ്പുകളെ പല്ലും നഖവും ഉപയോഗിച്ചു് എതിർത്തു. അതു് മുഴുവൻ എടുത്തുകളഞ്ഞതിനുശേഷം ഇതുപോലെ വളരെ വളരെ യോജിപ്പോടുകൂടി ഒരു നിയമം കൊണ്ടുവന്നിട്ടുണ്ടോയെന്നുതന്നെ എനിക്കു് സംശയമാണു്. പക്ഷെ പ്രതിപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കറിയാം നിങ്ങളുടെ ചുമതലയാണു് ഒരു അമൻഡ്മെന്റെങ്കിലും കൊണ്ടുവരികയെന്നതു്. അമൻഡ്മെന്റില്ലാതെ, ഡിസെന്റിംഗില്ലാതെ ഒരു നിയമം കൊണ്ടുവന്നാൽ തീർച്ചയായും അതു ഭംഗിയാകുകയില്ല. അതുകൊണ്ടു നിങ്ങളുടെ ചുമതലയ്ക്കുവേണ്ടി ഇതിൽ സാങ്കേതികമായ ഒരു ഡിസെന്റിംഗ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ എനിക്കു് അഭിപ്രായവ്യത്യാസമില്ല. പക്ഷെ കാതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇതുമാത്രമേയുള്ളു.

വേറൊരുകാര്യം കാമ്പൗണ്ടിംഗിനെക്കുറിച്ചു ബഹുമാനപ്പെട്ട ഹംസ പറഞ്ഞു. ഇവിടെ കാമ്പൗണ്ടബിൾ ഒഫൻസ് എന്നു പറയുന്നതു് രാജിയാകാവുന്ന വകുപ്പുകളാണു്. ചില കുറ്റങ്ങളിൽ സ്വന്തമായി കക്ഷികൾക്കു് രാജിയാകാം. രാജി അപേക്ഷ കോടതിയിൽ കൊടുക്കാം. ചില കുറ്റങ്ങൾ കോടതിയുടെ അനുവാദത്തോടുകൂടി മാത്രമേ കാമ്പൗണ്ട് ചെയ്യാനൊക്കുകയുള്ളു. ക്രിമിനൽ പ്രൊസീഡുവർ കോഡിലെ കാമ്പൗണ്ടബിളെന്നു പറയുന്ന വാക്കിന്റെ അർത്ഥവും ഇവിടത്തെ കാമ്പൗണ്ടിംഗ് എന്നു പറയുന്ന വാക്കിന്റെ അർത്ഥവും രണ്ടും രണ്ടാണു്. ഇവിടെ ഒരു കുറ്റകൃത്യം ചെയ്തതായി കണ്ടാൽ അല്ലെങ്കിൽ ആയക്കെട്ടിൽ എന്തെങ്കിലും കേടുപാടുകൾ വരുത്തിയാൽ, ഗുരുതരമായ ഒരു കുറ്റം ചെയ്തതായി ഒരു ഉദ്യോഗസ്ഥൻ കണ്ടുപിടിച്ചാൽ ഉടനെ തന്നെ രസീതു് എഴുതി നിങ്ങൾക്കു് 50 രൂപ പിഴയെന്നുപറഞ്ഞു് ആ പിഴ അടയ്ക്കാനും ഫൈൻ ചെയ്യാനുമുള്ളതാണു്. കാമ്പൗണ്ടിംഗ്. അപ്പോൾ അതു് സ്വീകരിക്കാം. കുറ്റം ചെയ്തതായി കക്ഷി തന്നെ സമ്മതിച്ചു: ശരി ഞാൻ 50 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പിഴ കൊടുക്കാമെന്നു സമ്മതിച്ച് പിഴ കൊടുക്കുന്ന കാമ്പൗണ്ടിംഗ് സമ്പ്രദായം പല നിയമത്തിലും ധാരാളമായിട്ടുണ്ട്. കർണ്ണാടക ആക്ടിൽ വീണ്ടും ഞാൻ വായിക്കുകയാണ്. കർണ്ണാടക ആക്ടിലെ 33-ാം ക്ലാസ് ഞാൻ സഭയുടെ അറിവിലേക്ക് വായിക്കുകയാണ്.

Compensation of offences :—(1) Any officer authorised by the Authority may accept from any person who has committed or in respect of whom a reasonable belief can be inferred that he has committed an offence punishable under this Act, or the rules made thereunder, a sum of money not exceeding 200 rupees by way of composition for such offence ;

(ii) On payment of such sum of money, the said person if in custody, shall be released and no further proceedings shall be taken against him in regard to the offence so compounded.

ഇതു കർണ്ണാടക കമാൻഡ് ഏരിയ ഡെവലപ്പ്മെൻറ് നിയമത്തിലേതാണ്. ഇവിടെയെന്തെങ്കിലും ഒരു പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നു, അല്ലെങ്കിൽ അനുചിതമായതോ ജനാധിപത്യവിരുദ്ധമായതോ ആയ നിയമം കൊണ്ടുവന്നിരിക്കുന്നു എന്നൊക്കെ പറയുന്നതിൽ കാര്യമില്ല. അതു വെറും ഒരു സംശയം മാത്രമാണ്. സംശയമുണ്ടെങ്കിൽ അതിന് മറുപടി പറയുന്നതിൽ എനിക്ക് സന്തോഷമേയുള്ളു. സംശയം ദൂരീകരിക്കപ്പെടേണ്ടതാണ്. പക്ഷെ സംശയം ദൂരീകരിക്കപ്പെട്ടതിനുശേഷവും നമ്മൾ സംശയത്തിനുവേണ്ടി, ഒരു പുകപടലമുണ്ടാക്കാൻവേണ്ടിയുള്ള സംശയം നിലനിറുത്താൻ പാടില്ല. എന്തെങ്കിലുമുണ്ടെങ്കിൽ അവസാന നിമിഷത്തിലും ഞാൻ സ്വീകരിക്കാൻ തയ്യാറാണ്. മൂന്നാം വായനയിലും സ്വീകരിക്കാൻ തയ്യാറാണ്. നല്ലതുപോലെ ഭംഗിയാക്കി ഈ നിയമം കൊണ്ടുപോകണമെന്ന താൽപ്പര്യമല്ലാതെ വേറെ യാതൊരു ഇൻറൻസ്റും ഇല്ലെന്നും കൂടി കൂട്ടിച്ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ]

സർ, ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ ഇവിടെ പറഞ്ഞു കമ്മിറ്റിയിൽ ധാരാളം ഓഫീസർമാർ ഉണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട കാനത്തോട് പറയാൻ ആഗ്രഹിക്കുന്നത്, ഇതിൻെറ പർപ്പസ് തന്നെ എന്താണ് ? ഇതിൻെറ പർപ്പസ് പ്രധാനമായും വാട്ടർ മാനേജ്മെൻറും ലാൻറ് ഡെവലപ്പ്മെൻറുമാണ്. വാട്ടർ മാനേജുമെൻറിനും ലാൻറ് ഡവലപ്പ്മെൻറിനും വേണ്ടി സർക്കാരിൻെറ വിവിധ വകുപ്പുകളായ ഇറിഗേഷൻ വകുപ്പും, ഡെവലപ്പ്മെൻറ് വകുപ്പും, കോ-ഓപ്പറേഷൻ വകുപ്പ് തുടങ്ങി എല്ലാ വകുപ്പുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് മെച്ചപ്പെട്ട ഡിസിപ്ലിനായ ഒരു ഫോറം ഉണ്ടാക്കിക്കൊണ്ട് കോ-ഓർഡിനേറ്റ് ചെയ്യുകയെന്നുള്ളതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെ ബന്ധപ്പെട്ട വകുപ്പുകളുടെ മുഖ്യ ഉദ്യോഗസ്ഥൻമാർ ഈ അതോറിറ്റിക്കകത്തു വരുന്നില്ലെങ്കിൽ ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. ജനാധിപത്യം എന്നു പറഞ്ഞു കൊണ്ട് അവിടെ കുറെ പ്രതിനിധികളും ഇരുന്നു വർത്തമാനം പറഞ്ഞതു കൊണ്ട് കാര്യമൊന്നുമില്ല. അതുകൊണ്ട് ആയക്കെട്ട് സമഗ്രമായി വികസിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്മുടെ ജലസേചന പദ്ധതികളിൽ ലഭ്യമായിട്ടുള്ള വെള്ളം പരമാവധി ഉപയോഗിക്കണം ; അത് ചൂഷണം ചെയ്യണം. അത് നഷ്ടപ്പെടാൻ ഇടവരരുത് എന്നുള്ള നിലക്ക് എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും വികസനത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കൊണ്ടുവന്ന ഒരു വകുപ്പാണിത്. ഒരു ഉദ്യോഗസ്ഥൻ കൂടിപ്പോയി എന്നുള്ള നിലയിൽ ഇതിനെ കാണരുത് എന്നു വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

സർ, ഞാൻ സമയം അധികം എടുക്കുന്നില്ല. നമുക്ക് വകുപ്പു തിരിച്ചുള്ള ചർച്ചയിലേക്ക് കടക്കാം. പ്രധാനപ്പെട്ട കാര്യം പറഞ്ഞു കഴിഞ്ഞു. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് അടിസ്ഥാനപരമായ യോജിപ്പാണുള്ളത്. അടിസ്ഥാനപരമായ കാര്യങ്ങളിൽ യോജിച്ചതിനുശേഷം വിശദാംശങ്ങളിൽ ഉണ്ടായ ചില തെറ്റിദ്ധാരണയുടെ ഫലമായി പ്രതിപക്ഷത്തുനിന്നും ഹാജരാക്കിയിരിക്കുന്ന ഡിസെൻറിംഗ് നോട്ടിലെ തെറ്റിദ്ധാരണ എന്റെ കഴിവനുസരിച്ച് നീക്കിയിട്ടുള്ള സ്ഥിതിക്ക് അത് ഫാക്ട് ആണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ ഇനി നമുക്കു കൂടുതലായിട്ടുള്ള ചർച്ചയിലേക്ക് കടക്കാതെ വകുപ്പുതിരിച്ചുള്ള ചർച്ചയിലേക്ക് കടക്കാം. പെട്ടെന്ന് വകുപ്പുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986 കേരള കമാൻറ് ഏരിയ വികസനബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 2-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുശേഷം താഴെ കാണുന്ന ഉപവകുപ്പ് ചേർക്കുക ,—

(1എ) "കർഷകത്തൊഴിലാളി" എന്നാൽ കേരളകർഷകത്തൊഴിലാളി നിയമത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന ഏതൊരു കർഷകത്തൊഴിലാളിയും എന്നർത്ഥമാകുന്നു.

(2) 2-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ "കർഷകരുടെ പങ്കാളിത്തത്തോടുകൂടി" എന്നതിനുപകരം "കർഷകരുടെ പങ്കാളിത്തത്തോടുകൂടിയോ അല്ലാതെയോ" എന്നു ചേർക്കുക.

(3) 2-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിൽ (എഫ്) ഇനത്തിൽ "പ്രോട്ടുകൾ ദീർഘചതുരാകൃതിയിലാക്കലും." എന്നതിനുപകരം "പ്രോട്ടുകൾ ക്രമീകരിക്കലും" എന്നു ചേർക്കുക.

(4) 2-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിലൂടെ "കുഴിച്ചിട്ടുള്ളതും സംരക്ഷണം നടത്തിവരുന്നതുമായ" എന്ന വാക്കുകൾക്കുപകരം "കുഴിച്ചിട്ടുള്ള" എന്ന വാക്കു ചേർക്കുക.

(5) 2-ാം വകുപ്പിൽ (16), (17) എന്നീ ഉപവകുപ്പുകളിൽ "നടത്തുവാൻ ശേഷിയുള്ള" എന്ന വാക്കുകൾക്ക് പകരം "നടത്തുവാൻ ഉദ്ദേശിച്ച പ്ലാൻ ചെയ്തിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോഴം നടന്ന ചർച്ചയിലും വളരെ പ്രധാനമായി വന്ന ഒരു കാര്യമാണ് ഒന്നാമത്തെ ഭേദഗതി, അതായത് ''കർഷകത്തൊഴിലാളി'' എന്നുള്ള നിർവ്വചനം രണ്ടാം വകുപ്പിൽ എഴുതിച്ചേർക്കണമെന്നുള്ളതാണ്. ഈ ഭേദഗതി. കർഷകത്തൊഴിലാളിയെന്നാൽ കേരളത്തിലെ കർഷകത്തൊഴിലാളി നിയമത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന ഏതൊരു കർഷകത്തൊഴിലാളിയും എന്ന് അർത്ഥമാകുന്നത് ഇതിൽ ഉൾപ്പെടുത്തണം. എന്നുള്ളതാണ് എന്റെ ഭേദഗതി. മന്ത്രി ഇപ്പോഴം വിശദീകരിച്ചപ്പോഴും കർഷകത്തൊഴിലാളികൾക്ക് ഇതിൽ, കാര്യമില്ല എന്ന് പറയുകയുണ്ടായി. 10-ാം വകുപ്പിൽ കർഷകരുടെകൂടെ കൈത്തൊഴിലുകാർക്ക് സഹായം നൽകുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അതേസമയം ഈ കർഷകരോടൊപ്പം പാടത്തു പണിയെടുക്കുന്ന അല്ലെങ്കിൽ കൃഷിയുടെ വികസനത്തിനുവേണ്ടി, പുരോഗതിക്കുവേണ്ടി, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് ഈ നിർവ്വചനത്തിൽ കേരളത്തിലെ കർഷകത്തൊഴിലാളി നിയമത്തിന്റെ നിർവ്വചനം എന്തോ ആ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ 'കർഷകത്തൊഴിലാളി' എന്ന നിർവ്വചനം ഇതിൽ എഴുതിച്ചേർക്കണമെന്നാണ് എന്റെ ആദ്യത്തെ ഭേദഗതി.

സർ, രണ്ടാമത്തെ ഭേദഗതി സാമൂഹ്യജലസേചന പദ്ധതിയെ സംബന്ധിച്ചുള്ളതാണ്. 'സാമൂഹ്യ ജലസേചന പദ്ധതി'യെന്നാൽ അതിനൊരു നിർവ്വചനം പറയുകയാണ്. സാമൂഹ്യജലസേചന പദ്ധതിയിൽ സർക്കാരോ അഥവാ അതോറിറ്റിയോ കർഷകരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തിയതും രജിസ്റ്റർ ചെയ്യപ്പെട്ട ഗുണഭോക്താക്കളായ കർഷകരുടെ അസോസിയേഷന്റെ മേൽനോട്ടത്തിൽ സാധാരണഗതിയിൽ 5 ഹെക്ടറിൽ കുറയാത്തതും എന്നാൽ 50 ഹെക്ടറിൽ കവിയാത്തതുമായ സ്ഥലത്ത് ജലസേചനം നടത്തുന്നതുമായ ഏതെങ്കിലും ജലസേചന പദ്ധതി എന്നർത്ഥമാകുന്നു'' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ സർക്കാരോ അല്ലെങ്കിൽ അതോറിറ്റിയോ കർഷകരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തിയത് എന്നാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ നാട്ടിൽ പഞ്ചായത്തുകൾപ്പെടെയുള്ള ലോക്കൽബോഡീസ് പല പ്രദേശത്തും ചെറിയ ചെറിയ കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള പ്രോജക്ടുകൾ ഇപ്പോൾ കർഷകരാരും ഏറ്റെടുക്കാൻ ഇല്ലാതെ പഞ്ചായത്തുകളിൽ പണമില്ലാതെ ഇങ്ങനെ കിടക്കുകയാണ്. സാമൂഹ്യജലസേചന പദ്ധതി കൊണ്ടുവരികയും ഈ നിയമത്തിന്റെ പരിധിയിൽ അത് വരുകയും ചെയ്യുമ്പോൾ ഗവൺമെന്റോ അല്ലെങ്കിൽ അതോറിറ്റിയോ കർഷകരുടെ സഹകരണത്തോടുകൂടി നടത്തിയത് എന്നതിനോടൊപ്പം തന്നെ കർഷകരുടെ പങ്കാളിത്തത്തോടുകൂടി 'എന്നതിനു പകരം കർഷകരുടെ പങ്കാളിത്തത്തോടുകൂടിയോ അല്ലാതെയോ അതായത് ഗവൺമെന്റ് അല്ലാതെയോ അതോറിറ്റി അല്ലാതെയോ ഈ 'കർഷക സഹായത്തോടുകൂടിയോ', എന്നുള്ളതിന് ശേഷം അതല്ലാതെ ലോക്കൽ ബോഡീസിലോ പഞ്ചായത്തു തുടങ്ങിയ സമിതികളുടെ നേതൃത്വത്തിലോ ഇപ്പോഴുള്ള കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടുകൾ കൂടി ഇതിനുള്ളിൽ പെടുത്തണം എന്നുള്ളതുകൊണ്ട് ആണ് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. അത് അംഗീകരിക്കാവുന്നതാണ് എന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ മൂന്നാമത്തെ ഭേദഗതി വളരെ ചെറിയ ഒരു കാര്യമാണ്. വിളനിലങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഒരു പൈപ്പ് ഔട്ട് ലെറ്റിനു താഴെയോ അഥവാ തൊട്ടടുത്തുള്ള ഒരു പൈപ്പ് ഔട്ട് ലെറ്റിനു താഴെയോ ഉള്ള നിലത്തിന്റെ അതിരുകൾ പുനർനിർണ്ണയം ചെയ്യലും പ്ലോട്ടുകൾ ദീർഘചതുരാകൃതിയാക്കലും''—ഇത് വളരെ പ്രയാസമുള്ള കാര്യമാണ്. പ്ലോട്ടുകൾ ഇനി ദീർഘചതുരാകൃതിയിലാക്കുകയെന്നുള്ളത് ഇതിൽ എഴുതിവയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് നല്ല ഒരു വാക്ക് എന്നുള്ള നിലയിൽ 'പ്ലോട്ടുകൾ ക്രമീകരിക്കുക' എന്നാക്കി മാറ്റണം എന്നുള്ളതാണ് എന്റെ ഭേദഗതി.

സർ, എന്റെ നാലാമത്തെ ഭേദഗതി 2-ാമത്തെ വകുപ്പിൽ 10-ാം ഉപവകുപ്പിലാണ്. ''ഫീൽഡ് ഓവുചാൽ'' എന്നാൽ ഒരു കൈവശ ഭൂമിയിൽ നിന്നുള്ള മലിനജലമോ മിച്ചജലമോ ഒരു പൈപ്പ് ഔട്ട് ലെറ്റിൽ കൂടി ഒഴുക്കിവിടാനായി കൈവശക്കാരനോ അഥവാ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ഏജൻസിയോ കുഴിച്ചിട്ടുള്ളതും സംരക്ഷണം നടത്തിവരുന്നതുമായ ഒരു ചാനൽ എന്നർത്ഥമാകുന്നു—ഇതാണ് പറയുന്നത്. ചാനൽ കുഴിച്ചു കഴിഞ്ഞാൽ തന്നെ മതി എന്നുള്ളതാണ് എന്റെ ഭേദഗതി. എല്ലാം കൃത്യമായി സംരക്ഷണം നടത്തി കൊണ്ടുവരണം എന്നില്ല. 'കുഴിച്ചിട്ടുള്ളതും സംരക്ഷണം നടത്തിവരുന്നതുമായ' എന്നീ വാക്കുകൾക്കു പകരം 'കുഴിച്ചിട്ടുള്ള' എന്നാക്കി ചേർക്കണം. കർഷകരെ സംബന്ധിച്ചിടത്തോളം 'സംരക്ഷണം നടത്താത്തതിന്റെ പേരിൽ' എന്ന പ്രശ്നം ഉണ്ടാകേണ്ട. അതുകൊണ്ട് 'കുഴിച്ചിട്ടുള്ളത്'' ആക്കി മാറ്റുക എന്നുള്ളതാണ്.

സർ, രണ്ടാം വകുപ്പിൽ 16, 17 ഉപവകുപ്പുകളിലാണ് എന്റെ അടുത്ത ഭേദഗതി. ''വൻകിട ജലസേചന പദ്ധതിയെന്നാൽ പതിനായിരം ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള പ്രദേശത്തു ജലസേചനം നടത്തുവാൻ ശേഷിയുള്ള ഒരു ജലസേചന പദ്ധതി എന്നർത്ഥമാകുന്നു''. ട്രാൻസിലേഷന്റെ കുഴപ്പമാണോയെന്നറിയില്ല. ഏതായാലും ഈ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ 10,000 അല്ലെങ്കിൽ 5,000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനു വേണ്ടി പ്ലാൻ ചെയ്തിട്ടുള്ള പദ്ധതികളായിരിക്കും. അതിന്റെ നിർവ്വചനം വളരെ വർഷങ്ങൾ കഴിഞ്ഞാകുമ്പോൾ പലപ്പോഴും അത്രയും ശേഷി ഉണ്ടോയെന്നുള്ളത് രണ്ടാമത്തെ പ്രശ്നമായിട്ട് വരും, അതുകൊണ്ട് 'ശേഷി' എന്നുള്ളതിന് പകരം 'ഇത്രയും സ്ഥലത്ത്. ജലസേചനം നടത്താൻ പ്ലാൻ ചെയ്തിട്ടുള്ള' പദ്ധതികൾ എന്നാക്കി മാറ്റണം എന്നുള്ളതാണ്. ആദ്യത്തേത് കഴിഞ്ഞാൽ പിന്നെ നയപരമായ പ്രശ്നങ്ങൾ ഉള്ള ഭേദഗതികൾ ഒന്നും തന്നെയില്ല. അതുകൊണ്ട് മന്ത്രി ഇത് അംഗീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

2-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക :

''(2എ) കർഷകത്തൊഴിലാളിയെന്നാൽ കാർഷിക വൃത്തിയിലേർപ്പെട്ടു പ്രതിഫലം പറ്റുന്നയാൾ എന്നർത്ഥമാകുന്നു''.

സർ, മുകളിൽപ്പറഞ്ഞ ഒരു വകുപ്പു കൂടി ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ 'പ്രയോജനം സിദ്ധിക്കുന്ന ഭൂപ്രദേശത്തിനാണ് പ്രാധാന്യം' എന്നു പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയാണ്. ആ ഭൂവിഭാഗത്തിൽ ഈ പദ്ധതിയുടെയൊക്കെ പ്രവർത്തനത്തിന്റെ ഫലമായിട്ട് ചെറുകിടക്കാർ ആയിട്ടുള്ള ധാരാളം കൃഷിക്കാർ കർഷകത്തൊഴിലാളികളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള നൂറു കണക്കിന്, കർഷകത്തൊഴിലാളികൾ ഈ പ്രദേശത്തുണ്ടാകും. അതുകൊണ്ട് ആ കർഷകത്തൊഴിലാളി എന്നാൽ എന്താണ് എന്നതിന്റെ ഒരു നിർവ്വചനം കൂടി ഇതിൽ ഉൾപ്പെടുന്നതുകൊണ്ട് യാതൊരു തെറ്റുമില്ല. അതുംകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. കെ. കേശവൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

2-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയും പ്രകാരം ചേർക്കുക.

"(2എ) കർഷകത്തൊഴിലാളി എന്നാൽ കാർഷികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കൂലിപ്പണിക്കാരൻ എന്നർത്ഥമാകുന്നു."

ഇത് എനിക്ക് മുമ്പ് സംസാരിച്ച മെമ്പർമാർ ചൂണ്ടിക്കാണിച്ച കാര്യം തന്നെയാണ്. ഒറിജിനൽ ബില്ലിനകത്തു 'കർഷകത്തൊഴിലാളി' എന്നത് വിശദീകരിച്ചു പറയുന്നുണ്ട്. കർഷകത്തൊഴിലാളിയെന്നാൽ ഉടമസ്ഥൻ എന്ന നിലയിലോ പാട്ടക്കാരൻ എന്ന നിലയിലോ കൈവശാവകാശമുള്ള ഒറിക്കാരൻ എന്ന നിലയിലോ യാതൊരു ഭൂമിയും കൈവശം ഇല്ലാത്തവൻ എന്നുള്ളതാണ്. ഭൂപരിഷ്ക്കാരനിയമം നടപ്പിലാക്കിയ നമ്മുടെ സംസ്ഥാനത്ത്, മിച്ചഭൂമി കുറെയൊക്കെ കിട്ടിയിട്ടുള്ള നമ്മുടെ സംസ്ഥാനത്ത്, 'കർഷകത്തൊഴിലാളി'യുടെ നിർവ്വചനത്തിൽ ഒരിഞ്ചു പോലും ഭൂമി പാടില്ല എന്ന് വ്യാഖ്യാനിച്ചാൽ അത് ശരിയായിരിക്കുകയില്ല. അപ്പോൾ കർഷകത്തൊഴിലാളി എന്ന നിർവ്വചനത്തിൽ കർഷകത്തൊഴിലാളി നിയമത്തിലെ കർഷകത്തൊഴിലാളി എന്ന ഭേദഗതി അംഗീകരിക്കുകയോ 'കർഷകത്തൊഴിലാളിയെന്നാൽ കാർഷികപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ട് കൂലിപ്പണി ചെയ്യുന്ന ആൾ' എന്ന ഭാഗം ചേർക്കുകയോ ചെയ്യണം. ഇതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. കെ. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"2-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

(2എ) കർഷകത്തൊഴിലാളി എന്നാൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി എന്നർത്ഥമാകുന്നു".

ഈ ബില്ലിന്റെ പേരൻറ് ആക്ടിൽ ഉള്ള ഒരു ഗൈഡ്ലൈൻ എന്നുള്ള നിലയ്ക്ക് വന്നത് കർണ്ണാടക നിയമമാണ്. അതിനകത്ത് കർഷകത്തൊഴിലാളികളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥയുണ്ട്. കർഷകത്തൊഴിലാളികളുടെ സമഗ്രമായ വികസനമാണല്ലോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിയെന്നു പറയുമ്പോൾ കൃഷിയുടെ ഉടമസ്ഥൻ മാത്രം പോരാ കർഷകത്തൊഴിലാളിയും കൂടി എന്നായിരിക്കണമെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അവരുടെ ഒരു വോയിസ് ഈ സമിതിയിൽ വരുന്നത് നല്ലതാണ്. കർണ്ണാടക ആക്ടിൽ അതുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഭേദഗതി ഈ ബില്ലിനെക്കുറിച്ചുള്ള സങ്കൽപ്പത്തിൽത്തന്നെ അഭിപ്രായ വ്യത്യാസമുള്ളതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഒരു വലിയ കമാണ്ട് ഏരിയായ്ക്കത്ത് നമ്മുടെ ഭൂമിയുടെ കിടപ്പ് പരിഗണിച്ചാൽ / നോക്കിയാൽ മേജർ ഇറിഗേഷൻ പ്രോജക്ട് കൊണ്ട് ഗുണം കിട്ടാത്ത വളരെയധികം ഭൂമി വരും. ലിഫ്ട് ഇറിഗേഷൻ കൊണ്ടോ, ഗ്രൗണ്ട് വാട്ടർ എക്സ്പ്ലോയിറേഷൻ കൊണ്ടോ മാത്രമേ ഇത്തരം പോക്കറ്റ്സിന് വെള്ളം കിട്ടുകയുള്ളു. മേജർ ഇറിഗേഷനുമായി ബന്ധപ്പെടാത്ത അനേകം പോക്കറ്റ്സ് കമാണ്ട് ഏരിയായ്ക്ക് അകത്തുവരും. ഇപ്പോഴ് ഇതിനകത്ത് ഒരു ഒറ്റ കമാണ്ട് ഏരിയയാണ് ഉദ്ദേശിച്ചിട്ടുള്ളത്. വളരെയധികം കമാണ്ട് ഏരിയായുണ്ടാക്കാൻ ഗവൺമെന്റിന് ഉദ്ദേശമില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. ഏതായാലും രണ്ടോ മൂന്നോ കമാണ്ട് ഏരിയായ്ക്കപ്പുറം പോകില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ രണ്ടോ മൂന്നോ ഏരിയ ആയിരിക്കും വരിക. ഇതിനകത്ത് ധാരാളം പോക്കറ്റ്സ് വരും. ഈ ബിൽ പൈലറ്റ് ചെയ്യുന്ന ഇറിഗേഷൻ വകുപ്പുമന്ത്രി തന്നെ വളരെയധികം സ്വാഗതാർഹമാണെന്നു തോന്നിയ സാമൂഹ്യ ജലസേചന പദ്ധതി അടുത്ത ദിവസമാണ് ആവിഷ്ക്കരിച്ചത്. ആ സാമൂഹ്യ ജലസേചന പദ്ധതിയും ഇതും തമ്മിൽ ആനയും ആടും തമ്മിലുള്ള വ്യത്യാസമുണ്ട്. രണ്ടും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്. അത് വോളന്ററി ബോഡിക്കായി സൊസൈറ്റീസ് ആക്ട് പ്രകാരം കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് സൊസൈറ്റീസ് നടത്തുന്ന, ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം മാത്രമല്ല, ജനങ്ങളുടെ വക തന്നെയായിരിക്കും. അതുകൊണ്ട് സാമൂഹ്യം എന്ന പേര് കൊടുത്തു എന്നാണ് ഞാൻ മനസിലാക്കുന്നത്. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ടിനകത്ത് വരുന്ന ആ പ്രദേശങ്ങളും കൂടി ഇപ്പോഴ് ഇതിനകത്ത് മുങ്ങാനാണ് പോകുന്നത്. ഈ ഏരിയ എന്നു പറയുന്നത് വാസ്തവത്തിൽ കമാണ്ട് ഏരിയ എന്നല്ല പറയേണ്ടത്. കൃഷിക്കാരന് കമാണ്ട് കൊടുക്കുന്ന ഫർപ്പാടായിട്ടാണ് ഇത് വരാൻ പോകുന്നത്. കാരണം, ഇത് അവതരിപ്പിച്ച സമയത്ത് മന്ത്രി പറഞ്ഞു, വെള്ളം ഒരിടത്ത് സപ്ലൈ ചെയ്യാൻ തീരുമാനിച്ചാൽ വെള്ളത്തിന്റെ ആയക്കെട്ടിനകത്ത് വരുന്ന കൃഷിക്കാരനൊക്കെ ഒരു ഒബ്ലിഗേഷനുണ്ട്. ഒബ്ലിഗേഷൻ (obligation) എന്നു വച്ചാൽ, വെള്ളം കിട്ടുന്നതിന്റെ ഫലമായുള്ള പ്രയോജനം പരിപൂർണ്ണമാകത്തക്കവിധം സോയിൽ കൺസർവേഷൻ, സോയിൽ ഇംപ്രൂവ്മെന്റ്, ലാൻഡ് ഡവലപ്മെന്റ് ഇങ്ങനെയുള്ള വിവിധ വശങ്ങളിൽ സ്വന്തം ഭൂമി നന്നാക്കാനുള്ള ഒബ്ലിഗേഷനാണ്. സർക്കാരിന് ഒബ്ലിഗേഷനൊന്നുമില്ല. അത് കൃഷിക്കാരന്റെ ഒബ്ലിഗേഷനാണ്. അങ്ങനെ അധികം പാടുപെട്ട്, റിസ്ക്കെടുത്ത് അദ്ധ്വാനിച്ച് ഭൂമി നന്നാക്കിയാൽ ഉൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടുമോ ? നെല്ല്, മരച്ചീനി എന്നീ രണ്ടു പ്രത്യേക വിളകൾക്കുവേണ്ടിയാണ് ഈ പാടെല്ലാം പെടുന്നത്. ഈ രണ്ടു വിളകൾക്കും വിലയില്ല. നെല്ലാണെങ്കിൽ വലിയ നഷ്ടമാണ്, മരച്ചീനിക്ക് കൂടെക്കൂടെ വലിയ നഷ്ടം വരുന്നുണ്ട്. എന്നാൽ വിലയെ സംബന്ധിച്ചിടത്തോളം സർക്കാരിന് ഒരു ഒബ്ലിഗേഷനുമില്ല. കൃഷിക്കാരും സർക്കാരും കൂടി ഒന്നിച്ച് അദ്ധ്വാനിച്ചാലും വിലയില്ലാത്ത സമയത്ത് പ്രൊഡക്ഷൻ വർദ്ധിപ്പിക്കണം. മൂന്നു ക്രോപ്പു വേണം, ഇൻറർ ക്രോപ്പിംഗ് വേണം, ക്രോപ്പിൽ വ്യത്യാസം വരുത്തണം, പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കണം പഞ്ചാബുകാരുമായി മൽസരിക്കണമെന്നൊക്കെ പറഞ്ഞാൽ ആരു ചെയ്യാനാണ് ? സർക്കാരിന്റെ ഒബ്ലിഗേഷനൊന്നും നിറവേറാതെ,

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരന് ഒബ്ലിഗേഷനാണെന്നു പറയുകയും വോളൻററി ബോഡി സെറ് അപ് ചെയ്യാൻ കഴിയുന്നത് ഇല്ലാതാക്കത്തക്കവിധത്തിൽ അതും കൂടി ഇതിനകത്ത് പെടുത്തുകയും ചെയ്യുന്നത് സാമൂഹ്യ സ്കീമുകളെ ഇല്ലാതാക്കലാണ്. ആ സ്കീമിൽ പെടുത്തുവാൻ സാദ്ധ്യതയുള്ള ഭൂമിയെ കമാണ്ട് ഏരിയായിൽ നിന്ന് ഒഴിവാക്കണം. അങ്ങനെ ഒഴിവാക്കപ്പെട്ട കുറെ പ്രദേശങ്ങൾ വരുന്നതുകൊണ്ട് യാതൊരു ദോഷവുമില്ല. അവയെ നിലനിറുത്തുകയും അതിൻെറ പരിധി കുറച്ചുകൊണ്ട് വരികയും ചെയ്യേണ്ടതാണ് നല്ലതെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതാണ് ഞാനെൻെറ ഭേഗതി കൊണ്ടുദ്ദേശിക്കുന്നത്.

രണ്ടാമത്തെ ഭേഗതിയിൽ പറയുന്നത്, ഒരു ഔട്ട് ലെറ് ഒരു കമ്മിറ്റി ഒരു കമാണ്ട് ഏരിയായ്ക്ക് വിവിധ അസോസിയേഷൻസ്—ആ കമാണ്ട് ഏരിയായുടെ കീഴിൽ ഒരു വാട്ടർ ഔട്ട്ലെറിനു ഒരു കമ്മിറ്റി, അതാണ് സെറ് അപ്പ് ചെയ്യുന്നതിനുവേണ്ടി കൊണ്ടുദ്ദേശിക്കുന്നത്. ഒരു കമാണ്ട് ഏരിയ കമ്മിറ്റി, അതിൻെറ കീഴിൽ ഒരു കമ്മിറ്റി, പിന്നെ ഒരു അസോസിയേഷൻ. ഏറ്റവും അടിത്തട്ടിലാണ് ഔട്ട്ലെറ് കമ്മിറ്റി. ഇങ്ങനെ മൂന്ന് പടവുകളുണ്ട്. ഒരു three-tier body ആണോ ഇതുകൊണ്ടുദ്ദേശിക്കുന്നത്? ആ three-tier body-ൽ ഏറ്റവും ബേസിക് യൂണിറ് പൈപ്പ് ഔട്ട്ലെറ് കമ്മിറ്റിയാണ് എന്നാണ് എൻെറ അഭിപ്രായം.

ശ്രീ. വക്കം പുരുഷോത്തമൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ഏലാ വികസന പദ്ധതി ആരംഭിച്ചത്. എലിമെൻററി കോ-ഓപ്പറേഷൻ കൃഷിക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുവേണ്ടി ശ്രമങ്ങൾ നടത്തിയിരുന്നു. അതിൽ കൂട്ടു ഞാറടി എന്ന സംവിധാനം പോലും വേണ്ടത്ര വിജയിച്ചില്ല എന്നാണ് അനുഭവം. കൂട്ടു ഞാറടിയിൽ നടുമ്പോഴപോലും കൃഷിക്കാരെ മാനസികമായി സഹകരിക്കാൻ തയ്യാറാകാത്ത ഒരു പരിതഃസ്ഥിതിയിൽ ഈ കൃഷിക്കാരെ നേരായ വഴിക്ക് നയിക്കേണ്ട യൂണിറ് നമുക്ക് കൈകാര്യം ചെയ്യത്തക്ക വിധത്തിൽ കോംപാക്ട് ആയിട്ട്, ഹാൻഡിയായിട്ട്, unwieldy യാകാത്ത ചെറിയ യൂണിറ് ആയിരിക്കണം. വടക്കേ ഇൻഡ്യയിലാണെങ്കിൽ, വലിയ യൂണിറാകാം. അവിടെ അത്രയും കൃഷിയിടങ്ങൾ ഫ്രാക്മെൻറ് അല്ല. നമ്മുടെ നാട്ടിൽ ശരാശരി ഹോൾഡിംഗ് എന്നു പറയുന്നത്, 0·18 ഹെക്ടറിൽ താഴെയാണ്. അങ്ങനെ എണ്ണത്തിൽ കൂടുതലുള്ള ചെറിയ ചെറിയ യൂണിറുകളുള്ള ധാരാളം ചെറിയ ചെറിയ കൃഷിക്കാർ ഉള്ള ഒരു സംസ്ഥാനത്ത് നാൽപ്പത് ഹെക്ടർ എന്നു പറഞ്ഞാൽ പഴയ നൂറേക്കറാണ്. നൂറേക്കർ ഭൂമി ഒരു യൂണിറായി എടുക്കുകയാണെങ്കിൽ വാസ്തവത്തിൽ ഞാൻ അൺ മാനേജബിളാണ്. അതുകൊണ്ട് നാൽപ്പത് ഹെക്ടർ എന്നു പറയുന്നത് ഇരുപത് ഹെക്ടറായിട്ട് കുറയ്ക്കുകയും ഔട്ട്ലെറ് കമ്മിറ്റിയുടെ സൈസ് അത്രയും കുറയ്ക്കുകയും ചെയ്യുന്നതിന് നടപടിയെടുക്കണം. ചെറുകിട കൃഷിക്കാർക്ക് അതിൻെറ ശബ്ദം ഫലപ്രദമായി കേൾക്കാൻ തക്കവണ്ണം ഹാൻഡിയായിട്ടുള്ള യൂണിറാക്കുന്നതിനുവേണ്ടി വിസ്തൃതി ഇരുപതു ഹെക്ടറാക്കി കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കണമെന്നാണ് എൻെറ രണ്ടാമത്തെ ഭേഗതിയിൽ പറയുന്നത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പൊതുവേ പറയുമ്പോഴും ഇതിലെ അമൻറ്മെൻറ്സ് സ്വീകരിക്കുവാൻ ഗവൺമെൻറിനു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പ്രസ് ചെയ്യുന്നതുതന്നാണ് എനിക്ക് പറയാനുള്ളത്. അതിലെ ഒന്നു രണ്ടു വിഷയങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞുകൊള്ളട്ടെ! അമൻറ്മെൻറ് 49-ൽ 'കർഷകപങ്കാളിത്തമില്ലാത്ത'

LIBRARY ARCHIVES Kerala Legislative Assembly

എന്നു കൂടി ചേർക്കണമെന്നാണ് ശ്രീ. കാനം രാജേന്ദ്രന്റെ അഭിപ്രായം. കർഷകപങ്കാളിത്തമുള്ള പ്രോജക്ട് . കമ്മ്യൂണിറ്റി ഇറിഗേഷൻ ആയിട്ട് വരികയുള്ളൂ. ഈ ഡഫനിഷനിൽ കർഷകപങ്കാളിത്തം ഒരു ക്രൈറ്റീരിയ ആയതുകൊണ്ട് ഉള്ളതോ, ഇല്ലാത്തതോ എന്നു വരുമ്പോഴും കർഷകപങ്കാളിത്തം ഇല്ലാത്തതെന്നുവരും. അത് സ്വീകരിക്കുകയാണെങ്കിൽ ആ ഡഫനിഷന്റെ സ്പിരിട്ട് തന്നെ പോകും. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് എന്നു പറയുന്നത്, കർഷക പങ്കാളിത്തമുള്ളതാണ്. ഇല്ലാത്തതും എന്നു കൂടി ചേർക്കുമ്പോഴും, "fundamentally it goes against the spirit of the original section" അതുകൊണ്ട് അതും സ്വീകരിക്കാൻ നിവൃത്തിയില്ല.

രണ്ടാമതായി ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്, പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുള്ള ചില പ്രോജക്ടുകളെക്കുറിച്ചാണ്. പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുള്ള ചില ചെറുകിട ജലസേചന പദ്ധതികൾ കൂടി ഇതിലേക്ക് കൊണ്ടുവരാമോയെന്ന് ചോദിച്ചപ്പോൾ, അതുകൊണ്ടു വരേണ്ട കാര്യമില്ലെന്നാണ് പറഞ്ഞത്. പഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെല്ലാം ഇതിനകത്തു കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. കാരണം, അതിന് കർഷകപങ്കാളിത്തമില്ല. കർഷകപങ്കാളിത്തമില്ലാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നടപ്പിലാക്കുന്നത് പഞ്ചായത്തിന്റെ കയ്യിൽത്തന്നെ ഇരുന്നുകൊള്ളട്ടെയെന്നാണ്. കർഷകപങ്കാളിത്വത്തോടുകൂടി ഗവൺമെന്റോ അതോറിട്ടിയോ നടപ്പിലാക്കുന്ന പദ്ധതികൾ മാത്രമേ ഈ ആയക്കെട്ടിന്റെ മേഖലയിൽ കൊണ്ടുവരികയുള്ളൂ.

ബഹുമാനപ്പെട്ട സുരേന്ദ്രനാഥിന്റെ അമൻഡ്മെന്റിനെക്കുറിച്ച് ഇതിന്റെ കൂടെ പറയുകയാണ്. ചെറിയ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും ഒക്കെ ഇതിനകത്ത് കൊണ്ടുവരികയാണെങ്കിൽ രാജ്യത്തുള്ള മുഴുവൻ പദ്ധതികളും വരും. ഈ ഏരിയായിൽ ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന പദ്ധതികൾ ആയിരിക്കും അതോറിട്ടിയുടെ അധികാര പരിധിയിൽ വരുന്നതുകൊണ്ട് ഈ രാജ്യത്തുള്ള എല്ലാ പദ്ധതികളും ഇതിനകത്ത് വരുന്നുവെന്ന് അർത്ഥമാക്കേണ്ടതില്ല. എവിടെ, ഏതൊക്കെ ഏരിയ പ്രായോഗികമായി കൂട്ടിച്ചേർക്കണമെന്ന് നോക്കിക്കൊണ്ട് അതൊക്കെ നോട്ടിഫൈ ചെയ്യാം. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് പറഞ്ഞതുപോലെ പ്രായോഗികമായി നിയമം നടപ്പിൽ വരുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ആ രംഗത്തെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഗവൺമെന്റ് അങ്ങേയറ്റം ശ്രമിക്കുന്നതാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: നോട്ടിഫൈ ചെയ്യാൻ മൂന്ന് ഏരിയ മാത്രമേയുള്ളൂ. ആ ഏരിയായ്ക്കകത്തുവരുന്ന കമ്മ്യൂണിറ്റി ഇറിഗേഷന്റെ പരിധിയിൽ വരുന്നത് ഒഴിവാക്കാമെന്ന പൊതു തീരുമാനം എടുത്തുകൂടേ? അതിനെന്താണ് തടസം ?

ശ്രീ. കെ. എം. മാണി : എനിക്ക് ബഹുമാനപ്പെട്ട സുരേന്ദ്രനാഥിനോട് ഒരു കാര്യം പറയുവാനുള്ളത്, ഞങ്ങൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു നാഷണൽ പോളിസിയുണ്ട്. കമാണ്ട് ഏരിയായെ സംബന്ധിച്ചിടത്തോളം നാഷണൽ ലെവലിൽ അക്സെപ്റ്റ് ചെയ്തിരിക്കുന്നത് പൈപ്പ് ഔട്ട്ലെറ്റിന് 40 ഹെക്ടറാണ്. അത് 20 ഹെക്ടർ ആക്കുന്നതിൽ എനിക്ക് വ്യക്തിപരമായ അഭിപ്രായ വ്യത്യാസമില്ല. പക്ഷെ നമ്മൾ ഇവിടെ നിയമമുണ്ടാക്കുമ്പോൾ നാഷണൽ ലെവലിൽ ഇൻഡ്യാ ഗവൺമെന്റ് അക്സെപ്റ്റ്

12 Noon

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള നോമിനകത്ത് നിൽക്കാൻ വേണ്ടി ഒരു പൈപ്പ് ഔട്ട്ലെറിനു് അകത്തുവരുന്ന 40 ഹെക്ടർ കമാൻഡ് ഏരിയായിലേക്ക് വരുത്തുകയാണു്. ദേശീയ രംഗത്ത് എല്ലാ സംസ്ഥാനങ്ങളും ഇതേ മാതൃകയാണു് സ്വീകരിച്ചിരിക്കുന്നത്. ഇതേ മാതൃകയിൽത്തന്നെ നമ്മുടെ നിയമവും ഇരിക്കട്ടെ. 40 ഹെക്ടർ എന്നത് 20 ഹെക്ടറായി വെട്ടിച്ചുരുക്കേണ്ട ആവശ്യമില്ല. എത്രയും കൂടുതൽ കർഷകർക്ക് പ്രയോജനം കിട്ടട്ടെ. ശ്രീ. കെ.വി. സുരേന്ദ്രനാഥിന്റെ അമൻറ്മെൻറ് ഞാൻ സ്വീകരിക്കാത്തതിനു കാരണം 20 ഹെക്ടർ സ്ഥലത്തുള്ള കൃഷിക്കാർക്ക് മാത്രമേ അതിന്റെ പ്രയോജനം കിട്ടുകയുള്ളൂ. ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന നിയമം അക്സെപ്റ്റ് ചെയ്താൽ 40 ഹെക്ടർ സ്ഥലത്തെ കൃഷിക്കാർക്ക് പ്രയോജനം കിട്ടും. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ബെനിഫിഷ്യറി ഏരിയ വെട്ടിക്കുറയ്ക്കുകയാണ്. ഒരു ഔട്ട്ലെറിനു് ചുറ്റുമുള്ള 40 ഹെക്ടർ വരുന്ന ഒരു ഏരിയായെ യൂണിറ്റായി എടുക്കുന്നുള്ളൂ. ശ്രീ. കെ.വി.സുരേന്ദ്രനാഥിന്റെ അമൻറ്മെൻറിൽ എനിക്ക് മനസിലാകുന്നത് എടുത്താൽ ഒരു ഔട്ട്ലെറിനു് പുറത്ത് 20 ഹെക്ടർ ഉള്ളത് ഒരു യൂണിറ്റായിട്ട് എടുക്കുക എന്നതാണ്. ഏതായാലും നമ്മുടെ ധാരണയിൽ എന്തോ പിശകുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ചെറുകിട കർഷകർക്ക് സൗകര്യം കൂടുകയേയുള്ളൂ.

ശ്രീ. കെ.എം. മാണി: അത് എന്തെങ്കിലുമാകട്ടെ, ഏതായാലും ഞാൻ അതിനെക്കുറിച്ച് ഒരു തർക്കത്തിലേക്ക് കടക്കുന്നില്ല. സിദ്ധാന്തപരമായ ഒരു ചർച്ച ചെയ്യാൻ ഞാൻ തയ്യാറല്ല. കേന്ദ്ര ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന നിലവിലുള്ള കമാൻഡ് ഏരിയ കൺസപ്റ്റിനകത്തു നിന്നുകൊണ്ട് അവരുടെ നോംസിനകത്ത് നിന്ന് 40 ഹെക്ടർ എടുത്തു എന്നു മാത്രമേയുള്ളൂ. അതുകൊണ്ട്, ബുദ്ധിമുട്ടുണ്ടാകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ കേശവൻ, ഒറിജിനൽ ബില്ലിനകത്ത് കർഷക തൊഴിലാളി എന്നൊരു നിർവ്വചനം ഉണ്ടായിരുന്നല്ലോ എന്ന് ചോദിച്ചു. അപ്പോഴത്തെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ അത് കാണുന്നില്ലെന്ന് പറഞ്ഞു. അത് ശരിയാണ്. ഒറിജിനൽ ബില്ലിനകത്ത് കർഷകത്തൊഴിലാളി എന്നൊരു നിർവ്വചനമുണ്ടായിരുന്നു. ഞങ്ങൾ സബ്ജക്ട് കമ്മിറ്റി ആലോചിച്ചപ്പോൾ എല്ലാവർക്കും തോന്നി കർഷക തൊഴിലാളി എന്നു പറയുന്നതിൽ ഒരു കാര്യവുമില്ലെന്ന്. ഇതൊരു അപ്പൻറിക്സാണ്. ഇതുകൊണ്ട് ഒരു കാര്യവുമില്ല. കർഷകത്തൊഴിലാളികളുടെ അവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന നിയമമല്ല എന്നുള്ള നിലയിൽ ഞങ്ങൾ അത് മാറ്റുകയാണ് ചെയ്തത്. അതുകൊണ്ട് ഇപ്പോഴത്തെ നിയമത്തിൽ അതില്ല. ഇതിനകത്ത് ഇത്രയൊക്കെയേ ഉള്ളൂ. വലിയ ഒരു അഭിപ്രായവ്യത്യാസത്തിനു് കാര്യമില്ല. അതുകൊണ്ട് ഇതനുസരിച്ചുതന്നെ പാസാക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(വോട്ടെടുപ്പ് നടന്നു. അതിൽ സഭ താഴെ കാണും പ്രകാരം വേർതിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ 32

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, കെ. ആർ. ചന്ദ്രമോഹനൻ
5. ,, കെ. ചന്ദ്രശേഖരൻ
6. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
7. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
8. ശ്രീമതി പി. ദേവൂട്ടി
9. ശ്രീ. കെ. ജെ. ജോർജ്ജ്
10. ,, ടി. കെ. ഹംസ
11. ,, എം. ജിനദേവൻ
12. ,, ഇ. കെ. നായനാർ
13. ,, കെ. ടി. കണാരൻ
14. ,, എം. കെ. കേശവൻ
15. ,, വി. കേശവൻ
16. ,, സി. ടി. കൃഷ്ണൻ
17. ,, കെ. കൃഷ്ണൻകുട്ടി
18. ,, കെ. ടി. കുമാരൻ
19. ,, പി. വി. കുഞ്ഞിക്കണ്ണൻ
20. ,, ലോനപ്പൻ നമ്പാടൻ
21. ,, കെ. മൂസ്സക്കുട്ടി
22. ,, എ. കെ. പത്മനാഭൻ
23. ,, കെ. പങ്കജാക്ഷൻ
24. ,, കെ. പുരുഷോത്തമൻ
25. ശ്രീമതി റോയ്ച്ചൽ സണ്ണി പനവേലി
26. ശ്രീ. വർക്കല രാധാകൃഷ്ണൻ
27. ,, കാനം രാജേന്ദ്രൻ
28. ഡോക്ടർ എ. സുബ്ബറാവു
29. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
30. ,, സി. കെ. തങ്കപ്പൻ
31. ,, ആർ. എസ്. ഉണ്ണി
32. ,, ജി. വരദൻ

പ്രതികൂലിക്കുന്നവർ 53

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
3. ,, പി. കെ. കെ. ബാവ
4. ,, ബെന്നി ബഹനാൻ
5. ,, പി. ഭാസ്കരൻ
6. ,, എം. പി. ഗംഗാധരൻ
7. ,, എ. ജോർജ്ജ്
8. ,, പി. സി. ജോർജ്ജ്
9. ,, എം. എം. ഹസ്സൻ
10. ,, എ. എൽ. ജേക്കബ്
11. ,, ടി. എം. ജേക്കബ്
12. ,, ടി. എസ്. ജോൺ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. എ. സി. ജോസ്
14. ,, ജോസ് കുറിയാനി
15. ഡോക്ടർ കെ. സി. ജോസഫ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീമതി എം. കമലം
18. ശ്രീ. കെ. ജി. ആർ. കർത്താ
19. ,, കെ. കരുണാകരൻ
20. ,, പി. കെ. കുഞ്ഞാലിക്കുട്ടി
21. ,, മണിമംഗലത്തു കുട്ട്യാലി
22. ,, ഇ. ജെ. ലൂക്കോസ്
23. ,, കെ. പി. എ. മജീദ്
24. ,, കെ. എം. മാണി
25. ,, എം. വി. മാണി
26. ,, കെ. മുഹമ്മദാലി
27. ,, ഇ. ടി. മുഹമ്മദ് ബഷീർ
28. ,, പി. എ. മുഹമ്മദ് കണ്ണ്
29. ,, പി. വി. മുഹമ്മദ്
30. ,, ടി. എച്ച്. മുസ്തഫ
31. ,, കെ. എസ്. നാരായണൻ നമ്പൂതിരി
32. ,, കെ. പി. നൂറുദ്ദീൻ
33. ,, കെ. രാഘവൻ മാസ്റ്റർ
34. ,, രാഘവൻ പൊഴക്കടവിൽ
35. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
36. ,, കെ. പി. രാമചന്ദ്രൻ നായർ
37. ,, എസ്. രാമചന്ദ്രൻപിള്ള
38. ,, തേറമ്പിൽ രാമകൃഷ്ണൻ
39. ,, കെ. പി. രാമൻ
40. ,, പി. സീതിഹാജി
41. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
42. ,, കടവൂർ ശിവദാസൻ
43. ,, നാലകത്തു സൂപ്പി
44. ,, എൻ. ശ്രീനിവാസൻ
45. ,, കോട്ടക്കുഴി സുകുമാരൻ
46. ,, സി. എം. സുന്ദരം
47. ,, എൻ. സുന്ദരൻ നാടാർ
48. ,, വി. സുരേന്ദ്രൻപിള്ള
49. ,, പി. പി. തങ്കച്ചൻ
50. ,, സി. എഫ്. തോമസ്
51. ,, കെ. കെ. തോമസ്
52. ,, തോമസ് കല്ലംപള്ളി
53. ,, പി. കെ. വേലായുധൻ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—53

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച മറ്റു ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. കെ. ഹംസ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

മൂന്നാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

നാലാം വകുപ്പ്

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :—സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 4-ാം വകുപ്പ് (എ) ഇനത്തിൽ "ജലസേചന വകുപ്പിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി" എന്നതിനുപകരം "കമാൻഡ് ഏരിയായിലെ ഗുണഭോക്തൃക്കളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കൃഷിക്കാരൻ" എന്നു ചേർക്കുക.

(2) 4-ാം വകുപ്പിലും തുടർന്നുവരുന്ന വകുപ്പുകളിലും "നാമനിർദ്ദേശം ചെയ്യുന്ന" എന്നതു മാറ്റി പകരം "തെരഞ്ഞെടുക്കപ്പെട്ട" എന്നു ചേർക്കുക.

(3) 4-ാം വകുപ്പ് (ഇ) ഇനത്തിൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുപകരം "നിയമസഭ ആനുപാതിക പ്രാതിനിധ്യ തത്വ പ്രകാരം തെരഞ്ഞെടുക്കുന്നവരുമായ" എന്നു ചേർക്കുക.

(4) 4-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുപകരം "രജിസ്റ്റർ ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയതും എന്നാൽ കാർഷിക പ്രശ്നങ്ങളിൽ നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുമായ സംഘടനകളിൽപ്പെടുന്ന" എന്നും "പഞ്ചായത്ത് പ്രദേശത്തുള്ള ഓരോരുത്തർ വീതവും" എന്നതിനുശേഷം "ഒരു കർഷകത്തൊഴിലാളിയും" എന്നും ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരണം നടത്തിയപ്പോഴത്തന്നെ മറ്റു സംസ്ഥാനത്തെ നിയമത്തിൽ കർഷകരുടെ പങ്കാളിത്തംകൂടി നിർബന്ധമായി ഉണ്ടായിരിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി കൊണ്ടു വരുന്നുവെന്നാണ് പറഞ്ഞത്. കർഷകരുടെ പങ്കാളിത്തം മാത്രം പോരാ എന്നാണ് എന്റെ അഭിപ്രായം. നേരെ മറിച്ച് കമാൻഡ് ഏരിയായുടെ നാനാവിധമായ വികസനത്തിന് കർഷകരുടെ പങ്കാളിത്തത്തിലുപരി കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly

മുൻകൈയാണ് ആവശ്യം. കർഷകരുടെ വളരെയധികം ഉൽസാഹത്തോടു കൂടിയ പ്രവർത്തനം കൊണ്ടുമാത്രമേ കമാൻഡ് ഏരിയായുടെ സർവ്വതോൻ മുഖമായ അഭിവൃദ്ധി കൈവരിക്കാൻ കഴിയു. അതുകൊണ്ട് എന്റെ ഭേഗതിയിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ഒരു ഉദ്യോഗസ്ഥനെ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലക്കാരനാക്കുക എന്നതിനു വ്യത്യസ്തമായി കമാൻഡ് ഏരിയായിൽ അധിവസിക്കുന്ന ഉപഭോക്താക്കളായ കൃഷിക്കാരുടെ എല്ലാവരുടെയും കൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ഒരു കൃഷിക്കാരൻ തന്നെയായിരിക്കണം ഇതിന്റെ മുഖ്യമായ ചുമതലക്കാരൻ എന്നാക്കണം.

അതുപോലെ തന്നെ 'നാമനിർദ്ദേശം ചെയ്യുന്ന' എന്നതിനുപകരം 'തെരഞ്ഞെടുക്കപ്പെടുക' എന്ന് ഈ ബില്ലിൽ ഒട്ടാകെ തന്നെ മാറ്റിച്ചേർക്കണമെന്നാണ് എന്റെ രണ്ടാമത്തെ ഭേഗതി. നാമനിർദ്ദേശം ചെയ്യുക എന്നു പറയുമ്പോൾ തീർച്ചയായും സർക്കാരിന് ഇഷ്ടമുള്ള ആളിനെ നാമനിർദ്ദേശം ചെയ്യുക എന്നൊരു സ്ഥിതിയാണ്. അതിൽ രാഷ്ട്രീയ പരിഗണനയുണ്ടാകും. ഇതിനു മുമ്പ് ഇതുപോലെയുള്ള കോർപ്പറേഷനുകളിലും മറ്റും അതിന്റെ ആദ്യഘട്ടത്തിൽ നാമനിർദ്ദേശം ചെയ്യുക എന്നൊരു ഏർപ്പാടുണ്ടായിരുന്നു. പക്ഷെ ആ ഘട്ടം കഴിഞ്ഞാൽ ഇതുപോലെയുള്ള പ്രസ്ഥാനത്തിൽ ജനാധിപത്യപരമായ പ്രവർത്തനത്തിന് പരമാവധി ജനങ്ങളുടെ പങ്കാളിത്തവും അവകാശവും നിലനിർത്തുന്നതിനുവേണ്ടി നാമനിർദ്ദേശം എന്നതു മാറ്റി തെരഞ്ഞെടുപ്പ് എന്നത് ബാധകമാക്കണം. പൊതുവിൽ നാമനിർദ്ദേശം ചെയ്യുക എന്നതു മാറ്റി തെരഞ്ഞെടുക്കപ്പെടുക എന്നതാക്കണം എന്നാണ് എന്റെ രണ്ടാമത്തെ ഭേഗതി.

എന്റെ മൂന്നാമത്തെ ഭേഗതി, നാലാം വകുപ്പ് (ഇ) യിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുക എന്നതിനു പകരം നിയമസഭ ആനുപാതിക പ്രാതിനിധ്യപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരുമായ രണ്ട് നിയമസഭാംഗങ്ങൾ എന്നു ചേർക്കുക എന്നതാണ്.

സർ, രണ്ട് നിയമസഭാംഗങ്ങൾ എന്നതിനെ സംബന്ധിച്ച് എനിക്ക് വലിയ അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഈ ആയക്കെട്ട് ഏരിയായിൽ ധാരാളം നിയമസഭാംഗങ്ങൾ ഉണ്ടാകാം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അവർക്ക് എല്ലാവർക്കും പ്രാതിനിധ്യം ഈ അതോറിറ്റിയിൽ ഉണ്ടായിരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ അതേയവസരത്തിൽ തന്നെ ഈ നിയമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നു, തെരഞ്ഞെടുക്കപ്പെടുന്ന എന്നു പറഞ്ഞാൽ ആനുപാതിക പ്രാതിനിധ്യപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന രണ്ടാളുകൾ ആയിരിക്കണം. അതുകൊണ്ട് ഭരണകക്ഷിയെന്നോ പ്രതിപക്ഷ കക്ഷിയെന്നോ ഉള്ള വ്യത്യാസം കൂടാതെ ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സാമാജികൻമാരെ തെരഞ്ഞെടുക്കണം. അതാണ് എനിക്ക് മൂന്നാമത്തെ ഭേഗതിമൂലം അവതരിപ്പിക്കാനുള്ളത്.

സർ, 4-ാമത്തെ ഭേഗതിയിൽ 4-ാം വകുപ്പിൽ (എഫ്) ഉപവകുപ്പിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എന്നതിനുപകരം "രജിസ്റ്റർ ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയതും എന്നാൽ കാർഷിക പ്രശ്നങ്ങളിൽ നിരന്തരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതുമായ സംഘടനകളിൽപ്പെടുന്ന" എന്നും "പദ്ധതി പ്രദേശത്തുള്ള ഓരോരുത്തർ വീതവും" എന്നതിനുശേഷം "ഒരു കർഷകത്തൊഴിലാളിയും" എന്നും ചേർക്കുകയെന്നുള്ളതാണ്. വളരെ സുപ്രധാനമായ ഒരു കാര്യമാണ് ഈ വകുപ്പിൽ ചേർക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ധാരാളം സംഘടനകളും ഇന്നു സൊസൈറ്റി

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ ആക്ടിന്റെയൊക്കെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കാലഘട്ടമാണ്. അതിൽ ഏതാണ്ട് 90 ശതമാനം സൊസൈറ്റികളും ഇന്ന് പ്രവർത്തനശൂന്യമായിക്കിടക്കുകയാണ്; കടലാസ് സംഘടനയായി മാത്രം നിലനിൽക്കുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നു പറയുന്നത് കൊണ്ടു മാത്രം അതൊരു യോഗ്യതയായി പരിഗണിക്കാൻ പാടില്ല. അതുകൊണ്ട് രജിസ്റ്റർ ചെയ്യപ്പെട്ടത് ആയാലും ശരി രജിസ്റ്റർ ചെയ്യപ്പെടാത്തതായാലും ശരി ആ സംഘടനകളിൽ പ്രധാനമായി നോക്കേണ്ടത് കൃഷിക്കാരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണോയെന്നുള്ളതാണ്. കൃഷിക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക എന്നു പറഞ്ഞാൽ ഈ കാലഘട്ടത്തിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ആണ് കൃഷിക്കാർ. അങ്ങനെ ആ കൃഷിക്കാരുടെ മൗലിക പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങൾ, ആനുകാലിക പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയവ കണക്കിലെടുക്കുവാനും വേണ്ടിവന്നാൽ അത് പ്രക്ഷോഭണത്തിലേക്കും സമരങ്ങളിലേക്കും കൊണ്ടു പോകുവാനും തയ്യാറുള്ള തരത്തിൽ എന്നു പറഞ്ഞാൽ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സംഘടനകളായിരിക്കണം അത്തരത്തിൽ വരേണ്ടത്. അവ രജിസ്റ്റർ ചെയ്തതായാലും ശരി രജിസ്റ്റർ ചെയ്യാത്ത സംഘടനകളായാലും ശരി എന്നുള്ളതാണ് എനിക്ക് ആ കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. അതുപോലെതന്നെ പദ്ധതി പ്രദേശത്തുള്ള ഓരോരുത്തരെ തെരഞ്ഞെടുക്കണമെന്നു പറഞ്ഞു. അങ്ങനെ ഓരോരുത്തരെ തെരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മുമ്പ് സൂചിപ്പിച്ചു കർഷകത്തൊഴിലാളികൾക്കു കൂടെ ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന്. അഞ്ചോ പത്തോ സെന്റ് ഭൂമിയുള്ള കർഷകത്തൊഴിലാളികളാണെങ്കിൽ അവർക്ക് ആനുകൂല്യം ലഭിക്കും. അതിനെ സംബന്ധിച്ചും അഭിപ്രായ വ്യത്യാസമില്ല. എന്റെ ഭേദഗതിയിൽ പറഞ്ഞതുപോലെ ഈ കർഷകതൊഴിലാളികൾ എന്ന വിഭാഗത്തിലുള്ള നൂറു കണക്കിന് തൊഴിലാളികൾ ഈ പ്രദേശത്തു കാണും. യഥാർത്ഥത്തിൽ കർഷകരുടെ ആ അഭിവൃദ്ധിയുടെ ഒരംശം കർഷകത്തൊഴിലാളികൾക്ക് ഉണ്ടാകും. കർഷകർക്കുണ്ടാകുന്ന അഭിവൃദ്ധിക്ക് നിദാനമായിട്ടുള്ളത് യഥാർത്ഥത്തിൽ അവിടത്തെ കർഷകതൊഴിലാളികളാണ്. അങ്ങനെയുള്ള നൂറുകണക്കിന് കർഷകത്തൊഴിലാളികൾ ഈ കൃഷിക്കാരെക്കാൾ പാടുപെട്ട് പണിയെടുത്ത് കൃഷിക്കാർക്ക് ആവശ്യമായ രീതിയിലുള്ള ഉൽപ്പന്നങ്ങളും വിഭവങ്ങളുമൊക്കെ സമ്പാദിച്ചു കൊടുക്കുന്നവരാണ്. ആ കർഷകത്തൊഴിലാളികളുടെ ഒരു പ്രതിനിധിയെങ്കിലും നിശ്ചയമായും ഈ അതോറിറ്റിയിൽ ഉണ്ടാകണം. അതുകൂടി എഴുതി ചേർക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 4-ാം വകുപ്പിൽ (സി) ഇനത്തിൽ "വാട്ടർ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ്" എന്നതിനു പകരം വാട്ടർ മാനേജ്മെന്റിൽ ഉന്നത ബിരുദവും പരിചയവുമുള്ള ഒരു വാട്ടർ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ്" എന്നു ചേർക്കുക.

(2) 4-ാം വകുപ്പിൽ (എഫ്) ഇനത്തിൽ, "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനു പകരം "ഗുണഭോക്താക്കളുടെ സന്നദ്ധ സംഘടനകളിൽ നിന്നോ മറ്റേതെങ്കിലും നിയമപ്രകാരം ഗുണഭോക്താക്കൾക്കുവേണ്ടി രജിസ്റ്റർ ചെയ്തു പ്രവർത്തിപ്പിച്ചുവരുന്ന സംഘടനകളിൽനിന്നോ സർക്കാർ ചട്ടപ്രകാരം നിർണ്ണയിക്കാവുന്ന രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയുടെ ഘടനയെ സംബന്ധിച്ച് (സി) വകുപ്പിൽ പറയുന്നത് വാട്ടർ മാനേജ്മെൻറ് സ്പെഷ്യലിസ്റ്റ്, അദ്ദേഹം അതോറിറ്റിയുടെ സെക്രട്ടറിയായിരിക്കുന്നതാണെന്നാണ്. അത് കുറച്ചുകൂടി ഒന്ന് വിശദീകരിച്ച് പറയുന്നു. പിന്നീടു ഭാവിയിൽ കേസൊക്കെ ഒഴിവാക്കാൻവേണ്ടി ഒന്ന് തിരുത്തണമെന്നുള്ള ഒരു ഭേദഗതിയേ എനിക്കുള്ളു. വാട്ടർ മാനേജ്മെൻറിൽ ഉന്നതബിരുധമുള്ള ഒരു സ്പെഷ്യലിസ്റ്റ് എന്നാക്കി മാറ്റണം. ധാരാളം സ്പെഷ്യലിസ്റ്റുകളെ പല ബോർഡിലും അതോറിറ്റിയിലുമൊക്കെ നിയമിച്ചുവരാണ് നമ്മം. പിന്നീടു തിരിഞ്ഞുനോക്കുമ്പോൾ അവർക്ക് ഒന്നും ഈ യോഗ്യതയില്ലെന്ന് പലപ്പോഴും മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഉന്നതബിരുധമുള്ള ഒരു സ്പെഷ്യലിസ്റ്റ് എന്നാക്കുകയാണെങ്കിൽ പിന്നീടു സംശയങ്ങളും തർക്കങ്ങളും ഇല്ലാത്തവിധത്തിൽ ഇത് അംഗീകരിക്കാൻ കഴിയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 4-ാം വകുപ്പിൽ (ഇ) ഇനത്തിനുപകരം താഴെപ്പറയുന്നതു ചേർക്കുക :—

"(ഇ) കമാൻഡ് ഏരിയാ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന എല്ലാ നിയമസഭാ സാമാജികരും".

(2) 4-ാം വകുപ്പിൽ (എഫ്) ഇനത്തിനുപകരം താഴെപ്പറയുന്നത് ചേർക്കുക :—

"(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പത്തു കർഷകർ—അവരിൽ ഒരാൾ കർഷകത്തൊഴിലാളിയും, ഒരാൾ ഗ്രാമീണ കൈത്തൊഴിൽക്കാരനും, മറ്റൊരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെടുന്നയാളും, വൻകിട ജലസേചനപ്രദേശത്തോ ഇടത്തരം ജലസേചനപ്രദേശത്തോ ഉള്ള അഞ്ചു കർഷകരും, ചെറുകിട ജലസേചനപ്രദേശത്തും സാമൂഹ്യ ജലസേചന പ്രദേശത്തും ഉള്ള ഒരാളും വീതവും ഉണ്ടായിരിക്കേണ്ടതാണ്".

ഈ ഭേദഗതികളെല്ലാം വളരെ ഗൗരവത്തോടുകൂടിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് ഈ ബില്ലിന്റെ ചർച്ചക്ക് അനുപേക്ഷണീയമാണ് എന്നുള്ള അഭിപ്രായത്തിലുമാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ ബഹുമാനപ്പെട്ട നിയമമന്ത്രി ഇത് വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന ഒരു ആക്ഷേപം എനിക്കുണ്ട്. എന്റെ ഈ ആക്ഷേപത്തിന് അടിസ്ഥാനമുണ്ട്. ഈ സഭയിൽ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതുപോലെ പ്രധാനമാണ്, സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ നിയമനിർമ്മാണ പ്രക്രിയകളിൽ പങ്കെടുക്കുക എന്നത്. ലാ മിനിസ്റ്റർ തന്നെ പൈലറ്റ് ചെയ്യുന്ന ഒരു ബില്ലാണ് അഭിഭാഷക ക്ഷേമനിധി ബില്ല്. ആ ബില്ലിന്റെ സബ്ജക്ട് കമ്മിറ്റിയോഗം ഇതേ സമയത്ത് തന്നെ വച്ചു. അപ്പോഴും ഞാൻ അതിൽ പങ്കെടുക്കാതിരിക്കണമെന്നുള്ളതാണ് ഉദ്ദേശമെന്നുതോന്നുന്നു. രണ്ടിലുംകൂടി ഒരേ സമയം പങ്കെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇത് വളരെ ഗൗരവമായെടുക്കണം. ഒരു ചടങ്ങായിട്ട് ഗവൺമെൻറ് കാണരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആണ് കമ്മിറ്റിയുടെ ചെയർമാൻ. ആ സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ അംഗമാണ്. ആ ബില്ല് പൈലറ്റ് ചെയ്യുന്നത് ശ്രീമാൻ മാണിയാണ്. ശ്രീ. മാണിക്ക് അറിയാം ഈ സമയത്താണ് മറ്റേ ബില്ലിന്റെ ചർച്ചയുമെന്ന്. അതുകൊണ്ട് ഇത് രണ്ടും ഒരേ സമയത്ത് പാടില്ലെന്ന് അറിയാം. എന്നിട്ട് ശ്രീമാൻ മാണി ഇവിടെ ഇരിക്കുകയും ചെയ്തു. ഡബിൾ ഡ്യൂട്ടി ഇതിനു വേണ്ട. ഈ ഇരട്ടവേഷം ശ്രീ. മാണിക്കു നല്ലതല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം മാണി) : സർ, ഈ ബില്ലിനെപ്പറ്റി സംസാരിക്കണമെന്നാണ് റൂൾസിൽ പറയുന്നത്. അദ്ദേഹം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള വേറൊരു ബില്ലിനെപ്പറ്റിയാണ് സംസാരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ ഈ ബില്ലിൽ ഇതും വളരെ ഗൗരവമായിട്ടാണ് കാണുന്നത്.. ഈ ബില്ലിന്റെ ഭേദഗതി അവതരിപ്പിക്കാതിരിക്കാൻവേണ്ടി ശ്രീ. മാണി സ്വതസിദ്ധമായ നിലയിൽ ഒരു കെണി ഒരുക്കിയതാണ് ഇതേ സമയം ആ സബ്ജക്ട് കമ്മിറ്റി മീറ്റിംഗ് വച്ചത്. ഒരംഗത്തിന് ഇതു രണ്ടിലും ഒരേ സമയത്ത് പങ്കെടുക്കാൻ സാധിക്കുകയില്ലല്ലോ. ശ്രീ. മാണിയെ സംബന്ധിച്ചിടത്തോളം ചിലപ്പോഴം കഴിഞ്ഞേക്കും. ആ ഞാണിൻമേൽക്കളി എനിക്കു വശമില്ല. ശ്രീ. മാണി കുറേ നാളായിട്ട് കളിക്കുകയാണ് ഈ ഞാണിൻമേൽ കളി. ഈ നിയമനിർമ്മാണ പ്രക്രിയയിൽ ഈ ഞാണിൻമേൽക്കളി ഒഴിവാക്കണം. അത് രാഷ്ട്രീയത്തിലാകാം. പക്ഷേ ഇതെല്ലാം വളരെ ഗൗരവസ്വഭാവത്തോടുകൂടി ഈ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളം എന്നുള്ള നിലയിൽ കാണുകയും സത്യസന്ധമായ, ന്യായമായ ഒരു സമീപനം ഈ കാര്യത്തിൽ നിയമവകുപ്പുമന്ത്രി എടുക്കുകയും ചെയ്യണം. നിങ്ങളം ഒരു നിയമവകുപ്പുമന്ത്രിയാണ്. ഞാൻ ആദ്യത്തെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത് രണ്ടുകാര്യങ്ങളാണ്. ഒന്ന് ഈ നോമിനേഷൻ ഒഴിവാക്കണം. തീർച്ചയായിട്ടും നോമിനേഷൻ വന്നാൽ രാഷ്ട്രീയ പരിഗണന ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഗവൺമെന്റ് ഏതായാലും രാഷ്ട്രീയ പരിഗണനവച്ച് നോമിനേഷൻ നടത്തുമെന്നുള്ളത് സത്യമായ ഒരു കാര്യമാണ്. അക്കാര്യത്തിൽ ഏതെങ്കിലും ഒരു പ്രത്യേക ഗവൺമെന്റിനെ ഞാൻ കുറം പറയുകയല്ല. പക്ഷേ ഒരു നിയമ നിർമ്മാണ പ്രക്രിയയിൽ അങ്ങനെ ഒരു രാഷ്ട്രീയ പരിഗണന കടന്നുകൂടുന്ന വ്യവസ്ഥകം ഒഴിവാക്കണം എന്നുള്ള ഒരു അഭിപ്രായത്തെ മുൻനിറുത്തിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത് അതുകൊണ്ട് നോമിനേഷൻ ഒഴിവാക്കുക. രണ്ട് ഒരു പ്രദേശത്തുള്ള നിയമസഭാ സാമാജികൻമാർക്ക് എല്ലാം, അത് പ്രവർത്തിക്കുന്ന പ്രദേശത്തുള്ള നിയമസഭാ സാമാജികൻമാരെ മുഴുവൻ ഈ കമ്മിറ്റിയിൽ അംഗങ്ങളാക്കുന്നതുകൊണ്ട് ഒരു അപകടവും ഇല്ല. അത് രണ്ടു പേർക്കുമാത്രമായി ഒതുക്കേണ്ടതില്ല. പരമാവധി ഒരു കമാൻഡ് ഏരിയായിൽ വരാവുന്ന അംഗങ്ങളുടെ സംഖ്യ അഞ്ചോ ആറോ മാത്രം ആയിരിക്കും. അപ്പോഴം ഈ എല്ലാ എം.എൽ.എ. മാരേയും എടുക്കുന്നതിനുപകരം എന്തിന് രണ്ടുപേരെയായി ചുരുക്കുന്നു ? ആ നടപടി തീർച്ചും തെറ്റാണ്. അതുകൊണ്ട് ഒരു കമാൻഡ് ഏരിയായിൽ പെടുന്ന പ്രദേശത്തെ മുഴുവൻ എം.എൽ.എ. മാർക്കും ഈ അതോറിറ്റിയിൽ പ്രാതിനിധ്യം കൊടുക്കണമെന്നുള്ള എന്റെ ഭേദഗതി ഞാൻ ശക്തിയായി വീണ്ടും ഉന്നയിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

4-ാം വകുപ്പിൽ (എഫ്) ഇനത്തിൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിനുപകരം "കർഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന" എന്നു ചേർക്കുക.

സർ, കമാൻറ് ഏരിയാ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാ സാമാജികരിൽനിന്ന് കേരള നിയമസഭ ആനുപാതിക പ്രാതിനിധ്യത്തിനനുസരിച്ച് തെരഞ്ഞെടുക്കുന്ന രണ്ടു പ്രതിനിധികളം വേണം എന്നാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. നേരത്തെ ഇവിടെ പറഞ്ഞപോലെ കേരള നിയമസഭ ആനുപാതിക പ്രാതിനിധ്യമനുസരിച്ച് തെരഞ്ഞെടുപ്പും

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയാൽ, 2 പേരെ തെരഞ്ഞെടുക്കുന്നത് ഇത്തരത്തിലായാൽ രാഷ്ട്രീയ പരിഗണന ഒഴിവാക്കാൻ സാധിക്കും. മറെറല്ലാ സമിതികളിലും നിയമസഭാ സാമാജികൻമാരെ തെരഞ്ഞെടുക്കുകയാണ് ഇപ്പോഴും ചെയ്യുന്നത്. കേരള യൂണിവേഴ്സിറ്റി സമിതിയിലും, കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റിലും, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി സമിതിയിലുമെല്ലാം തെരഞ്ഞെടുപ്പാണ്. എന്നാൽ ഇവിടെ മാത്രം നിയമസഭാ സാമാജികൻമാരെ നോമിനേറ്റ് ചെയ്യുന്ന വകുപ്പാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അത് ഭേദഗതി ചെയ്തുകൊണ്ട് നിയമസഭാ സാമാജികൻമാരായ 2 പേരെ ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് തെരഞ്ഞെടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. ടി. കെ. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 4-ാം വകുപ്പിൽ (എഫ്) ഇനത്തിൽ ''സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന'' എന്നതിനു പകരം ''ഗുണഭോക്താക്കളുടെ സന്നദ്ധസംഘടനകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന'' എന്നു ചേർക്കുക.

(2) 4-ാം വകുപ്പിൽ (എഫ്) ഇനത്തിൽ ''ഓരോരുത്തർ വീതവും'' എന്നതിനുശേഷം ''ഒരു കർഷകത്തൊഴിലാളിയും'' എന്നു ചേർക്കണം എന്നാണ്.

(3) 4-ാം വകുപ്പിൽ അവസാനമായി താഴെക്കാണുന്ന പ്രകാരം ചേർക്കുക. (പി) ഈ വകുപ്പനുസരിച്ച് അതോറിട്ടി അംഗങ്ങളായി വരുന്ന ഔദ്യോഗിക അംഗങ്ങളുടെ എണ്ണം കർഷകരായ അംഗങ്ങളുടേതിനേക്കാൾ കൂടാൻ പാടില്ലാത്തതും ഔദ്യോഗികാംഗങ്ങൾക്ക് അതോറിട്ടിയെ ഉപദേശിക്കുകയെന്നുള്ള അധികാരം മാത്രം ഉണ്ടായിരിക്കുന്നതുമാണ്.

സർ, 2 എം.എൽ.എ. മാരെ തെരഞ്ഞെടുക്കുകയെന്നു പറയുമ്പോൾ നോമിനേറ്റ് ചെയ്യണമെന്ന് പറയുന്നത് ശരിയല്ല. തെരഞ്ഞെടുക്കപ്പെടണം എന്നുള്ളത് പ്രഖ്യാപിത നയമാണ്. നോമിനേറ്റ് ചെയ്യുമ്പോൾ 2 മെമ്പർമാർ എന്നു പറഞ്ഞാൽ ഭരണപക്ഷം തന്നെ വരും. അതുകൊണ്ട് ആനുപാതിക പ്രാതിനിധ്യം അനുസരിച്ചെന്നു പറഞ്ഞാൽ ഒരാൾ ഭരണപക്ഷത്തു നിന്നും ഒരാൾ പ്രതിപക്ഷത്തുനിന്നും ഉണ്ടാകും. ആ ആളുകളെ തീരുമാനിക്കാനുള്ള അധികാരം അതാതു കക്ഷികൾക്കെന്ന നിലയിൽ ശരിക്ക് പ്രവർത്തിക്കാൻ കഴിയുന്ന ഉത്തരവാദിത്വമുള്ള 2 മെമ്പർമാർ നിയമസഭയിലെ ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തുനിന്നും കമാൻഡ് ഏരിയായിൽ വരും. അതുകൊണ്ട് അതെങ്കിലും ബഹുമാനപ്പെട്ട മാണി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ: സർ, താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. 4-ാം വകുപ്പിൽ അവസാന ഇനമായി താഴെ പറയുന്ന പുതിയ ഇനം ചേർക്കുക. ''(പി) ഈ വകുപ്പിൽ (ബി) മുതൽ (എം) വരെയുള്ള ഇനങ്ങളിൽ പറയുന്ന ഔദ്യോഗിക അംഗങ്ങളുടെ എണ്ണം അതോറിറ്റിയിലെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നിൽ കവിയാൻ പാടില്ലാത്തതാകുന്നു''. ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഔദ്യോഗിക അംഗങ്ങളുടെ എണ്ണം 24 എന്നു പറയുന്നു. ഇവ ഔദ്യോഗിക അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും എം.എൽ.എ. മാരുടേയും പ്രതിനിധികളടങ്ങുന്ന സമിതിയായിരിക്കണം. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ഈ സമിതി നിറയ്ക്കാൻ പാടില്ല. ഈ നിയമത്തിന്റെ ജനാധിപത്യസ്വഭാവം തന്നെ നഷ്ടപ്പെടുമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതുകൊണ്ട് ഈ സമിതിയിലെ അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരല്ലാത്ത ആളുകളായിരിക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, അതിൽ പറയുന്നത് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് അസോസിയേഷനിൽ നിന്ന് തെരഞ്ഞെടുക്കണമെന്നാണ്. കർഷകർക്ക് ഭൂരിപക്ഷം കിട്ടത്തക്കവണ്ണം അവരുടെ എണ്ണം 15 ആയി വർദ്ധിപ്പിക്കണം. ഈ ബില്ലിലെ 36, 37 എന്നീ ക്ലാസ് പ്രകാരം ഫീസ് എന്നും "ചാർജ്" എന്നും പേര് കൊടുത്തിരിക്കുന്ന കരം ചുമത്താനുള്ള അധികാരം ഈ അതോറിട്ടിക്കുണ്ടായിരിക്കണം. No taxation without representation എന്ന തത്വം അംഗീകരിക്കുകയാണെങ്കിൽ കരം ചുമത്താൻ വരെ അധികാരമുള്ള ഈ സഭയിൽ കർഷകന്റെ പ്രതിനിധികളെ നോമിനേറ്റഡ് ആകരുതെന്ന് സമ്മതിക്കും ഈ കമാൻഡ് ഏരിയാ ബിൽ എന്ന് വിളിക്കുന്ന "കമാൻഡ് പെർഫോംസ്" ബില്ലിൽ അതോറിറ്റി "കമാൻഡ്" അനുസരിച്ച് പ്രവർത്തിക്കുന്ന ആളുകളെ മാത്രം വച്ച് ഉണ്ടാക്കരുത്. തെരഞ്ഞെടുക്കപ്പെടുന്ന ആളുകളും ആകണം. രണ്ടാമത്തെ സംഗതി ഇത് വന്ന് കഴിഞ്ഞാൽ ഫലത്തിൽ പഞ്ചായത്തുകളുടെ അധികാരം വളരെ ഇല്ലാതെ പോകും. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളുടെ അധികാരം വളരെ കുറയും. റൂറൽ ഡവലപ്പ്മെന്റ് പ്രവർത്തനം നടത്തുന്ന ബ്ലോക്കുകളുടേയും റൂറൽ ഡവലപ്പുമെന്റ്ഡിപ്പാർട്ടുമെന്റിന്റേയും ഫങ്ഷനും റോളും വളരെ ചുരുങ്ങും. അങ്ങനെ വളരെയധികം കോംപ്രിഹെൻസീവ് പവേഴ്സുള്ള അതോറിറ്റിയുടെ ഭൂരിപക്ഷം മെമ്പർമാരും തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം. No taxation without representation. എന്ന തത്വപ്രകാരമായിരിക്കണം. അതുകൊണ്ട് അംഗസംഖ്യ 15 ആക്കി മാറ്റണം. 15 പേരും അസോസിയേഷനിൽ നിന്ന് തെരഞ്ഞെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, No taxation without representation എന്നു പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പാസാക്കിയ നിയമം സൃഷ്ടിച്ച അതോറിട്ടിയെന്ന് പറയുമ്പോൾ ആ ആശങ്കയെല്ലാം പോയി. അതിനെ സംബന്ധിച്ചിടത്തോളം ആ ബുദ്ധിമുട്ടില്ല. കർഷക തൊഴിലാളിയെപ്പറ്റി ഇവിടെ ആശങ്കയുണ്ട്. ഞാൻ അതിന് ഒരു ഡെഫനിഷൻ പറയാം. കർഷക തൊഴിലാളികൾ 2 കപ്പാസിറ്റിയിലുണ്ട്. മറ്റുള്ളവരുടെ കീഴിൽ ജോലി ചെയ്യുന്ന കർഷകത്തൊഴിലാളികൾ, കൂലി വേല ചെയ്യുന്ന കർഷകത്തൊഴിലാളികൾക്ക് ഇതുമായി ബന്ധമില്ല. കർഷക തൊഴിലാളി മറ്റ് ആളുകളുടെ കീഴിലല്ലാതെ സ്വന്തമായി ഭൂമിയിൽ പണി ചെയ്യുമ്പോൾ ആ കർഷകത്തൊഴിലാളി കൃഷിക്കാരനാണ്. മറ്റാളുകളുടെ കീഴിൽ ജോലി ചെയ്യുമ്പോൾ തൊഴിലാളിയും. സ്വന്തമായി ഭൂമിയുണ്ടെങ്കിൽ, 10 സെന്റ് ഭൂമിയുള്ളവർ കർഷകത്തൊഴിലാളിയുടെ ആയക്കെട്ടിൽ വരുന്നുണ്ട്. അത് അയാളുടെ സ്വന്തം ഭൂമിയാണ്, ഉടമസ്ഥൻ ആണ്. ഉടമസ്ഥൻ എന്നുള്ള കപ്പാസിറ്റിയിൽ കൃഷിക്കാരനാണ്. അപ്പോൾ കൃഷിക്കാർക്ക് വച്ചിരിക്കുന്നതിന്റെ കൂടെ കർഷകത്തൊഴിലാളികളും വരുന്നുണ്ട്. ഒരു ആശങ്കയും വേണ്ട. അതനുസരിച്ച് കർഷക തൊഴിലാളികൾക്ക് കിട്ടാൻ പോകുകയാണ്. രണ്ടാമതൊരുകാര്യം ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ പറഞ്ഞു. അമൻറ്മെന്റ് 56, ഇതിൽ ഉന്നത ബിരുദമുള്ളവരെക്കൂടി ചേർക്കണമെന്നു പറഞ്ഞു. ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത് സ്പെഷ്യലിസ്റ്റ് തന്നെ വേണമെന്നാണ്. ഈ സെലക്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി സബ്ജക്റ്റ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തത് സ്പെഷ്യലിസ്റ്റ് തന്നെ വേണമെന്നാണ്. സ്പെഷ്യലിസ്റ്റ് വേണമെന്ന് പറയുമ്പോഴും ശ്രീ. കാനം രാജേന്ദ്രൻ പറയുന്നത് ഉന്നത ബിരുദമുള്ളവർ വേണമെന്നാണ്. ഉന്നത ബിരുദമുള്ളവരെല്ലാം സ്പെഷ്യലിസ്റ്റല്ല. ഗവൺമെന്റ് ആഗ്രഹിക്കുന്നത് സ്പെഷ്യലിസ്റ്റ് തന്നെ വേണമെന്നുള്ളതാണ്. അതുകൊണ്ട് ശ്രീ. കാനം രാജേന്ദ്രന്റെ അമൻറ്മെന്റിനേക്കാൾ പ്രോഗ്രസ്സീവ് ആയിട്ടുള്ള പ്രൊവിഷൻ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനകത്തുണ്ട് എന്ന് ഞാൻ വിനയപൂർവ്വം പറയുകയാണ്. അതുകൊണ്ട് സ്പെഷ്യലിസ്റ്റ് മതി.

സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും കെ. വി. സുരേന്ദ്രനാഥും ഒരു കാര്യം പറഞ്ഞു. എനിക്ക് ഇക്കാര്യത്തിൽ ഒരു വിഷമവുമില്ല. എം.എൽ.എ. മാരെ രണ്ടുപേരെ തെരഞ്ഞെടുത്താൽ ആനുപാതിക പ്രാതിനിധ്യമല്ലേ ? ഒന്ന് അവിടേയും ഒന്ന് ഇവിടെയും രണ്ടും പ്രതിപക്ഷത്തിന് തരണമെന്നാണു തോന്നുന്നതെങ്കിലോ ? അതു പറ്റുകയില്ലല്ലോ. അപ്പോൾ ഒരേ ആനുപാതിക പ്രാതിനിധ്യമെന്ന് പറഞ്ഞുകൊണ്ട് രാഷ്ട്രീയമൊന്നും ഇതിനകത്തുവേണ്ട. നിയമസഭയിൽ വരുക, നോമിനേഷൻ പേപ്പർ കൊടുക്കുക, ഒന്ന് അവിടെ ഒന്ന് ഇവിടെ. കൃഷിക്കാരന്റെ കാര്യത്തിൽ രാഷ്ട്രീയം വേണ്ട. നമുക്ക് കർഷകരുടെ പ്രതിനിധികളെ അവിടെ എടുക്കാം. അപ്പോൾ കല്ലട വരുകയാണെങ്കിൽ വി എസ്. ചന്ദ്രശേഖരൻപിള്ളയേയോ ആരെവേണമെങ്കിലും എടുക്കാം. പ്രതിപക്ഷത്തെ ആയിരിക്കും ചിലപ്പോൾ വയ്ക്കുന്നത്. അതിൽ ഭരണകക്ഷിക്ക് നോട്ടമില്ല. ആ ആയക്കെട്ടിൽ പ്രതിപക്ഷമാണെങ്കിൽ പ്രതിപക്ഷം ഭരണകക്ഷി ഇല്ലെന്ന് വരാം. അതുകൊണ്ട് എപ്പോഴും നല്ലത് ഉത്തമമായ തീരുമാനങ്ങളെടുത്തുകൊണ്ട് കമ്മിറ്റി ഭംഗിയായി റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യുക എന്നതാണ്. അതിന് തെരഞ്ഞെടുപ്പും, വാശിയായി ഓട്ടുപിടിത്തവുമല്ല വേണ്ടത്. നേരേമറിച്ച് നോമിനേഷനാണ്. അതുകൊണ്ട് നമ്മുടെതന്നെ ഇൻറസ്റ്റിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഇത് പ്രസ് ചെയ്യരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഇൻറസ്റ്റും ഗവൺമെൻറ് കണക്കിലെടുക്കും. കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന സമയത്ത് പ്രതിപക്ഷങ്ങളുടെ ആശങ്കയും ദൂരീകരിച്ചുകൊണ്ട് പ്രതിപക്ഷങ്ങൾക്കൊക്കെ താൽപര്യപൂർവ്വം, അവർകൂടി സാറിസ്ഫൈഡ് ആകത്തക്കവണ്ണമൊക്കെയേ ഇതിന്റെ കോൺസ്റ്റിറ്റ്യൂഷൻ വായിക്കയുള്ളൂ എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഒന്നും രണ്ടും ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച മൂന്നാമത്തെ ഭേദഗതി .....

ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള : സർ, ഞാൻ പോയ് ആവശ്യപ്പെടുന്നു.

(വോട്ടെടുപ്പ് നടന്നു. അതിൽ സഭ താഴെ കാണും പ്രകാരം തീരുമാനിച്ചു.)

അനുകൂലിക്കുന്നവർ-33

1. ശ്രീ. ടി.കെ. അബ്ദു
2. ,, ടി.കെ ആറുമുഖൻ
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ശ്രീമതി മാർഗ്രവി തങ്കപ്പൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
6. ,, വി.എസ്. ചന്ദ്രശേഖരൻപിള്ള
7. ശ്രീമതി പി. ദേവൂട്ടി
8. ശ്രീ. കെ.ജെ. ജോർജ്
9. ശ്രീമതി കെ.ആർ. ഗൗരി
10. ശ്രീ. ടി.കെ. ഹംസ
11. ,, എം. ജിനദേവൻ
12. ,, വി.സി. കബീർ
13. ,, കെ.ടി. കണാരൻ
14. ,, എം.കെ. കേശവൻ
15. ,, വി. കേശവൻ
16. ,, സി.ടി. കൃഷ്ണൻ
17. ,, കെ.ടി. കുമാരൻ
18. ,, പി.വി. കുഞ്ഞിക്കണ്ണൻ
19. ,, ലോനപ്പൻ നമ്പാടൻ
20. ,, കെ. മൂസ്സക്കുട്ടി
21. ,, എ.കെ. പത്മനാഭൻ
22. ,, ടി.പി. പീതാംബരൻ മാസ്റ്റർ
23. ,, കെ. പുരുഷോത്തമൻ
24. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
25. ശ്രീ. വർക്കല രാധാകൃഷ്ണൻ
26. ,, കാനം രാജേന്ദ്രൻ
27. ,, എ. സി. ഷൺമുഖദാസ്
28. ഡോക്ടർ എ. സുബ്ബറാവു
29. ശ്രീ. സി.കെ. തങ്കപ്പൻ
30. ,, എസ്. ആർ. തങ്കരാജ്
31. ,, ആർ.എസ്. ഉണ്ണി
32. ,, ജി. വരദൻ
33 ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ-55

1. ശ്രീ. പി.എം. അബൂബേക്കർ
2. ,, ഇ. അഹമ്മദ്
3. ,, സി.ടി. അഹമ്മദ് അലി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
6. ,, പി.കെ.കെ. ബാവ
7. ,, യു.എ. ബീരാൻ
8. ,, ബെന്നി ബഹനാൻ
9. ,, പി. മോസ്ക്കരൻ
10. ,, എം.പി. ഗംഗാധരൻ
11. ,, പി.സി. ജോർജ്
12. ,, എ.എൽ. ജേക്കബ്
13. ,, ടി.എം. ജേക്കബ്
14. ,, ടി.എസ്. ജോൺ
15. ,, എ.സി. ജോസ്
16. ,, ജോസ് കുറ്റിയാനി

LIBRARY ARCHIVES Kerala Legislative Assembly

17. ഡോക്ടർ കെ.സി. ജോസഫ്
18. ശ്രീ. കെ.സി. ജോസഫ്
19. ,, പി.ജെ. ജോസഫ്
20. ,, വി.വി. ജോസഫ്
21. ശ്രീമതി എം. കമലം
22. ശ്രീ. കെ.ജി.ആർ. കർത്താ
23. ,, കെ. കരുണാകരൻ
24. ,, പി.കെ. കുഞ്ഞാലിക്കുട്ടി
25. ,, മണിമംഗലത്ത് കുട്ട്യാലി
26. ,, ഇ.ജെ. ലൂക്കോസ്
27. ,, കെ.പി.എ. മജീദ്
28. ,, കെ.എം. മാണി
29. ,, എം.വി. മാണി
30. ,, കെ. മുഹമ്മദാലി
31. ,, പി.എ. മുഹമ്മദ് കുണ്ണ്
32. ,, പി.വി. മുഹമ്മദ്
33. ,, ടി.എച്ച്. മുസ്തഫ
34. ,, കെ.എസ്. നാരായണൻ നമ്പൂതിരി
35. ,, കെ.പി. നൂറുദ്ദീൻ
36. ,, തച്ചടി പ്രഭാകരൻ
37. ,, കെ. രാഘവൻ മാസ്റ്റർ
38. ,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
39. ,, കെ.പി. രാമചന്ദ്രൻ നായർ
40. ,, എസ്. രാമചന്ദ്രൻപിള്ള
41. ,, തേറമ്പിൽ രാമകൃഷ്ണൻ
42. ,, കെ.പി. രാമൻ
43. ,, പി. സീതിഹാജി
44. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
45. ,, കടവൂർ ശിവദാസൻ
46. ,, നാലകത്തു സൂപ്പി
47. ,, എൻ. ശ്രീനിവാസൻ
48. ,, പന്തളം സുധാകരൻ
49. ,, സി.എം. സുന്ദരം
50. ,, എൻ. സുന്ദരൻനാടാർ
51. ,, പി.പി. തങ്കച്ചൻ
52. ,, സി.എഫ്. തോമസ്
53. ,, കെ.കെ. തോമസ്
54. ,, തോമസ് കല്ലമ്പള്ളി
55. ,, പി.കെ. വേലായുധൻ

അനുകൂലിക്കുന്നവർ—33

പ്രതികൂലിക്കുന്നവർ—55

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച മൂന്നാമത്തെ ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ശ്രീ. വി.എസ്. ചന്ദ്രശേഖരപിള്ള അവതരിപ്പിച്ച നാലാമത്തെ ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി.കെ. ഹംസ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം.കെ. കേശവൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിതീർന്നു.

(ചർച്ച പൂർത്തിയായില്ല)

2. 1986-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ

Minister for Finance (**Shri Thachady Prabhakaran**): Sir, I introduce the Kerala appropriation (No. 10) Bill, 1986.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ല് അവതരണത്തിലും ഒരു നടപടിപ്പിശക് ഉണ്ട്. നടപടിച്ചട്ടം 76 അനുസരിച്ച് ഈ ബില്ലുകൾ കൃത്യം രണ്ട് ദിവസത്തിന് മുമ്പുതന്നെ ഞങ്ങൾക്ക് തരണമെന്നാണ് വ്യവസ്ഥ. അങ്ങ് ഇതുവരെ ആ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കിയത് പറയാത്തത് കൊണ്ടാണ് ഞാൻ ഈ ഒബ്ജക്ഷൻ റെയ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ:—സമയം വൈകിയത് ഭേദഗതി ചെയ്തിരിക്കുന്നു. ബിൽ അവതരിപ്പിച്ചിരിക്കുന്നു.

Minister for Finance (**Shri Thachady Prabhakaran**): Sir, I move that the Kerala Appropriation (No. 10) Bill, 1986, be taken into consideration.

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ):—സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

Minister for Finance (**Shri Thachady Prabhakaran**):—Sir, I move that the Kerala Appro riation (No. 10) Bill, 1986, be finally passed.

ശ്രീമതി കെ.ആർ. ഗൗരി: സർ, ബിൽ അവതരിപ്പിക്കുമ്പോഴും സാധാരണ സംസാരിക്കാൻ സമയം കൊടുക്കുക പതിവാണ്. ഉടനെ ഇത്ര ധൃതിപിടിച്ച് 'ഫൈനലി പാസ്ഡ്', 'ഫൈനലി പാസ്ഡ്' എന്നു പറഞ്ഞാൽ ചർച്ചയ്ക്ക് ആളു വിളിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: വിളിച്ചല്ലോ.

ശ്രീമതി കെ.ആർ. ഗൗരി: അങ്ങ് വെറുതെ ഇരിക്കുകയാണ്. ബിൽ അവതരിപ്പിക്കുമ്പോ ചാടിയെഴുന്നേറ്റ് ഞാൻ ഒപ്പോസ് ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ട് പ്രസംഗിക്കണമോ?

LIBRARY ARCHIVES Kerala Legislative Assembly